# സത്യദൂതൻ

2017 സെപ്തംബർ | ലക്കം 9

വില ₹ 30




## വ്യക്തിയും സമൂഹവും

## സ്വകാര്യത മൗലികാവകാശം

# ജർമനി അഹ്‌മദിയ്യാ സമ്മേളനത്തിന്റെ വിവിധ ദൃശ്യങ്ങൾ
























The Sathyadoothan Monthly


لا إله إلا الله محمد رسول الله

# സത്യദൂതൻ

2017 സെപ്തംബർ
ഹി.ശ.1396 – തബൂഖ്
1438 ദുൽഹജ്ജ് – മുഹറം
പുസ്തകം 89 ലക്കം 9
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം






**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**തിരുനബി(സ) യുടെ ഉൽകൃഷ്ടതകൾ സ്വാംശീകരിക്കുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 ആഗസ്റ്റ് 25ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**12**
**ഭയഭക്തിയാണ് നന്മയുടെ നാരായ വേര്**
ഹദ്റത്ത് അഹ്മദ്(അ)

**16**
**ആത്മീയ തരംഗ പ്രഭാവം**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**21**
**വ്യക്തിയും സമൂഹവും**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

സമൂഹം കൂടുതൽ സംഘടിതമാവുകയും വികസിക്കുകയും ചെയ്യുമ്പോൾ അത് കൂടുതൽ അധികാര കേന്ദ്രിതമാവുന്നു. തുടർന്ന് വ്യക്തിയുടെ സ്വാതന്ത്ര്യത്തിനും അവകാശത്തിനും നഷ്ടം സംഭവിക്കുകയും വ്യക്തി കൂടുതൽ നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നു. മറ്റുജീവികളുടെ സംഘടിത ജീവിതത്തിൽ വ്യക്തിയും സമൂഹവുമായി ഇത്തരം സംഘർഷങ്ങളില്ല. അത് കൂടുതൽ നൈസർഗികമാണ്.

**25**
**യുദ്ധ ഭീകരതക്കെതിരെ**
എ. എം. മുഹമ്മദ് സലീം

**33**
**നുബുവ്വത്ത്: എം.എം. അക്ബറിന്റെ ആരോപണങ്ങൾക്ക് മറുപടി**
യാസർ അറഫാത്ത്.ആർ.എം

**35**
**ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ – 11**
ഇബ്നു വഫ കോഴിക്കോട്

**41**
കുറിപ്പുകൾ
**സ്വകാര്യത മൗലികാവകാശം**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



ബോധനം വഴിക്കോ അല്ലെങ്കിൽ ഒരു മറയുടെ പിന്നിൽ നിന്നോ അതുമല്ലെങ്കിൽ ഒരു ദൂതനെ അയച്ച് അവന്റെ കൽപ്പന പ്രകാരം അവനുദ്ദേശിക്കുന്നത് അദ്ദേഹത്തിന് (ആ ദൂതൻ) ബോധനം നൽകുകയോ ചെയ്യുന്ന മാർഗേണയല്ലാതെ ഒരു മനുഷ്യനോടും അല്ലാഹു സംസാരിക്കുകയുണ്ടാവില്ല. തീർച്ചയായും അവൻ സർവോന്നതനും അഗാധജ്ഞനുമാണ്. (വിശുദ്ധ ഖുർആൻ 42:52)



## നബിവചനം

ഓരോ ശിശുവും ജനിക്കുന്നത് ദിവ്യമായ പ്രകൃതിയോടു കൂടിയാണ്. അവന്റെ രക്ഷിതാക്കളാണ് അവനെ ജൂതനോ ക്രിസ്ത്യാനിയോ ആക്കിതീർക്കുന്നത്. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

### ദൈവം സ്വയം വെളിപ്പെടുന്നു

അനാദ്യന്തനും അദൃശ്യനുമായ ദൈവം പണ്ടേ തന്റെ വ്യക്തവും അനുഗ്രഹപൂർണവുമായ വചനങ്ങൾ മൂലം സാന്നിദ്ധ്യത്തെ വെളിപ്പെടുത്തുകയും അതു വഴി ജനങ്ങളെ തന്നിലേക്ക് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യന്റെ പ്രയത്നം ഇല്ലായിരുന്നുവെങ്കിൽ നിത്യനും സനാതനുമായ പ്രപഞ്ചാധീശൻ അവന്റെ സൃഷ്ടികൾക്ക് ഒരിക്കലും അറിയപ്പെടുകയില്ലായിരുന്നുവെന്നോ ഈ വിഷയത്തിൽ ദൈവം മനുഷ്യന് കടപ്പെട്ടിരിക്കുന്നുവെന്നോ തത്ത്വജ്ഞാനികൾ ഇല്ലായിരുന്നുവെങ്കിൽ പ്രപഞ്ചകർത്താവ് അജ്ഞാതനായി തന്നെ ഇരിക്കുകയായിരുന്നുവെന്നോ വിചാരിക്കുന്നുവെങ്കിൽ അതു വലിയ ധിക്കാരമാണെന്നു വേണം പറയാൻ.
(ഇസ്ലാം മതത്ത്വജ്ഞാനം)



എഡിറ്റോറിയൽ

# ആരാണ് ദൈവം

മനുഷ്യൻ ആരാധിക്കേണ്ട സത്യദൈവത്തെ പറ്റി വ്യക്തവും ശക്തവുമായ അദ്ധ്യാപനങ്ങളുള്ള മതമാണ് ഇസ്‌ലാം. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ സമ്പൂർണമാണ്. മനുഷ്യന്റെ യുക്തിക്കും പ്രകൃതിക്കും സാമാന്യ ബോധത്തിനും നിരക്കുന്ന ദൈവ സങ്കൽപ്പമാണ് ഇസ്‌ലാം മതം അവതിപ്പിക്കുന്നതും പ്രബോധിക്കുന്നതും. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: ***ഇസ്‌ലാമിന്റെ ദൈവം പ്രകൃതി നിയമത്തിന്റെ ദർപ്പണത്തിൽ പ്രതിഫലിക്കുന്ന അതേ ദൈവമാണ്. പ്രകൃതി ശാസ്ത്രങ്ങളിലും നമുക്കത് തിരിച്ചറിയാം. മനുഷ്യഹൃദയത്തിലും മനുഷ്യബോധത്തിലും ആകാശങ്ങളിലും ഭൂമിയിലും പ്രകാശിതമാകുന്ന ആ ദൈവത്തെയല്ലാതെ മറ്റൊരു ദൈവത്തേയും ഇസ്‌ലാം അവതരിപ്പിക്കുന്നില്ല.*** *(മജ്മഉൽ ഇശ്തിഹാറാത്ത്, 310-311)* ദൈവത്തിന്റെ സത്തയിലേക്കും സൗന്ദര്യത്തിലേക്കുമുള്ള ആകർഷണം മനുഷ്യനിൽ പ്രകൃതിയിൽ തന്നെ അന്തർലീനമാണ്. ആ പ്രേമം മറ്റു ദൈവേതരമായ മൂർത്തികളിൽ ഉടക്കി നിന്ന് ദൈവത്തെ മനുഷ്യൻ വിസ്മരിക്കുന്നു. ഖുർആൻ പറയുന്നു:

***'അവനാണ് അല്ലാഹു. അവനല്ലാതെ മറ്റൊരാരാധ്യനുമില്ല. പരോക്ഷമായതും പ്രത്യക്ഷമായതും അറിയുന്നവൻ. പരമകാരുണികനും കരുണാമയനും അവൻ തന്നെയാണ്. അവനാണ് അല്ലാഹു അവനല്ലാതെ മറ്റൊരാരാധ്യനില്ല. മഹാരാജാവും പരമ പരിശുദ്ധനും സമാധാന സാമ്രാട്ടും അഭയദാതാവും രക്ഷാപരിപാലകനും പ്രതാപവാനും സർവരേയും അടക്കിഭരിക്കുന്നവനും മഹാപ്രഭാവനുമാണവൻ. അവർ പങ്കുചേർക്കുന്നതിൽ നിന്ന് അല്ലാഹു എത്രയും പരിശുദ്ധൻ. അവൻ, സ്രഷ്ടാവും ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കുന്നവനും രൂപസന്ദായകനുമായ അല്ലാഹുവാകുന്നു. ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ അവനുള്ളതാണ്. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. അവൻ പ്രതാപവാനും അഗാധജ്ഞനുമാണ്.' (വി.ഖു 59: 23-25)***

മനുഷ്യന് അളക്കാൻ കഴിയാത്ത വിധം വിശാലമായ ഈ ബ്രഹ്മാണ്ഡ കടാഹവും ഇത്പോലെ അമേയമായ മറ്റനേകം പ്രപഞ്ചങ്ങളും സൃഷ്ടിച്ചു പരിപാലിക്കുന്നവനാണ് ദൈവം. അതുകൊണ്ട് തീർച്ചയായും അനന്തശക്തിയും അനന്തജ്ഞാനവും കാലാതീതനും സ്വയംഭൂവുമായ ഒരു അസ്തിത്വത്തിന് മാത്രമേ ദൈവമാകാനുള്ള യോഗ്യതയുള്ളൂ. ഭൗതികാതീതനായ ആ ദൈവം അദൃശ്യനുമായിരിക്കണം. ആരാധനക്ക് അർഹനായ ആ ശക്തി ഈദൃശ ഗുണങ്ങൾ ഉള്ളവനായിരിക്കണം. ഭൗതികങ്ങളായ സൃഷ്ട വസ്തുക്കളെ തിരിച്ചറിയുന്നതിനായുള്ള നമ്മുടെ സംവേദന ഗ്രാഹികൾ കൊണ്ടല്ല ദൈവത്തെ അറിയേണ്ടത്. ഈയൊരു ലളിത സത്യം മനുഷ്യന് മനസ്സിലാവുന്നില്ല എന്നത് ദൗർഭാഗ്യകരമാണ്. മനുഷ്യൻ അവന്റെ ശാരീരികാവശ്യത്തിനുള്ള പഞ്ചേന്ദ്രിയങ്ങൾക്ക് അറിയാൻ കഴിയുന്ന പ്രത്യക്ഷ വസ്തുക്കളിലും മൂർത്തികളിലും ദൈവത്തെ അന്വേഷിക്കുന്നു. അവന്റെ ദൈവികാന്വേഷണം പലപ്പോഴും ഭൗതിക വസ്തുവല്ലാത്ത അദൃശ്യനായ ദൈവത്തിലേക്ക് തിരിയുന്നില്ല. അതുകൊണ്ട് കേവലം പ്രകൃതിനിയമങ്ങൾക്ക് വിധേയനും ബലഹീനനും നമ്മെ പോലെ വിശക്കുകയും വിസർജിക്കുകയും വേദനിക്കുകയും രോഗവും ജാരണവും മരണവും ബാധിക്കുന്നവനുമായ മനുഷ്യനെ ദൈവമായോ ദൈവഗുണങ്ങളുള്ളവനായോ ദൈവത്തിന്റെ ഭാഗമായോ അവൻ കണ്ടെത്തുന്നു. പാവനവും ഉന്നതവുമായ മതതത്ത്വജ്ഞാനത്തിന് വിരുദ്ധമാണിത്.

ദൈവത്തിന്റെ അനുഭമവും അനന്യവുമായ ഈ ഗുണങ്ങൾ എല്ലാ മതങ്ങളും ഉദ്ഗാനം ചെയ്തിട്ടുണ്ട്. ഗീതാവചനം ഇങ്ങനെയാണ്:

***'യചാപി സർവ്വഭൂതാനാം ബീജം തദഹമർജ്ജുന, ന തദസ്തി വിനാ യത്സ്യാന്മയാ ഭൂതം ചരാചരം' =(ശ്രീകൃഷ്ണൻ) പറഞ്ഞു: 'അല്ലയോ അർജ്ജുന! ഞാനാണ് എല്ലാ അസ്തിത്വത്തേയും ഭവിപ്പിച്ചവൻ (സൃഷ്ടിച്ചവൻ). ഞാനല്ലാതെ സ്ഥാവരമോ ജംഗമമോ ആയ യാതൊരു ഭുതത്തിനും അസ്തിത്വമില്ല.' (ഭഗവത് ഗീത 19:39). 'അവനല്ലാതെ മറ്റൊരു ദൈവമില്ല എന്ന് നീ ഗ്രഹിക്കാനാണ് ഇതെല്ലാം നിനക്ക് കാട്ടിതന്നത്' (വിശുദ്ധ ബൈബിൾ, ആവർ: 4:35). 'പറയുക: അവൻ അല്ലാഹുവാകുന്നു. ഏകൻ അല്ലാഹു സർവാധി നാഥനാണ്. അവൻ ജാതനല്ല ജനകനുമല്ല. അവനു സമാനമായി ആരുമില്ല.' (വിശുദ്ധ ഖുർ ആൻ 112:1-4)***



ഹദ്റത്ത് അഹ്മദ് (അ)

# ദൈവത്തോടുള്ള അനുരക്തിക്ക് എന്താണ് കാരണം

മനുഷ്യ പ്രകൃതിയിൽ ലീനമായിക്കിടക്കുന്ന ബോധശക്തികളിൽ ഒന്നാകുന്നു സർവസമർഥമായ ഒരു സത്തയെക്കുറിച്ചുള്ള അന്വേഷണ ബുദ്ധി. ആ പരമാർഥ സത്തയിലേക്ക് മനുഷ്യനെ പ്രേരിപ്പിക്കുന്ന ഒരു ആകർഷണ ശക്തി ഹൃദയാന്തരങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നുണ്ട്. ഈ ആകർഷണത്തിന്റെ അഥവാ അന്വേഷണ ബുദ്ധിയുടെ ചിഹ്നം ശിശുവിൽ അതിന്റെ ജനനത്തോടുകൂടി തന്നെ പ്രകാശിച്ചു തുടങ്ങുന്നു. ജനിച്ചു വീണ ഉടനെ അതിന്റെ ജന്മസിദ്ധമായ ആത്മ ബോധത്താൽ പ്രേരിതമായി മാതാവിന്റെ നേർക്ക് ചായുന്നു. പ്രകൃത്യാ തന്നെ അതിന് തള്ളയോട് പ്രത്യേക സ്നേഹമുള്ളതായി കാണാം. അതിന്റെ അന്തർബോധങ്ങളും ശക്തികളും വികസിച്ചു വരുന്തോറും ഈ പ്രകൃതി ഗുണം പൂർവാധികം പ്രകാശിച്ചുകൊണ്ടിരിക്കും. ഒടുവിൽ അന്തർ നിക്ഷിപ്തമായ ഈ സ്നേഹശക്തി സ്പഷ്ടമായ നിലയിൽ വെളിപ്പെടുന്നു. അപ്പോൾ സ്വമാതാവിന്റെ സ്നേഹമസൃണമായ ലാളനാലിംഗനങ്ങളാലാണ് അതുപൂർണമായ സമാധാനവും സ്വസ്ഥതയും അനുഭവിക്കുക. തള്ളയുടെ അടുക്കൽ നിന്ന് വേർപെടുത്തപ്പെടുന്ന പക്ഷം അതിന്റെ സന്തോഷ സംതൃപ്തികൾ സന്താപങ്ങളായി മാറിപ്പോകുന്നു. ഈ ദുഖം മറ്റൊരനുഗ്രഹവും മൂലം പരിഹരിക്കപ്പെടുന്നതല്ല. മാതാവിന്റെ മാറിടത്തിലല്ലാതെ അതിന് യഥാർഥമായ സമാധാനവും സംതൃപ്തിയും അനുഭവമാകുന്നില്ല. ഇപ്രകാരം ശിശുവിനെ മാതൃനികടത്തിലേക്ക് വലിച്ച് കൊണ്ടു പോകുന്ന ആകർഷണ ശക്തി എന്തായിരിക്കാം? അത് യഥാർഥ ഭക്ത്യാരാധനകൾക്കർഹനായ സൃഷ്ടികർത്താവിലേക്ക് മനുഷ്യനെ തിരിച്ചുവിടുന്നതിന് ശിശു പ്രകൃതിയിൽ നിക്ഷിപ്തമായിരിക്കുന്ന സ്നേഹശക്തിയല്ലാതെ മറ്റൊന്നുമല്ല.


മനുഷ്യൻ ബാഹ്യവസ്തുക്കളിൽ സ്നേഹബന്ധം പ്രദർശിപ്പിക്കുമ്പോഴെല്ലാം ഈ ആകർഷണ ശക്തി തന്നെയാണ് അവനിൽ പ്രവർത്തിക്കുന്നത്. അവൻ ഏത് വസ്തുവിൽ സ്നേഹം കാണിക്കുന്നതായാലും ഇതേ ആകർഷണ ശക്തിയാണ് പ്രതിഫലിക്കുന്നത്. ഇങ്ങനെ അവൻ ബാഹ്യവസ്തുക്കളിൽ പ്രേമം കാട്ടുന്നത് പരമാർഥമായ ലക്ഷ്യവസ്തുവിനെ തിരയുന്നതിനായുള്ള ഈ സ്വാഭാവിക ബോധത്താൽ പ്രേരിതമായിട്ടാണെന്ന് പറയാം. കളഞ്ഞു പോയതും പേരു പോലും മറന്നു പോയതുമായ ഒരു സാധനം തിരഞ്ഞു നടക്കുന്നവൻ തന്റെ ദൃഷ്ടിക്ക് ലക്ഷീഭവിക്കുന്ന ഓരോ വസ്തുവിലും അതിനെ അന്വേഷിക്കുന്നത് പോലെയാണ് മനുഷ്യൻ ബാഹ്യവസ്തുക്കളിലെല്ലാം തന്നെ ലക്ഷ്യവസ്തുവിനെ തിരയുന്നത്. അതിനാൽ അവന് ധനത്തിലും സന്താനത്തിലും ഭാര്യയിലുമുള്ള സ്നേഹവും മാധുര്യമേറിയ സ്വരവിശേഷത്തിലുമുള്ള താൽപര്യമെല്ലാം സൂചിപ്പിക്കുന്നത് അജ്ഞാതമായ ആ പ്രേമലക്ഷ്യത്തെ സംബന്ധിച്ചുള്ള അന്വേഷണമാണ്. എന്നാൽ സർവ വസ്തുക്കളിലും ഊഷ്മാവെന്നപോലെ പരോക്ഷമായി സ്ഥിതി ചെയ്യുന്ന അത്യന്തം സൂക്ഷ്മവും നിഗൂഢവുമായ ആ സർവ ശക്തിയെ മനുഷ്യന്റെ ബാഹ്യദൃഷ്ടിക്ക് കാണുവാനോ അപൂർണമായ ബുദ്ധിശക്തിക്ക് പ്രാപിക്കുവാനോ സാധ്യമല്ല. അതിനാൽ ആ അവ്യക്ത ശക്തിയെ തിരിച്ചറിയുന്ന വിഷയത്തിൽ മനുഷ്യന് വലിയ അബദ്ധങ്ങൾ പിണഞ്ഞു പോയിട്ടുണ്ട്. ഈ അബദ്ധങ്ങൾ മൂലമാണ് അരൂപനായ സൃഷ്ടികർത്താവിന് മാത്രം അവകാശപ്പെട്ട ശക്തിഭാവങ്ങൾ സൃഷ്ടവസ്തുക്കളിൽ അർപ്പിക്കപ്പെടുമാറായിരിക്കുന്നത്.

***(ഇസ്‌ലാംമത തത്ത്വജ്ഞാനം)***

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 ആഗസ്റ്റ് 25ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

വിവ. മുഹമ്മദ് ഇസ്മായിൽ, ആലപ്പി.

# തിരുനബി(സ) യുടെ ഉൽകൃഷ്ടതകൾ സ്വാംശീകരിക്കുക




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഇന്ന് നമ്മൾ ഇവിടെ ജൽസയിൽ പങ്കെടുക്കാൻ സംഘടിച്ചിരിക്കുകയാണ്. ഈ സംഘാടനം ഭൗതികമായ ഏതെങ്കിലും വ്യവഹാരത്തിന് വേണ്ടിയോ ഐഹികമായ ഉദ്ദേശ്യത്തിനോ അല്ലെന്ന് എല്ലാ അഹ്മദികൾക്കുമറിയാം. മറിച്ച് നമ്മൾ സംഘടിച്ചിരിക്കുന്നത് ഇവിടത്തെ പരിപാടികളിൽ പങ്കെടുത്ത് ഒരു ആത്മീയമായ അന്തരീക്ഷത്തിൽ വ്യാപൃതരായി നമ്മുടെ ആത്മീയതയെ വർധിപ്പിക്കുന്നതിനാണ്. നമ്മുടെ വൈജ്ഞാനികമായ അറിവുകൾ വർധിപ്പിക്കുന്നതിനാണ്. നമ്മുടെ വിശ്വാസാദർശപരമായ അവസ്ഥ മെച്ചപ്പെടുത്തുന്നതിനാണ്. നമ്മുടെ കർമപരമായ അവസ്ഥകളിൽ ഉന്നതി ഉണ്ടാക്കുന്നതിനാണ്. അല്ലാഹുവിനോടുള്ള തഖ്‌വാ സ്വീകരിക്കുന്നതിനാണ്. അല്ലാഹുവിനോടും അവന്റെ ദാസരോടുമുള്ള കടമകൾ നിറവേറ്റുന്നതിനാണ്. അതിനാൽ ഈ ജൽസയിൽ പങ്കെടുക്കുന്നതിന്റെ ഉദ്ദേശത്തെ പറ്റി നമുക്ക് സദാ ബോധം ഉണ്ടാവേണ്ടതാണ്.

വിശ്വാസാദർശങ്ങളുടെ സ്വാധീനം കർമങ്ങളിലുമുണ്ടാകുന്നു എന്ന വസ്തുത ഉണർത്തിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:"ഇസ്‌ലാമിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന് അല്ലാഹുവിനോടൊപ്പം ആരേയും പങ്കാളിയാക്കാതിരിക്കുക എന്നതാണ്. അവന്റെ ഔദാര്യങ്ങൾക്കു പകരമായി അവനെ പൂർണമായും അനുസരിക്കുക. സൃഷ്ടികളുടെ അവകാശങ്ങൾ തിരിച്ചറിഞ്ഞ് പൂർണമായും അത് നിറവേറ്റുക എന്നതാണ് രണ്ടാമത്തെ ഭാഗം.'' അവിടുന്ന് തുടരുന്നു: "ഏതൊരു മനുഷ്യനാണോ സത്യസന്ധവും അന്യൂനവു

മായ വിശ്വാസം കൈക്കൊള്ളു കയും അല്ലാഹുവിനോടൊപ്പം ആരേയും പങ്കാളിയാക്കാതിരിക്കു കയും ചെയ്യുന്നത് അവനിൽനിന്ന് സ്വയമേവ സൽകർമങ്ങളായിരിക്കു മുണ്ടാകുന്നത്. ഇക്കാരണത്താലാണ് മുസ്‌ലീംകൾ സത്യസന്ധമായ വിശ്വാസം ഉപേക്ഷിച്ചപ്പോൾ ദജ്ജാൽ തുടങ്ങിയവയെ ദൈവ മായി വിശ്വസിക്കാൻ തുടങ്ങിയത്.”

വമ്പൻ ഭരണകൂടങ്ങളും ഭൗതികമായ ശക്തികളെ ദൈവമായി വിശ്വസിക്കാൻ തുടങ്ങിയിരിക്കുന്നു. അവരുടെ വലയത്തിൽ വീഴാൻ തുടങ്ങിയിരിക്കുകയാണ്. ഇത് ഈയി ടെയായി എല്ലായിടത്തും കണ്ടുവരു ന്നുണ്ട്. വ്യക്തികൾ തുടങ്ങി മുസ്‌ലിം ഭരണകൂടങ്ങൾവരെയുള്ള വരുടെ അവസ്ഥ ഇതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: “**അൽഖയ്റു കുല്ലുഹു ഫിൽ ഖുർ ആൻ** എന്ന് അല്ലാഹു എന്നോടു ആവർത്തിച്ചാവർത്തിച്ച് പറയുകയു ണ്ടായി. അല്ലാഹു ഏകനും പങ്കുകാ രനില്ലാത്തവനുമാണെന്നത് അതിന്റെ പാഠമാണ്. എന്താണോ വിശുദ്ധ ഖുർആൻ പറഞ്ഞത് അത് തികച്ചും സത്യമാണ്. എല്ലാ നന്മ കളും വിശുദ്ധഖുർആനിൽ അന്വേ ഷിക്കുക. അല്ലാഹുവിനെ ആരാധി ക്കുക. അവനോടുള്ള കടമ നിറവേ റ്റുക. മനുഷ്യരോടുള്ള കടമകളും നിറവേറ്റുക.”

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:“അല്ലാഹുവിനെക്കു റിച്ചുള്ള തിരിച്ചറിവ് ഉണ്ടാക്കുക എന്നതുതന്നെയാണ് ഈ ജമാ അത്ത് സ്ഥാപിച്ചതിന്റെ ഉദ്ദേശ്യം. ദുആയുടേയും ആരാധനയുടേയും യാഥാർഥ്യത്തെ കുറിച്ച് അറിവുണ്ടാ കുക.” ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:‘‘പ്രവർത്തന മില്ലാതെ ദുആ മാത്രം ചെയ്യുന്നത് പ്രാഥമികമായി തെറ്റാണ്. ഇപ്രകാരം തന്നെ പ്രവർത്തിച്ചാൽമാത്രംമതി യെന്ന് മനസ്സിലാക്കുന്ന രണ്ടാമനും മുൽഹദ് അഥവാ നാസ്തികനാണ്. ദുആയും പ്രവർത്തനവും കൂട്ടി ച്ചേർത്തു കൊണ്ടുപോകുന്നതാണ് ഇസ്‌ലാം.”

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:“പാപത്തിൽനിന്നും അശ്രദ്ധയിൽനിന്നും രക്ഷപ്പെടുന്ന തിന് എത്രത്തോളം പ്രവർത്തനം ആവശ്യമാണോ അത്രത്തോളം പ്രവർത്തിക്കുക. എത്രത്തോളം ദുആ ആവശ്യമാണോ അത്ര ത്തോളം ദുആ ചെയ്യുക. ഇതുകൊ ണ്ടാണ് വിശുദ്ധ ഖുർആനിന്റെ ആദ്യ അധ്യായമായ സൂറ ഫാതി ഹായിൽത്തന്നെ ഈ രണ്ടുകാര്യങ്ങ ളേയും മുന്നിൽവച്ചുകൊണ്ട് പറ ഞ്ഞിട്ടുള്ളത്. സത്യവിശ്വാസി **ഇയ്യാക്ക നഅ്ബുദു** എന്നു പറയു മ്പോൾ അതായത് ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നുവെന്ന് പറയു മ്പോൾ ഉടനെ അല്ലാഹുവിന്റെ ഫള്‌ലും കറമും(കൃപയും ദയയും) കൂടാതെ അവനെ ആരാധിക്കാൻ തക്കവണ്ണം താൻ എന്തു വസ്തു വാണെന്നുള്ള ചിന്ത അവന്റെ മന സ്സിൽ ഉണ്ടാകുന്നത്. അതുകൊണ്ട് അവൻ ഉടനെ പറയുന്നു, **ഇയ്യാക്ക നസ്തഈൻ**. സഹായവും നിന്നിൽനിന്നുതന്നെ ആഗ്രഹിക്കു ന്നു. ഇത് ഒരു അതിസൂക്ഷ്മമായ **മസഅല** യാണ്. ഇതിനെ ഇസ്‌ലാമ ല്ലാതെ മറ്റൊരു മതവും മനസ്സിലാ ക്കിയിട്ടില്ല. എന്നാൽ, ഇക്കാലത്തെ ജനങ്ങളുടെ അവസ്ഥയെന്താണെ ന്നാൽ അവർ പ്രവർത്തനങ്ങൾ നട ത്താറുണ്ട് പക്ഷേ, പ്രാർഥനയിൽ അശ്രദ്ധരാകുന്നതായിട്ടാണ് കാണു ന്നത്. **ഭൗതികപൂജ** എത്രമാത്രം വർധിക്കുന്നുവെന്നാൽ ഭൗതിക മായ മാർഗങ്ങളെത്തന്നെ ദൈവമാ ക്കിയിരിക്കുകയാണ്. പ്രാർഥനയെ പരിഹസിക്കുന്നു. അതിനെ ഒരു പാഴ്‌വേലയായി നിശ്ചയിച്ചിരിക്കു ന്നു. ഈ എല്ലാ സ്വാധീനവും യൂറോ പ്യൻ അനുകരണം കൊണ്ടുണ്ടായ താണ്. ലോകത്ത് വ്യാപിച്ചുകൊണ്ടി രിക്കുന്ന ഭയങ്കരവിഷമാണിത്. എന്നാൽ, ഈ വിഷത്തെ അകറ്റാൻ അല്ലാഹു ഇച്ഛിക്കുന്നു. അങ്ങനെ ഈ ജമാഅത്തിനെ അവൻ ഇതി നായി സ്ഥാപിച്ചു.”

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:‘‘എല്ലാവരും ഓർത്തുകൊള്ളുക! ആചാരപരമായ നിലയിൽ ബയ്അത്തിൽ പ്രവേശി ക്കുന്നതോ എന്നെ ഇമാമെന്ന് മന സ്സിലാക്കുന്നതോ മാത്രം ഒരിക്കലും മോക്ഷത്തിന് മതിയായതല്ല. കാരണം അല്ലാഹു മനസ്സുകളെ യാണ് നോക്കുന്നത്. പറയുന്ന കാ ര്യങ്ങൾ മാത്രം അവൻ നോക്കാറി ല്ല. മോക്ഷത്തിന് അല്ലാഹു ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടു ള്ളത് നിർബന്ധമാണ്. അതെന്താ ണെന്നാൽ, ഒന്നാമതായി സത്യഹൃ ദയത്തോടുകൂടി അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനു മായി മനസ്സിലാക്കുക. നബി(സ)തി രുമേനിയെ സത്യവാനായ നബി യായി ദൃഢമായും വിശ്വസിക്കു കയും വിശുദ്ധ ഖുർആനെ അല്ലാ ഹുവിന്റെ ഗ്രന്ഥമായി മനസ്സിലാക്കു കയും ചെയ്യുക. അത് എങ്ങനെയു ള്ള ഗ്രന്ഥമാണെന്നുവച്ചാൽ ഖിയാ മത്തുന്നാൾവരെ ഇനി മറ്റൊരു ഗ്രന്ഥമോ ശരീഅത്തോ വരികയി ല്ല.”

ഹദ്റത്ത് മസീഹ് മൗഊദ് (അ) വന്ന് പുതിയൊരു ജമാഅത്ത് രൂപീകരിക്കേണ്ട ആവശ്യമെന്താ ണെന്ന് പറഞ്ഞ് ധാരാളമാളുകൾ ആക്ഷേപമുന്നയിക്കാറുണ്ട്. പറ യുന്നു: ‘‘കാരണം ഈമാനികാ വസ്ഥ ബലഹീനമായി ബലഹീന മായി എത്രത്തോളമെത്തിയെന്നാൽ, ഈമാനികശക്തി തികച്ചും ഇല്ലാ തായി പോയിരിക്കുന്നു. യഥാർഥ ഈമാനിന്റെ ആത്മാവ് ഊതാൻ അല്ലാഹു ആഗ്രഹിക്കുന്നു. അത് ഈ ജമാഅത്തുമുഖേനയാണ് അവൻ ആഗ്രഹിച്ചിട്ടുള്ളത്. ഈ രീതിയിൽ അവരുടെ ആക്ഷേപം അനുചിതവും നിരർഥവുമാണ്. അതുകൊണ്ട് ഓർമിക്കുക, അത്തരം ദുർബോധനം ഒരിക്കലും ആരുടേയും മനസ്സിൽ വരരുത്. പൂർണമായ ആലോചനയോടും ചിന്തയോടുംകൂടി പ്രവർത്തിക്കുക യാണെങ്കിൽ ഈ ദുർബോധനം വരികതന്നെയില്ല. നാം യഥാർഥമായ സമാധാനം ഉണ്ടാക്കാനാഗ്രഹിക്കു

ന്നു. അത് മനുഷ്യനെ പാപത്തിന്റെ മരണത്തിൽനിന്ന് രക്ഷിക്കുന്നതാണ്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊണ്ടുനടക്കുന്ന പീർമാരിൽ ഇക്കാര്യങ്ങളില്ല. അവരുടെ ദൃഷ്ടി ബാഹ്യത്തിലാണ്. യാഥാർഥ്യത്തിലല്ല. അവരുടെ കൈയിലുള്ളത് പുറന്തോടാണ്. അതിൽ കാമ്പില്ല."

അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവിന്റെ ഉദ്ദേശ്യം അല്ലാഹുവുമായുള്ള യഥാർഥബന്ധം ഉണ്ടാക്കിത്തരിക എന്നതാകുമ്പോൾ, നബി(സ)തിരുമേനിയുടെ മഹത്വത്തിന്റെ തിരിച്ചറിവ് ഉണ്ടാക്കിത്തരിക എന്നതാകുമ്പോൾ, വിശുദ്ധ ഖുർആനിന്റെ ഭരണം നമ്മുടെമേൽ നടപ്പിൽവരുത്തുക എന്നതാകുമ്പോൾ ആ മഹാത്മാവിനെ വിശ്വസിക്കുന്ന നമ്മൾ നമ്മുടെ വിശ്വാസപരവും കർമപരവുമായ അവസ്ഥകളുടെ പരിഷ്കരണവും അതനുസരിച്ച് നടത്തേണ്ടതാണ്. പിന്നീട് നമ്മുടെ ബയ്അത്ത് യഥാർഥമായ വർണം ചാർത്തുന്നതാണോ അതല്ല വെറും അധരചലനം മാത്രമാണോ എന്നും നോക്കേണ്ടതായിവരും. നമ്മുടെ ആരാധനകൾ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് മനസ്സിലാക്കിക്കൊണ്ടു അവനുളളത് മാത്രമാണോ? ധാരാളം അഹ്മദികളിൽ അഞ്ചുനേര നമസ്കാരം അനുഷ്ഠിക്കാത്തവരുമുണ്ട്. കൂടിക്കാഴ്ച നടത്തുമ്പോൾ തങ്ങളും നമസ്കാരം അനുഷ്ഠിക്കുന്നവരാകാൻ ദുആ ചെയ്യുക എന്ന് പറയാറുമുണ്ട്. ഇതൊരു അടിസ്ഥാനപരമായ കാര്യമാണ്. എല്ലാ അഹ്മദികളുടേയും നിർബന്ധ കടമയാണ്. എല്ലാ മുഅ്മിന്റേയും നിർബന്ധ കടമയാണ്. എല്ലാ മുസ്‌ലീംകളുടേയും നിർബന്ധ കടമയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്തതിനുശേഷം താല്പര്യത്തോടുകൂടി, അഭിവാഞ്ചയോടുകൂടി നമസ്കാരം അനുഷ്ഠിക്കേണ്ടതാണ്. നമസ്കാരങ്ങൾ അഞ്ചു നേരം നമസ്കരിക്കാതിരിക്കലല്ല. തങ്ങൾക്ക് നമസ്കരിക്കാൻ കഴിയുന്നതിന് ദുആചെയ്യുകയെന്ന്. നമസ്കരിക്കുന്നില്ലെന്ന് സ്വയം ബോധ്യമായ സ്ഥിതിക്ക് എന്തെങ്കിലും ഉപായം നോക്കേണ്ടതായിവരും. സ്വയം പരിശ്രമിക്കേണ്ടതായിവരും. എന്തുകൊണ്ട് സ്വയം പരിശ്രമിക്കുകയും ദുആ ചെയ്യുകയും ചെയ്യുന്നില്ല? **ഇയ്യാക്ക നഅ്ബുദു ഇയ്യാക്ക നസ്തഈൻ** എന്നു പറയുമ്പോൾ കേവലം വായകൊണ്ടു പറയുന്നതിനു പകരം ആ വാക്കുകളെ മനസ്സിന്റെ അടിത്തട്ടിൽ ആവർത്തിച്ചുകൊണ്ട് അതനുസരിച്ചു എന്തുകൊണ്ട് പ്രവർത്തിക്കുന്നില്ല? നബി(സ)തിരുമേനിയെ സത്യവാനായ നബിയായി വിശ്വസിച്ച സ്ഥിതിക്ക് അവിടത്തെ എല്ലാ കർമവും നമുക്ക് സൽമാതൃകയാണ്. ആരാധനകളോടൊപ്പം അവിടത്തെ ഉൽകൃഷ്ട സ്വഭാവങ്ങളും മാതൃകയാണ്. സാമൂഹികമായ ബന്ധങ്ങളുണ്ട്. നമുക്കുവേണ്ടി ഭാര്യമാരോടു ഉൽകൃഷ്ടമായ സ്വഭാവമാതൃക അവിടന്ന് സമർപിച്ചു. പക്ഷേ, ധാരാളമാളുകൾ വീടുകളിൽ ഫസാദുകളുണ്ടാക്കുന്നവരാണ്. സ്ത്രീകളുടെ വികാരങ്ങളെ ശ്രദ്ധിക്കണമെന്ന് അവിടന്ന് നമ്മെ പഠിപ്പിച്ചു. കുട്ടികളോടു വാത്സല്യത്തോടു പെരുമാറേണ്ടത് നബി(സ) തിരുമേനി നമ്മെ പഠിപ്പിച്ചു. മറ്റുള്ളവരുടെ പൊതുവായ വികാരങ്ങൾ ശ്രദ്ധിക്കണമെന്ന് നബി(സ)തിരുമേനി നമ്മെ പഠിപ്പിച്ചു. കലഹങ്ങളിൽനിന്നും വഴക്കുകളിൽനിന്നും രക്ഷപ്പെടാൻ അവിടന്ന് നമ്മെ ഉപദേശിക്കുകയും തന്റെ കർമങ്ങൾകൊണ്ടു കാണിക്കുകയും ചെയ്തു. വിശ്വസിച്ചേല്പിച്ചതിൽ വഞ്ചന കാണിക്കരുത്. അതിനെ സംബന്ധിച്ച് കഠിനമായ ഉപദേശമാണ് ഇസ്‌ലാമികാധ്യാപനങ്ങളിലുളളത്. അത് അവിടന്ന് നമുക്ക് ചെയ്തു കാണിച്ചുതന്നു. ഏതുപരിതഃസ്ഥിതിയിലും വിനയവും എളിമയും കാണിക്കണം. സത്യസന്ധതയുടെ ഉന്നതമായ നിലവാരം സ്ഥാപിക്കണം. നബി(സ)തിരുമേനിയിൽ കാണാത്തതായ ഏത് ഉൽകൃഷ്ടമായ സ്വഭാവഗുണമാണുള്ളത്? നമ്മൾ യഥാർഥത്തിൽ നബി(സ)തിരുമേനിയെ സത്യവാനായി വിശ്വസിക്കുന്നുവെങ്കിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അവിടത്തെ ദാസത്വത്തിൽ അയക്കപ്പെട്ട കാലത്തിന്റെ ഇമാമായി വിശ്വസിക്കുന്നുവെങ്കിൽ നമ്മുടെ കർമങ്ങളേയും നമ്മുടെ ആരാധനകളുടെ നിലവാരങ്ങളേയും നമുക്ക് ഉയർത്തേണ്ടതായി വരും. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ കണ്ട്, അതിന്റെ വിധിവിലക്കുകൾ കണ്ട് ഏതേതെല്ലാം സൽകർമങ്ങളാണ് നമ്മൾ ചെയ്യുന്നതെന്നും ഏതാണ് ചെയ്യാത്തതെന്നും നമ്മൾ പരിശോധിക്കേണ്ടതായിവരും. ഏതേതെല്ലാം തിന്മകളാണ് നമ്മൾ ഉപേക്ഷിച്ചുകൊണ്ടിരിക്കുന്നത്. ഏതാണ് നമ്മൾ ഉപേക്ഷിക്കാത്തത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്ഥാനത്തേയും വാദത്തേയും ശരിയായനിലയിൽ തിരിച്ചറിയേണ്ട ആവശ്യമുണ്ട്.

ഇക്കാലഘട്ടം, അത് ദുൻയാവിനെ അല്ലാഹുവിൽനിന്ന് ദൂരത്ത് കൊണ്ടുപോയി. പുരോഗതിയുടെ പേരു പറഞ്ഞ് നിത്യവും, പുലരുന്ന ഓരോ ദിവനവും അകറ്റിക്കൊണ്ടുപോകുന്നതിനുവേണ്ടി ഒരു പുതിയ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ നേരത്ത് തങ്ങളുടെ അല്ലാഹുവുമായിട്ടുള്ള ബന്ധവും അല്ലാഹുവിനെക്കുറിച്ചുള്ള തിരിച്ചറിവും കരസ്ഥമാക്കാൻ ശ്രമിക്കേണ്ടത് അഹ്മദിയുടെ ജോലിയാണ്. ഉദിച്ചുയരുന്ന ഓരോ ദിവസവും ദൈവജ്ഞാനത്തിൽ അഭിവൃദ്ധിപ്പെടുന്നതായിരിക്കണം. നബി(സ)തിരുമേനിയോടുളള അനുരക്തിയും സ്നേഹവും കേവലം നാവുകൊണ്ടുള്ള വാദമായിരിക്കരുത്. അത് മുദ്രാവാക്യത്തിൽമാത്രം ഒതുങ്ങരുത്. മറിച്ച് ആ സ്നേഹത്തിന്റേയും അനുരക്തിയുടേയും പ്രകടനം അവിടത്തെ പരിപാവനമായ മാതൃകയെ സ്വായത്തമാക്കിക്കൊണ്ടാകണം. അവിടത്തെ നാമത്തിൽ മുദ്രാവാക്യം വിളിക്കുകയും അതിനുശേഷം അവിടത്തെ പേരിൽ

അക്രമം ചെയ്യുകയും ചെയ്യുന്നവ രാകരുത്. ഇക്കാലത്തെ മുസ്‌ലീംക ളുടെ അവസ്ഥ ഇതാണ്. ഒരുപാട് സംഘടനകൾ രൂപീകൃതമായിട്ടുണ്ട്. ഭരണകൂടങ്ങളും സംഘടനകളും ഇസ്‌ലാമിന്റേയും നബി(സ)തിരുമേ നിയുടേയും പേരിലാണ് അക്രമം ചെയ്തുകൊണ്ടിരിക്കുന്നത്. മുഴുകാ ലത്തേക്കും കാരുണ്യമായി വന്ന ആ റഹ്‌മത്തുല്ലിൽ ആലമീനെ അവർ തങ്ങളുടെ ചെയ്തികൾകൊണ്ട് അക്രമത്തിന് കുറിമാനമാക്കിയിരി ക്കുന്നു. അവരുടെ ശ്രമങ്ങൾ വിജ യിക്കുകയില്ലെങ്കിലും! കാരണം ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊ ദ്(അ)വന്നിരിക്കുന്നു. ഇസ്‌ലാമിന്റെ യഥാർഥമായ ചിത്രം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കാൻ നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

അതുകൊണ്ട് നമ്മൾ ഈ യഥാർഥ ചിത്രം അവതരിപ്പിക്കുന്ന തിന് അവിടത്തെ എല്ലാ ജീവിതമാ തൃകയേയും സ്വായത്തമാക്കാൻ ശ്രമിക്കേണ്ടതാണ്. വിശുദ്ധ ഖുർആ നിന്റെ ഭരണം നമ്മുടെമേൽ നടപ്പിൽ വരുത്താൻ ശ്രമിക്കേണ്ടതാണ്. നമ്മുടെ എല്ലാ കർമങ്ങളും എപ്പോഴും സൽകർമങ്ങളായിരിക്കാ നുള്ള ശ്രമത്തിലായിരിക്കണം. ശയ്ത്വാനിൽനിന്ന് അകന്നിരി ക്കാനും റഹ്‌മാനോടു അടുത്തിരി ക്കാനും ഓരോ നിമിഷവും ശ്രമി ക്കേണ്ടതാണ്. ഇല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതു പോലെ അന്യരും നമസ്കരിക്കാറു ണ്ട്. പക്ഷേ, അധികവും അവരുടെ നമസ്കാരങ്ങൾ അർശിൽപോ കാതെ ഭൂമിയിൽത്തന്നെ ഇരുന്നു പോകുന്നു. അർശിലെ അല്ലാഹു വിന് ആ നമസ്കാരങ്ങളെകൊണ്ടു ഒരു ഉദ്ദേശ്യവുമില്ല. കാരണം അതിൽ ആത്മാർഥതയില്ല."

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:"അല്ലാഹുവിനോട് സത്യസന്ധവും പരിശുദ്ധവുമായ ബന്ധമുണ്ടാകുമ്പോഴാണ് നമ സ്കാരം യഥാർഥനമസ്കാരം എന്ന് പറയപ്പെടുന്നത്. അല്ലാഹുവിന്റെ വഴിയിൽ ജീവൻവരെ നല്കാനും മരിക്കാനും തയ്യാറാകുംവണ്ണം ദീനിനെ ദുൻയാവിനുമേൽ മുന്തിച്ചു കൊണ്ട് അവന്റെ സംപ്രീതിയിലും അനുസരണത്തിലും അലിഞ്ഞു ചേരുക. ഈ അവസ്ഥ മനുഷ്യനി ലുണ്ടാകുമ്പോൾ അവന്റെ നമ സ്കാരം, നമസ്കാരമാണെന്ന് പറ യപ്പെടുന്നതാണ്. എന്നാൽ, ഈ യാഥാർഥ്യം മനുഷ്യന്റെ ഉള്ളിൽ ഉണ്ടാകാത്തിടത്തോളം സത്യസന്ധ മായ ആത്മാർഥതയുടേയും കൂറി ന്റേയും മാതൃക കാണിക്കാത്തിട ത്തോളം അവന്റെ നമസ്കാരങ്ങളും മറ്റു കർമങ്ങളും നിഷ്ഫലമാണ്."

യഥാർഥമായ നന്മ എന്താ ണെന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "തഖ്‌വായുടെ അർഥം തിന്മയുടെ അതിസൂക്ഷ്മമായ വഴികളിൽനിന്ന് മാറിനിലക്കുക എന്നാണ്. എന്നാൽ, ഓർമിക്കുക! താൻ ആരുടേയും ധനം അപഹരിച്ചിട്ടില്ല, കൊള്ളയടി ച്ചിട്ടില്ല, മോഷ്ടിച്ചിട്ടില്ല, ദുർന്നോട്ടം നടത്തിയിട്ടില്ല, വ്യഭിചരിച്ചിട്ടില്ല അതു കൊണ്ട് താൻ നല്ലവനാണെന്ന് ഒരാൾ പറയുന്നതുകൊണ്ടുമാത്രം നല്ലവനാകുകയില്ല." പറയുന്നു: "അത്തരം നന്മ ദൈവജ്ഞാനിക ളുടെ പക്കൽ പരിഹാസാർഹമാണ്. കാരണം അവൻ ആ തിന്മകൾ ചെയ്യുകയാണെങ്കിൽ, മോഷണവും കൊള്ളയും നടത്തുകയാണെങ്കിൽ അവന് ശിക്ഷ കിട്ടുന്നതാണ്. അതു കൊണ്ട് ഇത് ദൈവജ്ഞാനിയുടെ പക്കൽ മൂല്യാർഹമായ നന്മയൊന്നു മല്ല. പ്രത്യുത അസലും യഥാർഥവുമായ നന്മ മനുഷ്യകുല ത്തിന് നന്മ ചെയ്യുക എന്നതാണ്. അല്ലാഹുവിന്റെ വഴിയിൽ തികഞ്ഞ സത്യസന്ധതയും കൂറും കാണിക്കു കയും അവന്റെ വഴിയിൽ ജീവൻവരെ വെടിയാൻ തയ്യാറാകു കയും ചെയ്യുക എന്നതാണ്. അതു കൊണ്ടാണ് ഇവിടെ പറഞ്ഞത് **ഇന്ന ല്ലാഹ മഅല്ലദീനത്തഖൗ വല്ലദീ നഹും മുഹ്സിനൂൻ** തിന്മ യിൽനിന്ന് വിട്ടു നില്ക്കുകയും അതിനോടൊപ്പം നന്മകൾ ചെയ്യു കയും ചെയ്യുന്നവരുടെ കൂടെയാണ് അല്ലാഹു. നന്മകൾ ഒപ്പം ചെയ്യുന്ന തുവരെ കേവലം തിന്മയിൽനിന്ന് വിട്ടുനില്ക്കുക എന്നത് വിശേഷഗു ണമല്ലെന്നകാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക."

വളരെ വലിയ വലിയ തിന്മ കളിൽ ഒരു തിന്മയും പാപവുമാണ് കളവ്. ഇതിലേക്ക് ശ്രദ്ധ ക്ഷണിച്ചു കൊണ്ട് ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പ റഞ്ഞു:"ഞാൻ ചിന്തിച്ചു. വിശുദ്ധ ഖുർആനിൽ ആയിരക്കണക്കിന് കല്പനയുണ്ട്. അത് പാലിക്കപ്പെടു ന്നില്ല. നിസാര കാര്യങ്ങളിൽപോലും വിരുദ്ധം പ്രവർത്തിക്കുന്നു. എത്ര ത്തോളമെന്നാൽ ചില കളവുകൾ കച്ചവടക്കാർ പറയുന്നു. ചില നന്മ കളുള്ളവർ കളവു പറയുന്നു. വാസ്തവത്തിൽ അല്ലാഹു അതിനെ 'രിജ്സ്'നോടൊപ്പമാണ് വെച്ചിട്ടുള്ള ത്. നിറം പിടിപ്പിച്ച് കാര്യങ്ങൾ വിവ രിക്കുന്നതിൽനിന്ന് പിന്മാറാത്ത ഒരു പാടാളുകളെ കാണാവുന്നതാണ്. അതിനെ ആരും പാപമായി മനസ്സി ലാക്കുന്നതേയില്ല. ചിരിക്കാനും കളവു പറയുന്നു. കളവിന്റെ എല്ലാ വകുപ്പുകളിൽനിന്നും വിട്ടു നിൽക്കാത്തിടത്തോളം മനുഷ്യൻ **സിദ്ദീഖ്** എന്ന് പറയപ്പെടുകയില്ല."

ഒരു ഉൽകൃഷ്ടമായ സ്വഭാവമാണ് മറ്റുള്ളവരുടെ ദോഷ ങ്ങൾ മറച്ചുവെക്കുക എന്നത്. അത് ഉൽകൃഷ്ടമായ സ്വഭാവമാണെന്ന് മാത്രമല്ല മറിച്ച് അതുമുഖേന മനു ഷ്യൻ ധാരാളം കലഹങ്ങ ളിൽനിന്നും വഴക്കുകളിൽനിന്നും രക്ഷപ്പെടുകയും ചെയ്യുന്നു. ജന ങ്ങളേയും രക്ഷിക്കുന്നു. ഇക്കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:"ജമാഅ ത്തിൽ പരസ്പരമുള്ള തർക്കങ്ങൾ ഒരുപാടുള്ളതായി ഞാൻ കാണുന്നു. നിസാരമായ തർക്കങ്ങൾ മുഖേന ഒരാൾ മറ്റൊരാളുടെ അഭിമാന ത്തിനുമേൽ ആക്രമണം നടത്താൻ തുടങ്ങുന്നു. അല്ലാഹുവിന്റെ പേരാണ് സത്താർ എന്നത്. ഇവരെന്തുകൊണ്ടാണ് തങ്ങളുടെ സഹോദരങ്ങളുടെമേൽ കരുണ

കാണിക്കാത്തത്. മാപ്പുകൊടുത്തും തെറ്റുകൾ മറച്ചുവെച്ചും പ്രവർത്തിക്കാത്തത്? നിങ്ങളുടെ സഹാദരങ്ങളുടെ ദോഷങ്ങൾ മറച്ചുവെക്കുക. അവരുടെ അഭിമാനത്തിന്റേയും അന്തസ്സിന്റേയുംമേൽ ആക്രമണം നടത്താതിരിക്കുക. ഒരു ലഘുകൃതിയിൽ എഴുതിയിരിക്കുന്നത് കണ്ടു; ഒരു രാജാവ് വിശുദ്ധ ഖുർആൻ പകർത്തി എഴുതാറുണ്ടായിരുന്നു. ഈ വചനം തെറ്റായിട്ടാണ് എഴുതിയിട്ടുള്ളതെന്ന് ഒരു മുല്ലാക്ക പറഞ്ഞു. രാജാവ് ഉടനെ അത് നീക്കം ചെയ്യുന്നതിന് അവിടെ ഒരു വൃത്തം വരച്ചു. അദ്ദേഹം പോയപ്പോൾ ആ വൃത്തം രാജാവ് മായിച്ചുകളഞ്ഞു. അങ്ങനെ എന്തിനാണ് ചെയ്തതെന്ന് രാജാവിനോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, യഥാർഥത്തിൽ അദ്ദേഹം പറഞ്ഞത് തെറ്റായിരുന്നു. അദ്ദേഹത്തിന് വിഷമം ഉണ്ടാകാതിരിക്കുന്നതിനു വേണ്ടി അപ്പോൾ ഞാൻ അങ്ങനെ ചെയ്തതാണ്.' പറയുന്നു:"മറ്റുള്ളവരുടെ ദോഷങ്ങൾ തപ്പിപിടിച്ച് പരസ്യപ്പെടുത്തുക എന്നത് വലിയ അഹങ്കാരത്തിന്റെ വേരും രോഗവുമാണ്. അത്തരം കാര്യങ്ങൾകൊണ്ട് ആത്മാവ് മോശമായി പോകുന്നു. അതിൽനിന്ന് വിട്ടുനില്ക്കേണ്ടതാണ്. ചുരുക്കം പറഞ്ഞാൽ ഇതെല്ലാം തഖ്‌വയിൽപ്പെട്ടതാണ്. ആന്തരികവും ബാഹ്യവുമായ കാര്യങ്ങളിൽ തഖ്‌വയോടുകൂടി പ്രവൃത്തിക്കുന്നവൻ മലക്കുകളിൽ പ്രവേശിപ്പിക്കപ്പെടുന്നു. കാരണം അവനിൽ പിന്നീട് ഒരു ധിക്കാരവും അവശേഷിക്കുന്നില്ല.'' പറയുന്നു:''തഖ്‌വ കൈക്കൊള്ളുക. കാരണം തഖ്‌വയ്ക്കുശേഷമാണ് അല്ലാഹുവിന്റെ ബർക്കത്തുകൾ വരുന്നത്. മുത്തഖിയായ മനുഷ്യൻ ഭൗതിക ബലാകളിൽനിന്ന് രക്ഷിക്കപ്പെടുന്നു. അല്ലാഹു അവന്റെ ദോഷങ്ങൾ മറച്ചുവെക്കുന്നവനായി മാറുന്നു." പറയുന്നു:"തങ്ങളുടെ സഹോദരങ്ങളുടെമേൽ അവിശുദ്ധമായ ആരോപണങ്ങൾ ഉന്നയിക്കുക എന്നത് ഒരു പാടാളുകളുടെ ശീലമായിത്തീർന്നിരിക്കുന്നു. അതിൽനിന്ന് വിട്ടുനില്ക്കുക. മനുഷ്യകുലത്തിന് ഗുണം ചെയ്യുക. തങ്ങളുടെ സഹോദരങ്ങളോടു സഹതാപം കാണിക്കുകയും അയൽവാസികളോടു നല്ല രീതിയിൽ പെരുമാറുകയും ചെയ്യുക. തങ്ങളുടെ സഹോദരങ്ങളോടു നല്ല നിലയിൽ സഹവസിക്കുക. ഏറ്റവും ആദ്യം ശിർക്കിൽനിന്ന് രക്ഷപ്പെടുക; ഇത് തഖ്‌വായുടെ ഒന്നാമത്തെ ഇഷ്ടികയാണ്."

തന്റെ സഹോദരന്റെ തെറ്റു കണ്ട് എന്തുമാർഗമാണ് സ്വീകരിക്കേണ്ടത്? അതിനെ സംബന്ധിച്ച് കൂടുതൽ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:''എനിക്ക് എന്റെ ജമാഅത്തിനെ സംബന്ധിച്ച് വലിയ ദുഃഖമാണുള്ളത്. ഇപ്പോഴും ഇവർ പരസ്പരം നിസാരമായ കാര്യങ്ങളിൽ ദ്വേഷം പിടിക്കുന്നു. പൊതുസഭയിൽ ആരെയെങ്കിലും ഹമുക്കെന്ന് പറയുന്നതും വലിയ തെറ്റാണ്. ഏതെങ്കിലും സഹോദരന്റെ തെറ്റു കാണുകയാണെങ്കിൽ അല്ലാഹു അയാളെ രക്ഷിക്കുന്നതിനുവേണ്ടി ദുആ ചെയ്യുകയാണ് വേണ്ടത്, പരസ്യപ്പെടുത്തുകയല്ല. ആരുടെയെങ്കിലും മകൻ ദുർന്നടപ്പുകാരനാണെങ്കിൽ അവനെ അപ്പോൾ ആരും നഷ്ടപ്പെടുത്തുകയില്ല. മറിച്ച് ഉള്ളിൽ ഒരു മൂലയിൽ ഇത് ചീത്ത പ്രവൃത്തിയാണെന്നും ഇതു ചെയ്യരുതെന്നും പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുന്നു. സ്വന്തം മക്കളോടു അലിവോടും സൗമ്യത്തോടും മയത്തോടും പെരുമാറുന്നതുപോലെ പരസ്പരം സഹോദരങ്ങളോടും പെരുമാറുക. ആരുടെ സ്വഭാവമാണോ നല്ലതല്ലാത്തത് എനിക്ക് അവന്റെ ഈമാനെ സംബന്ധിച്ച് ആശങ്കയുണ്ട്. കാരണം അവനിൽ അഹങ്കാരത്തിന്റെ ഒരു വേരുണ്ട്. അല്ലാഹു തൃപ്തനല്ലെങ്കിൽ അവൻ നാശമടഞ്ഞു."

തൗബ ചെയ്തുകൊണ്ടിരിക്കുക. ഇസ്തിഗ്ഫാർ ചെയ്യുക. ദുആകൊണ്ടു എപ്പോഴും പ്രവൃത്തിച്ചുകൊണ്ടിരിക്കുക. പറയുന്നു: ''നമുക്ക് വിജയിക്കാനുള്ള ആയുധം ഇസ്തിഗ്ഫാർ, തൗബ, മതപരമായ അറിവ്, അല്ലാഹുവിന്റെ മാഹാത്മ്യം മുന്നിൽ വെക്കൽ, അഞ്ചുനേര നമസ്കാരം അനുഷ്ഠിക്കലാണ്. നമസ്കാരം ദുആ സ്വീകാര്യതയ്ക്കുള്ള താക്കോലാണ്. നമസ്കരിക്കുമ്പോൾ അതിൽ ദുആ ചെയ്യുക. അലസത കാണിക്കരുത്. എല്ലാ ഓരോ തിന്മയിൽനിന്ന് അത് അല്ലാഹുവിനോടുള്ള കടമയെ സംബന്ധിച്ചാണെങ്കിലും വേണ്ടില്ല സൃഷ്ടികളോടുള്ള കടമയെ സംബന്ധിച്ചാണെങ്കിലുംവേണ്ടില്ല രക്ഷപ്പെട്ടുകൊള്ളുക.

ഈ നിലവാരം കരസ്ഥമാക്കുന്നവരാകാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്തുകൊണ്ട് അവിടത്തെ നിയോഗോദ്ദേശ്യം മനസ്സിലാക്കുന്നവരും അത് പൂർത്തിയാക്കുന്നതിന് നമ്മുടെ എല്ലാ കഴിവുകളും ശക്തികളും ഉപയോഗിക്കുന്നവരുമാകട്ടെ. ലോകത്തിനും ഇക്കാര്യം പറഞ്ഞുകൊടുക്കുന്നവരാകട്ടെ. (ആമീൻ)

## മരണം കൊതിക്കരുത്

അബൂഹുറൈറയിൽ നിന്ന് നിവേദനം. നിങ്ങളിൽ നിന്ന് ആരും മരിക്കാൻ കൊതിക്കരുത്. സൽക്കർമ്മം ചെയ്യുന്നവരാണെങ്കിൽ അവന്ന് അതിന്ന് കൂടുതൽ അവസരം ലഭിക്കും തെറ്റ് ചെയ്യുന്നവനാണെങ്കിൽ അവന്ന് പശ്ചാത്തപിച്ച് മടങ്ങാനും അവസരം ലഭിക്കും. (ബുഖാരി)

ദൈവസംപ്രാപ്തി-3

# ഭയഭക്തിയാണ് നന്മയുടെ നാരായ വേര്

വാഗ്ദത്ത മസീഹ് 1906 ഡിസംബർ 27-ാം തീയതി ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ വെച്ച് വാർഷിക സമ്മേളനത്തിൽ ചെയ്ത മുഖ്യ പ്രഭാഷണമാണിത്. പരിശുദ്ധ കലിമയുടെ യാഥാർഥ്യം, നമസ്ക്കാരത്തിന്റെ പ്രാധാന്യം, അല്ലാഹുവിന്റെ ഏകത്വ സത്ത, ഇസ്‌ലാമിലെ അഞ്ച് അനുഷ്ഠാന കർമങ്ങൾ എന്നീ ശിക്ഷണപരമായ വിഷയങ്ങൾ ഈ ലേഖനം ഉൾക്കൊള്ളുന്നു. പ്രസ്തുത പ്രഭാഷണത്തിന്റെ വിവർത്തനമാണ് ഈ ലേഖനം. **വിവ: മുഹമ്മദ് ഉമർ, കോഴിക്കോട്.**

## ഹദ്റത്ത് അഹ്മദ്(അ)

ഞാൻ വീണ്ടും പറയുന്നു. ഇസ്‌ലാമിന്റെ ആണിവേര് തൗഹീദാണ്. അതായത് മനുഷ്യന്റെ അന്തരംഗത്ത് അല്ലാഹുവിനെ കൂടാതെ മറ്റൊന്നും തന്നെ ഉണ്ടാകാൻ പാടുള്ളതല്ല. എന്തുതന്നെ ആപത്തുകളും മുസീബത്തുകളും വന്നാലും അല്ലാഹുവിനെക്കുറിച്ചും അവന്റെ റസൂൽമാരെക്കുറിച്ചും ഒരു പരാതിയും അവന്റെ മുഖത്തു നിന്ന് വരാൻ പാടുള്ളതല്ല. മനുഷ്യനിൽ വല്ല ആപത്തും ഉണ്ടാവുന്നത് അവന്റെ തന്നെ നഫ്സിൽ നിന്നുമാണ്. മറ്റുള്ളവർ അതിനെ ഒരു ബലാഅ് (മുസീബത്ത്) ആണെന്ന് കരുതുന്നുണ്ടെങ്കിലും വാസ്തവത്തിൽ അത് ഒരു മുസീബത്തല്ല. വേദനയുടെ രൂപത്തിലുള്ള ഇനാമാണ്. അതുമൂലം അല്ലാഹുവുമായി അവരുടെ ബന്ധം അധികരിക്കുന്നു. അതോടെ അവരുടെ സ്ഥാനം ഉന്നതിപ്രാപിക്കുന്നു. അന്യർക്ക് അത് മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. എന്നാൽ ആർക്കാണോ ദൈവവുമായി ബന്ധമില്ലാത്തത് അവരുടെ ദുഷ്ക്കർമങ്ങൾ കാരണം അവർക്ക് വല്ല പരീക്ഷണങ്ങളും വരികയാണെങ്കിൽ അവർ അധികമായ വഴികേടിലായി തീരുന്നു. ഇവരെക്കുറിച്ചാണ് ***'അവരുടെ ഹൃദയങ്ങളിൽ ഒരുരോഗമുണ്ടായിരുന്നു, പിന്നെ അല്ലാഹു അവരുടെ രോഗം വർദ്ധിപ്പിച്ചു'*** എന്ന് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് എപ്പോഴും ഭയന്നു കൊണ്ടിരിക്കുക. അല്ലാഹുവിനോട് അവന്റെ അനുഗ്രഹത്തെ തേടുക. അല്ലാഹുവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടവരിൽ നിങ്ങൾ പെടാതിരിക്കാൻ സൂക്ഷിക്കേണ്ടതാണ്. അല്ലാഹുവിനാൽ സ്ഥാപിതമായ ജമാഅത്തിൽ പ്രവേശിക്കുന്നവർ അല്ലാഹുവിനോട് ഒരു ഔദാര്യവും കാണിക്കുന്നില്ല. മറിച്ചു അതിനുള്ള തൗഫീഖ് അയാൾക്ക് ലഭിച്ചത് അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവുമാകുന്നു. ഒരു സമുദായത്തെ തന്നെ നശിപ്പിക്കാനും മറ്റൊന്നുണ്ടാക്കാനുമുള്ള ശക്തിയുള്ളവനാണവൻ. ഈ കാലഘട്ടം ലൂത്തിന്റെയും നൂഹിന്റേയും കാലഘട്ടവുമായി ചേരുന്ന ഒന്നാണ്. കഠിനമായ ശിക്ഷയിറക്കി ഈ ലോകത്തെ തന്നെ അവസാനിപ്പിക്കുന്നതിനും പകരമായി അല്ലാഹു തന്റെ കാരുണ്യത്താൽ നിങ്ങൾക്ക് ഇസ്‌ലാഹ് ഉണ്ടാകണമെന്ന് കരുതി അവൻ ഈ പ്രസ്ഥാനത്തെ സ്ഥാപിച്ചിരിക്കുകയാണ്.

തങ്ങൾ സ്വയം തിന്മകളിൽ നിന്ന് അകന്ന് നിൽക്കുന്നവരാണെന്ന് നിങ്ങൾ കരുതരുത്. ഹദ്റത്ത് റസൂൽ തിരുമേനി(സ)ക്ക് മുമ്പ് ക്രിസ്ത്യാനികളും യഹൂദികളുമുണ്ടായിരുന്നു. തൗറാത്തും ഇഞ്ചീലും ഉണ്ടായിരുന്നു. എന്നിട്ടും അവർക്ക് സ്വയം പാപ കർമങ്ങളിൽ നിന്ന് വിട്ട് നിൽക്കുവാൻ സാധിച്ചുവോ? ഇല്ല. മറിച്ച് ഗ്രന്ഥങ്ങളൊക്കെ ഉണ്ടായിരുന്നിട്ടും അവർ അല്ലാഹു നിശ്ചയിച്ച പരിധികളൊക്കെ ലംഘിച്ചുകൊണ്ടിരുന്നു. എപ്പോഴെല്ലാം ലോകത്ത് പാപവും കുറ്റവും ദുശ്ചെയ്തികളും നിറഞ്ഞു കിടക്കുന്നുവോ അപ്പോഴെല്ലാം അതിനെ ഇല്ലായ്മ ചെയ്യുന്നതിനായുള്ള ശക്തിയും ഊർജവും ഉപരിലോകത്തുള്ളവനിൽ നിന്ന് വരുന്നതാണ്. അതിനായി അല്ലാഹു ഒരാളെ ആകാശത്ത് നിന്ന് അയക്കുന്നു. അദ്ദേഹം മുഖേന ജനത്തിന് തൗബാ ചെയ്യുന്നതിന്നുള്ള തൗഫീ

ഖ് ലഭിച്ചിരുന്നു. ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ കാലത്തുണ്ടായിരുന്ന യഹൂദികളിൽ ആയിരം വർഷങ്ങളായി അതേരീതിയിൽ തന്നെ ഒരു മാറ്റവുമില്ലായിരുന്നു. എന്നാൽ അവർ റസൂൽ തിരുമേനി (സ)യുടെ മതത്തിൽ ചേർന്നപ്പോൾ അവർ മലക്കുകളായി മാറുകയുണ്ടായി. ഒരു മനുഷ്യന് സ്വയം നന്നാകുവാൻ സാധിക്കുമെങ്കിൽ അവൻ മോശമായിതീരുന്നതെങ്ങനെ? അങ്ങനെയാണെങ്കിൽ നബിമാരുടെ ആവശ്യകത തന്നെയെന്തിനാണ്? അല്ലാഹുവിന്റെ ദൂതന്മാർ (മുർസലീങ്ങൾ) ഇതേ ഉദ്ദേശ്യത്തോടുകൂടി തന്നെയാണല്ലോ ആഗതരാകുന്നത്. അവർ തീർച്ചയായും വരുന്നു. അല്ലാഹുവിന്റെ സുന്നത്ത് ഇപ്രകാരമാണ് നടപ്പിലുള്ളത്. അതായത് ഹേമന്തകാലം വരുമ്പോൾ വൃക്ഷങ്ങളിൽനിന്നും ഇലകൾ ഉതിർന്ന് വീഴുന്നു. ഫലമോ പുഷ്പമോ സുഗന്ധമോ ഉണ്ടാവുന്നില്ല. മറിച്ച് സുഗന്ധത്തിന് പകരമായി ദുർഗന്ധമാണുണ്ടാവുക. എന്നാൽ അതിന് ശേഷം വസന്തകാലം വരുമ്പോൾ ക്രമാനുസൃതമായി എല്ലാം തന്നെ പൂർവസ്ഥിതി പ്രാപിക്കുന്നു. ഇതേസ്ഥിതി തന്നെയാണ് ആത്മീയ പ്രപഞ്ചത്തിന്റേതും. വിശ്വാസത്തിലും അധഃപതനത്തിന്റെ കാലഘട്ടം വരുമ്പോൾ നാനാ ഭാഗങ്ങളിലും ഫലവും പൂക്കളും ഇലകളും തന്നെ കൊഴിഞ്ഞുപോകുന്നതായി കാണപ്പെടുമ്പോൾ വസന്തകാലം അടുത്തിരിക്കുന്നുവെന്ന് മനസ്സിലാവുന്നു. നബിമാരുടെ കാലം വസന്തകാലവുമായി സാദൃശ്യമുള്ളതാണ്. ഞാനെല്ലാ ഗ്രന്ഥങ്ങളിലും നോക്കിയിരിക്കുന്നു. തൗറാത്തും ഇഞ്ചീലും നന്നായി വായിച്ചിട്ടുണ്ട്. എന്നാൽ ഞാൻ എടുത്തു പറയുന്നു, വിശുദ്ധ ഖുർആൻ നൽകുന്നത് പോലെയുള്ള അടയാളങ്ങൾ ഒരിക്കലുമൊരിക്കലും മറ്റൊരു ഗ്രന്ഥവും നൽകുന്നില്ല.

അല്ലാഹു വിശുദ്ധ ഖുർആനിൽ ദുഷ്ക്കർമികളുടെയും ദുഷ്ടന്മാരുടെയും വിവരണങ്ങൾ നൽകുകയും അവൻ ഇപ്പോഴും ഉണ്ട് എന്ന് പറയുകയും ചെയ്തതിന്റെ ഉദ്ദേശ്യമെന്താണ്? ഇത് പ്രകടമാക്കാനുള്ള യഥാർഥ ഉദ്ദേശ്യം ഒന്നോ രണ്ടോ തരത്തിലുള്ള തിന്മകൾ അകറ്റുന്നതിനായി പ്രവാചകന്മാരുടെ ആവശ്യമാണെന്നാൽ ഇത്രയധികം തിന്മകളും ദുഷ്ക്കർമങ്ങളും ഒന്നായിചേർന്നിരിക്കുന്ന ഇക്കാലഘട്ടത്തിൽ എന്തുകൊണ്ട് പ്രവാചകന്മാരുടെ ആവശ്യം വരുന്നില്ല. ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ ആഗമനം സത്യവും ആവശ്യാനുസൃതവുമായിരുന്നു. അവർ ഒന്നു ചിന്തിച്ചു നോക്കുക. പൂർവ കാലങ്ങളിൽ വഴികേട് പരന്നപ്പോൾ അവർക്കായി പ്രവാചകന്മാർ അവതരിക്കുകയുണ്ടായി. എന്നാൽ എല്ലാ വഴികേടുകളും റസൂൽ തിരുമേനി(സ)യുടെ കാലത്ത് ഒന്നായി ചേർന്നപ്പോൾ കരയും കടലും ഒരുപോലെ ദുഷിച്ചുപോയിരിക്കുന്നു എന്ന് പറയപ്പെട്ടു. ആ കാലത്ത് എല്ലാവരും വഴികേടിലായിപ്പോകുന്ന ഒരു കാറ്റ് വീശിയിരുന്നു. ആര്യാവർത്തത്തിലെ പണ്ഡിതനായ ദയാനന്ദ് സരസ്വതിയും അവർ (ആര്യാവർത്തത്തിലുള്ളവർ) വഴികേടിലായിരുന്നുവെന്ന് സാക്ഷ്യം പറയുന്നു. ജഗന്നാഥിലും സാരനാഥിലും ഉള്ള വിഗ്രഹാരാധനാലയങ്ങൾ ആ കാലത്തുള്ളവയായിരുന്നു. ചുരുക്കത്തിൽ ഉദാഹരണങ്ങൾ കാണപ്പെടാത്ത രീതിയിലുള്ള ഹേമന്തകാലത്തായിരുന്നു അത്. എല്ലാ കുഴപ്പങ്ങളുടെ കാലത്തും സ്വാഭാവികമായും അതുണ്ടാകണമെന്നും മഹാനായ ഒരു പരിഷ്ക്കർത്താവ് അക്കാലത്ത് ഉണ്ടാകേണമെന്നും എല്ലാ കുഴപ്പങ്ങളുടെ കാലത്തും സ്വാഭാവികമായും അതുണ്ടാകണമെന്നും ആ കാലം ആഗ്രഹിച്ചിരുന്നു. അങ്ങനെ ആ കാലത്തുള്ള സ്ഥിതിക്കനുസൃതമായി തിരുമേനി (സ) ഭൂജാതനായി. ഏറ്റവും വലിയ ദൃഷ്ടാന്തമായിരുന്നു അത്. ആ പുണ്യാത്മാവ് വന്ന് എന്ത് ചെയ്തുവെന്ന് നാം നോക്കണം. ആ കാലത്തും നാട്ടിലും ജനങ്ങളിലുമെന്നല്ല മുഴുലോകത്തും ഉള്ള അവസ്ഥ എന്തായിരുന്നുവെന്ന് വിശദീകരിക്കേണ്ട ആവശ്യമില്ല എന്ന് എല്ലാവരും സാക്ഷ്യം വഹിക്കുന്നു. ഖുർആൻ കരീം സ്വയം സാക്ഷ്യം തരുന്നു. സംഭവത്തിനെതിരെയുള്ള സാക്ഷ്യം ഖുർആൻ തന്നിരുന്നുവെങ്കിൽ ഇത് കളവാണെന്ന് പറഞ്ഞ് അവർ മുറവിളികൂട്ടുമായിരുന്നേനെ. എന്നാൽ ആർക്കും തന്നെ നിഷേധിക്കാനുള്ള ഒരു പഴുതുണ്ടായിരുന്നില്ല. ഇതിൽ നിന്നും മനസ്സിലാകുന്നത് റസൂൽ തിരുമേനി(സ)യുടെ കാലത്ത് എണ്ണത്തിലും ഗുണത്തിലും ഏറ്റവും വലിയ ഹേമന്തകാലമായിരുന്നു. ഇതിന് പകരമായി വന്ന വസന്ത കാലവും അതിന് മുമ്പെയില്ലാത്ത രീതിയിൽ നിരുപമമായിരുന്നു. ഭാവിയിലും അത് പോലെയുള്ള ഒരു കാലമുണ്ടാകുന്നതല്ല. കാരണം ഭാവിയിലും ഇതേ വസന്തത്തിന്റെ കാലഘട്ടമായിരിക്കും.

നാം ഇപ്പോൾ ജീവിച്ചിരിക്കുന്ന കാലഘട്ടത്തിന്റെ ആ അവസ്ഥയിലേക്ക് ദൃഷ്ടി പായിക്കുക. ഇന്നത്തെ മുസ്ലിംകളുടെ ആന്തരികമായ ആ അവസ്ഥയിൽ ഒരു പരിവർത്തനവുമുണ്ടായിട്ടില്ലെന്ന് ആർക്കാണ് പറയാൻ കഴിയുക? അവരുടെ കർമപരവും വിശ്വാസപരവുമായ അവസ്ഥ വളരെ മോശമായിരുന്നു. അവരുടെ ധാർമികാവസ്ഥയും നശിച്ചിരിക്കുന്നു. ഏത്ദിശയിൽകൂടിയും ഏത് അവസ്ഥയിൽ കൂടിയും വീക്ഷിക്കുകയാണെങ്കിലും കരച്ചിൽ വരുന്നു. ബാഹ്യമായി നോക്കുകയാണെങ്കിൽ അവരുടെ അവസ്ഥ അതിനേക്കാൾ പരിതാപകരമാണ്. ഇതേ രാജ്യത്ത് തന്നെ ലക്ഷക്കണക്കിനുള്ളവർ മുർത്തദായിരിക്കുന്നു. ഒരാളെങ്കിലും മുർത്തദായാൽ ഖിയാമത്തുണ്ടാക്കുന്ന ഒരു മതമാകുമായിരുന്നു ഇത്. എന്നാൽ ഇപ്പോഴത്തെ അവസ്ഥ അൽപ്പം ചില നാണയ തുട്ടുകൾക്കായി ചർച്ചിൽ പോയി മുർത്തദാകുന്നു.

പരസ്പരം അവകാശങ്ങൾ ധ്വംസിക്കുന്നു. കടം വങ്ങിയാൽ കൊടുക്കുന്നവർ വിരളം. പലവിധത്തിലുള്ള പാപകർമങ്ങളിലും ദുശ്ചെയ്തികളിലും മുഴുകിയിരിക്കുകയാണ്. കാലത്തിന്റെ ശോചനീയമായ അവസഥയിൽ അല്ലാഹു മിണ്ടാതിരിക്കുകയും അതിന്റെ ഇസ്ലാഹിനായി ആരെയും അയക്കാതിരിക്കുകയും ചെയ്യട്ടെ എന്നാണോ അവർ മൗനം പൂണ്ടിരിക്കുകയാണെങ്കിൽ അതിന്റെ അർഥം?. ദൈവശിക്ഷ വരുകയും എല്ലാം നശിക്കുന്നതുമാണ്. എന്നാൽ അങ്ങനെയല്ല അവൻ തന്റെ കാരുണ്യത്താൽ നിങ്ങളിൽ നിന്നു തന്നെയുള്ള ഒരാളെ അയക്കും. ആ ആളുടെ ആഗമനോദ്ദേശ്യം മുസ്ലിംകളെ അപമാനത്തിനും അവഹേളനത്തിനും പാത്രമാക്കിയ ഇസ്ലാമിലും മുസ്ലിംകളിലും കടന്നുകൂടിയിരിക്കുന്ന ഫസാദുകളെ അകറ്റുകയെന്നതാണ്. എന്നാൽ അദ്ദേഹം കൊണ്ടു വന്നതിനെ മുറുകെ പിടിക്കാതിരിക്കുന്നത്വരെ അദ്ദേഹത്തിന്റെ ആഗമനം വ്യർഥമായിരിക്കും. തങ്ങളാൽ ഒരു റസൂൽ വന്നു എന്നതിൽ മാത്രം സന്തുഷ്ടരാകുന്നത് കൊണ്ട് ഒരു ഫലവും ഇല്ല തന്നെ. ഹദ്റത്ത് ലൂത്ത് നബി(അ)യുടെ സമുദായത്തിൽ ദൈവിക ശിക്ഷ ഇറങ്ങിയപ്പോൾ ആ അവസരത്തിൽ അദ്ദേഹം ജീവനോടു കൂടി ഉണ്ടായിരുന്നല്ലോ? അല്ലെങ്കിൽ മൂസാ നബി(സ)യുടെ കാലത്ത് ഇസ്റയേൽ ജനതയിൽ ചില ശിക്ഷകൾ ഇറങ്ങിയപ്പോൾ അബ്രഹാം (അ) അവരോടൊപ്പം ഉണ്ടായിരുന്നല്ലോ അതുകൊണ്ട് തങ്ങളിൽ അല്ലാഹുവിന്റെ മുർസൽ ഉണ്ടെന്നുള്ളത് കൊണ്ട് മാത്രം സന്തോഷം കൊള്ളേണ്ടതില്ല. ഈ ധാരണയുള്ളവർ നശിക്കാനിടയുണ്ട്. അല്ലാഹു ആർക്കും ഒരവധിയും കൊടുക്കുന്നതല്ല.

ഇസ്ലാം വന്നത് തന്നെ തങ്ങളിൽ ഒരു മരണത്തെ ഏർപ്പെടുത്താനാണെന്ന് ഓർക്കുക. ഏത് വരെ ഒരാൾ തന്റെ ദേഹേച്ഛകളിൽ നിന്ന് ഒരു മരണം ഏർപ്പെടുത്തി പുതിയൊരു ജീവിതം ആവിഷ്ക്കരിക്കുന്നില്ലയോ അല്ലാഹുവിനോടൊപ്പം ചരിക്കുകയും സംസാരിക്കുകയും കേൾക്കുകയും കാണുകയും ചെയ്യുന്നില്ലയോ അവൻ മുസൽമാൻ ആകുന്നില്ല.

നോക്കുക ഇത് ചെറിയ കാര്യമല്ല. അവൻ ഒരാളെ നിയോഗിക്കുക എന്നതും നിങ്ങളെ വരാനിരിക്കുന്ന ആപത്തിനെക്കുറിച്ച് ഭയപ്പെടുത്തി എന്നതും ഒരു സാധാരണ കാര്യമല്ല. അവന്റെ വളരെ ഭാരിച്ച അനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റേയും അടയാളമാണിത്. ഇതിനെ നിസ്സാരമായി കാണരുത്. ഇതിനെ വിലമതിക്കുക. എന്നിൽ ചുമത്തപ്പെട്ട സാക്ഷ്യം ഞാൻ നിറവേറ്റിയിരിക്കുകയാണ്. ശ്രവിക്കുവിൻ അല്ലാഹുവിന്റെ ക്രോധപരമായ അടയാളങ്ങൾ ഇറങ്ങുമെന്നും ഭൂകമ്പങ്ങൾ ഉണ്ടാകുമെന്നും പ്ലേഗു മരണങ്ങൾ സംഭവിക്കുമെന്നും എനിക്ക് ദർശനം ഉണ്ടായിരിക്കുന്നു. അതുകൊണ്ട് നിങ്ങളെയും എല്ലാ ശ്രോതാക്കളേയും താക്കീത് ചെയ്യുന്നു. നിങ്ങൾ തൗബ ചെയ്യുക അല്ലാഹുവിന്റെ അദാബുകൾ ഇറങ്ങുന്നതിന് മുമ്പായി തങ്ങളുടെ ഇസ്ലാഹിനായി ഒരു പരിവർത്തനം ഏർപ്പെടുത്തുകയും ചെയ്യുന്നവർ അല്ലാഹുവിന്റെ കാരുണ്യത്തിന് പാത്രീഭൂതരായി തീരുന്നതാണ്. എന്നാൽ ദൈവശിക്ഷ ഇറങ്ങുകയാണെങ്കിൽ പിന്നെ തൗബയുടെ വാതിൽ അടഞ്ഞുപോകുന്നതാണ്. ഇപ്പോൾ സമാധാനാവസ്ഥയിലുള്ളവർ തൗബ ചെയ്യുകയും തങ്ങളുടെ ഇസ്ലാഹിനായി കാലെടുത്ത് വെക്കുകയും ചെയ്യട്ടെ. എന്റെ ഈ വാക്കുകളെ കുട്ടികൾ കഥകൾ കേൾക്കുന്നത് പോലെ കേൾക്കരുത്. എഴുന്നേൽക്കുക. തങ്ങളിൽ പരിവർത്തനങ്ങൾ വരുത്തുക. ആപത്തു വന്നാൽ ദുആ ചെയ്യുക എന്ന് ഒരാൾ ആയിരം പ്രാവശ്യം പറഞ്ഞാലും ഒരു പ്രയോജനവും ഉണ്ടാകുന്നതല്ല. കാരണം ദൈവശിക്ഷ വന്നിരിക്കുകയാണ്. എന്നാൽ ഇപ്പോൾ അവസരമുണ്ട്. ഈ പരിവർത്തനവും ഇസ്ലാഹും എങ്ങനെയാണുണ്ടാവുക? അതിനുള്ള മറുപടി യഥാർഥ ദുആ ആകുന്നു. നമസ്ക്കാരം അനുഷ്ഠിക്കുക എന്നതാകുന്നു. വിശുദ്ധ ഖുർആൻ ഗഹനമായ നിലയിൽ പാരായണം ചെയ്യണം. അതിൽ എല്ലാം തന്നെ അടങ്ങിയിട്ടുണ്ട്. നന്മകളെയും തിന്മകളെയും കുറിച്ചുള്ള വിശദീകരണവും ഭാവികാലത്തിലൂണ്ടാകാനിരിക്കുന്ന വാർത്തകൾ മുതലായവയും ഉണ്ട്. ഒരു വിധത്തിലുള്ള ആക്ഷേപത്തിനും വിധേയമാകാൻ സാദ്ധ്യമല്ലാത്ത മതമാണതെന്നും മനസ്സിലാക്കുക, കാരണം അതിന്റെ ബർക്കത്തും ഫലങ്ങളും നവംനവങ്ങളായി ലഭിച്ചുകൊണ്ടിരിക്കുന്നു. ഇഞ്ചീലിൽ മതത്തെ പൂർണമായ നിലയിൽ പ്രതിപാദിക്കപ്പെട്ടിട്ടില്ല. അതിലുള്ള അദ്ധ്യാപനങ്ങൾ അക്കാലത്തെ സ്ഥിതിക്കനുസൃതമായ നിലയിൽ മാത്രമായിരിക്കും. എന്നാൽ അത് ഒരിക്കലും എപ്പോഴത്തേയും എല്ലാ അവസ്ഥകൾക്കും അനുസരിച്ചുള്ളതല്ല. ഈ അഭിമാനം വിശുദ്ധ ഖുർആന് മാത്രം സ്വന്തമാണ്. അല്ലാഹു തഅലാ എല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സ വിവരിച്ചിരിക്കുന്നു. എല്ലാ ശക്തികൾക്കും ശിക്ഷണം നൽകിയിരിക്കുന്നു. അതിൽ ഏതെങ്കിലും തിയ്യ കാര്യങ്ങളെ ക്കുറിച്ച് വെളിപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് ദൂരപ്പെടുത്തുവാനുള്ള വഴിയും പറഞ്ഞു തന്നിട്ടുണ്ട്. അതുകൊണ്ട് ഖുർആൻ മജീദ് പാരായണം ചെയ്ത് കൊണ്ടിരിക്കുക. ദുആ ചെയ്തു കൊണ്ടിരിക്കുക. തങ്ങളുടെ ജീവിത ചര്യയെ അതിന്റെ അദ്ധ്യാപനം അനുസരിച്ചുള്ളതാക്കി തീർക്കുവാൻ പരിശ്രമിച്ചു കൊണ്ടിരിക്കുക.

**നോമ്പ്:** ഇസ്ലാമിന്റെ മൂന്നാമത്തെ കാര്യം വ്രതാനുഷ്ഠാനമാണ്. നോമ്പനുഷ്ഠിക്കേണ്ടുന്നതിന്റെ യാഥാർത്ഥ്യത്തെ പറ്റി ജനങ്ങൾ അറിവില്ലാത്തവരാണ്. വാസ്തവ

ത്തിൽ ഏതൊരു നാട്ടിൽ മനുഷ്യൻ പോകുന്നില്ലയോ ഏതൊരു പ്രപഞ്ചത്തെ കുറിച്ച് മനുഷ്യൻ അജ്ഞനാണോ അവിടുത്തെ സ്ഥിതിഗതികളെ കുറിച്ച് അവൻ എന്തു പറയാനാണ്? നോമ്പെന്നത് കൊണ്ട് മനുഷ്യൻ വിശന്നും ദാഹിച്ചും കൊണ്ടിരിക്കുക മാത്രമല്ല ഉദ്ദേശ്യം. എന്നാൽ അതിന്റെ യാഥാർത്ഥ്യത്തെ കുറിച്ചും പ്രഭാവ ത്തെ കുറിച്ചും ഏറെ അനുഭവ ജ്ഞാനത്തിൽ കൂടി മാത്രമേ മനസ്സി ലാക്കാൻ സാധിക്കുകയുള്ളൂ. എത്രകണ്ട് മനുഷ്യൻ കുറഞ്ഞ ആഹാരം കഴിക്കുന്നുവോ അത്ര കണ്ട് ആത്മ സംശുദ്ധി സംജാത മാവുകയും ദർശന ശക്തികൾ അധികരിക്കുകയും ചെയ്യുന്നുവെ ന്നത് മനുഷ്യന്റെ പ്രകൃതിയിൽ പെട്ടതാണ്. ഒരു ആഹാരത്തെ കുറച്ച് കൊണ്ട് മറ്റൊരു ആഹാരം അധികരിപ്പിക്കുക എന്നതാണ് അല്ലാഹുവിന്റെ അഭീഷ്ടമായിട്ടു ള്ളത്. നോമ്പ് അനുഷ്ഠിക്കുന്ന ആൾ താൻ വിശന്നിരുന്നാൽ മാത്രം മതി എന്നു കരുതാതെ എപ്പോഴും ദൈവസ്മരണയിൽ മുഴുകിയിരി ക്കേണ്ടതാണ്. ചുരുക്കത്തിൽ വ്രതാനുഷ്ഠാനത്തിന്റെ ഉദ്ദേശ്യം ഇതാണ്. മനുഷ്യൻ തന്റെ ശരീരത്തിന്റെ വളർച്ചക്കാവശ്യമായ ഭൗതികമായ ആഹാരം വർജിച്ചു കൊണ്ട് ആത്മാവിന്റെ സമാധാന ത്തിനും സംതൃപ്തിക്കും ആവശ്യ മായ ആത്മീയാഹാരം കഴിക്കുക യാണ്. അല്ലാഹുവിന് വേണ്ടി മാത്രം വ്രതം അനുഷ്ഠിക്കുന്നവൻ വെറും ഒരു ആചാരാനുഷ്ഠാനമെന്ന നിലയിൽ അല്ലാതെ നോമ്പനുഷ്ഠി ക്കുന്നവൻ അല്ലാഹുവിന്റെ ഹംദി ലും തസ്ബീഹിലും തഹ്‌ലീലിലും മുഴുകിയിരിക്കേണ്ടതാണ്. ഇത്മൂലം ആത്മീയാഹാരം അവർക്ക് ലഭിക്കു ന്നു.

**ഹജ്ജ്:** അതേ പ്രകാരം തന്നെയാണ് ഹജ്ജ്. ഹജ്ജ് എന്നത് കൊണ്ട് ഒരാൾ വീട്ടിൽ നിന്ന് പുറപ്പെടു കയും സമുദ്രത്തെ പിളർന്ന് കൊണ്ട് യാത്രചെയ്യുകയും അവിടെ ച്ചെന്ന് പല ആചാരാനുഷ്ഠാന ങ്ങളും നിർവഹിച്ച് തിരിച്ചു വരികയും ചെയ്യുക എന്നതല്ല ഉദ്ദേശ്യം. യഥാർഥമെന്തെന്നാൽ ഹജ്ജ് മഹോന്നതമായ ഒരു കാര്യമാണ്. പരിപൂർണമായും സുലൂക്കിന്റേയും(ആത്മീയ സഞ്ചാരത്തിന്റെ) അവസാനത്തെ സ്ഥാനമാണ് എന്ന് മനസ്സിലാക്കു ക. മനുഷ്യൻ തന്റെ നഫ്സിനോടു ള്ള ബന്ധം വിച്ഛേദിക്കുക എന്നതി ന്റെ അർഥം അവൻ അല്ലാഹുവി നോട് മാത്രമുള്ള സ്നേഹത്തിൽ സ്വയം ലയിക്കുക, ദൈവാനു രക്തിക്കും ദൈവസ്നേഹത്തിനു മെതിരെ ഒരു വിധത്തിലുള്ള യാത്രാ ക്ലേശമോ ജീവനെ കുറിച്ചോ മുതലിനെ കുറിച്ചോ ഉള്ള ചിന്തയും വ്യാകുലതയോ ബന്ധുമിത്രാദികളെ വിട്ടു പിരിയുന്നതിലുള്ള വ്യസന മോ ഇല്ലാതിരിക്കുകയുമാണ് ഹജ്ജ് കൊണ്ടുള്ള ഉദ്ദേശ്യം. എപ്രകാരം ഒരു പ്രേമി തന്റെ പ്രേമഭാജന ത്തിനു ചുറ്റും വലം വെക്കുന്നുവോ അതേ പ്രകാരമാണ് ഹജ്ജിന്റെ ത്വവാഫ് വെച്ചിരിക്കുന്നത്. വളരെ സൂഷ്മമായ ഒരു തത്ത്വം അതിലു ണ്ട്. ബാഹ്യമായ ബൈത്തുല്ലായെ കൂടാതെ ഒന്ന് അതിന് മീതെയുണ്ട്. ഏത്‌വരെ അതിനെ ത്വവാഫ് ചെയ്യപ്പെടുന്നില്ലയോ അത്‌വരെ ഇതിന്റെ ത്വവാഫ് പ്രയോജന കരമോ ഫലപ്രദമോ ആവില്ല. ബാഹ്യമായ നിലയിൽ ത്വവാഫ് ചെയ്യുന്നവർ ഏറ്റവും ചുരുങ്ങിയ വസ്ത്രധാരണം ചെയ്തുകൊണ്ട് ത്വവാഫ് ചെയ്യുന്നതായി നിങ്ങൾ കാണുന്നു. അതേപ്രകാരം അതിനെ ത്വവാഫ് ചെയ്യുന്നത് ഭൗതികമായ വസ്ത്രങ്ങൾ ഉപേക്ഷിച്ച് വിനയവും കീഴ്‌വണക്കവും സ്വായത്തമാക്കി കൊണ്ട് പ്രേമാത്മകമായ നിലയിൽ ത്വവാഫ് ചെയ്യേണ്ടതാണ്. ത്വവാഫ് ദൈവാനുരക്തിയുടെ അടയാള മാണ്. ഇതിന്റെ അർഥം ദൈവേച്ഛ ക്കും അവന്റെ തൃപ്തിക്ക് ചുറ്റും ത്വവാഫ് ചെയ്യുക എന്നതാണ്. മറ്റൊരു ഉദ്ദേശ്യവും അതിൽ അവശേഷിക്കുന്നില്ല.

**സക്കാത്ത്:** അതേ പ്രകാരം തന്നെ യാണ് സക്കാത്തും. ധാരാളം പേർ സക്കാത്ത് കൊടുക്കുന്നുണ്ടെങ്കി ലും ഏതൊന്നിന്റെ സക്കാത്താണെ ന്നവർ മനസ്സിലാക്കുന്നില്ല. നായയെ യോ പന്നിയെയോ അറുക്കുന്നത് കൊണ്ട് മാത്രം അത് ഹലാലാകുന്നി ല്ല. സക്കാത്ത് തസ്കിയ (പരിശുദ്ധി) ത്തിൽ നിന്നും ഉണ്ടായതാണ്. ധനത്തെ പരിശുദ്ധമാക്കുക. എന്നിട്ട് അതിൽ നിന്ന് സക്കാത്ത് കൊടു ക്കുക. അതിൽ നിന്ന് കൊടുക്കുന്ന ആളുടെ സത്യത നില നിൽക്കുന്നു. എന്നാൽ ഹലാലിനും ഹറാമി നുമിടയിലുള്ള വ്യത്യാസം മനസ്സി ലാക്കാൻ സാധിക്കാത്ത ആൾക്ക് അതിന്റെ യഥാർഥ തത്ത്വത്തെ കുറിച്ച് മനസ്സിലാക്കാൻ സാധിക്കു ന്നതല്ല. ഇത്തരം തെറ്റുകളിൽനിന്ന് അകന്ന് നിൽക്കേണ്ടതാണ്. ഇസ്‌ലാമിന്റെ അർക്കാനുകളുടെ യാഥാർഥ്യത്തെ കുറിച്ച് നന്നായി മനസ്സിലാക്കേണ്ടതാണ്. എന്നാൽ മാത്രമേ അർക്കാൻ മോക്ഷം നൽകുകയുള്ളൂ. അല്ലെങ്കിൽ ഇല്ല. മനുഷ്യൻ താൻ ചെയ്യുന്ന കർമങ്ങളിൽ അഹങ്കാരം കൊള്ളാൻ പാടില്ലാത്തതാണ്. അതിൽ സന്തോ ഷം കൊള്ളാനും പാടില്ലാത്തതാണ്. അല്ലാഹുവിനോട് ആരെയും പങ്കുചേർക്കാൻ പാടുള്ളതല്ല. സൽക്കർമങ്ങൾ ചെയ്യുക. പണ ത്തോടുള്ള സ്നേഹം പാടില്ലാത്ത താണ്. അല്ലാഹു പറയുന്നു: 'നിങ്ങൾക്ക് പ്രിയങ്കരമായിട്ടുള്ള തിൽ നിന്ന് ചെലവ് ചെയ്യുന്നതു വരെ നിങ്ങൾക്ക് നന്മ കരസ്ഥമാ ക്കാൻ സാധിക്കുന്നതല്ല. റസൂൽ തിരുമേനി (സ)യുടെ കാലത്തെ നിങ്ങൾ മാതൃകായെടുക്കുക. ആ കാലത്തുള്ള സഹാബാക്കൾ തങ്ങളുടെ ജീവനെയോ ഭാര്യാ മക്കളെയോ അധികമായി വിലമതി ക്കുന്നില്ല. മറിച്ച് ഓരോരുത്തരും റസൂൽ തിരുമേനി(സ)യുടെ തൃപ്പാദ ങ്ങളിൽ ശഹീദായി തീരുവാനാണ് കാംക്ഷിക്കുന്നത്. നിങ്ങളിൽ ഈ പ്രവണത കാണുന്നതായി നിങ്ങൾ

ശേഷം പേജ് 41 ൽ

ഭാഗം-2

# ആത്മീയ തരംഗ പ്രഭാവം

പ്രവാചകന്മാരിൽ നിന്ന് ഉരുവം കൊള്ളുന്ന ആത്മീയ തരംഗങ്ങൾ കാലദേശങ്ങൾക്കതീതമായ സ്വാധീനങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമാണ്. ഇരുൾ മുറ്റിയ യുഗങ്ങളെ അത് പ്രകാശവത്താക്കി മാറ്റുന്നു. ആത്മീയ സ്വാധീനങ്ങളെ കുറിച്ച് ഖലീഫത്തുൽ മസീഹ് സാനി ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) 1919 ഫിബ്രവരി 16 ന് ലാഹോറിൽ വെച്ച് നടത്തിയ ശ്രദ്ധേയമായ ഒരു പ്രഭാഷണത്തിന്റെ വിവർത്തനം. **വിവ: ആരിഫ് മുഹമ്മദ്. ബി. എം.**

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

### സഹവാസത്തിന്റെ സ്വാധീനം

സ്ഥലകാല സാമീപ്യം സ്വാധീനിക്കുന്നു എന്നതിന് പൊതുവായതും പ്രകടവുമായ തെളിവ് നിങ്ങൾ പലവട്ടം അനുഭവിച്ചിട്ടുണ്ടാകും. ആർക്കെങ്കിലും കത്തെഴുതിക്കൊണ്ട് ഒരു കാര്യം ചെയ്യാൻ പറഞ്ഞാൽ അയാൾ അത് നിരസിക്കുന്നു. അതേസമയം, സ്വയം അയാളുടെ അടുത്ത് പോയി പറഞ്ഞാൽ അതു ചെയ്തു തരികയും ചെയ്യും. ഈ പറയുന്ന എല്ലാവർക്കും കാരണമെന്തെന്ന് അറിയില്ല. നേരിട്ട് വന്നതിന്റെ പരിഗണനയാണെന്നാണ് പറയുന്നത്. എന്നാൽ, വാസ്തവത്തിൽ അത് ചിന്താധാരയുടെ സ്വാധീനമാണ്. സാമീപ്യം കാരണത്താൽ അത് അധികമായി ഭവിക്കുകയാണ് ചെയ്യുന്നത്. ഈ രീതിയിൽ ആരോടെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അയാൾ അത് അംഗീകരിക്കുന്നു. അതുപോലെ, ഒരു പ്രാസംഗികനിൽ നിന്ന് നേരിട്ട് കേട്ട പ്രസംഗം പ്രസിദ്ധീകരിക്കപ്പെട്ടതിനു ശേഷം വായിച്ചാൽ നേരിട്ട് കേൾക്കുന്നത്ര സ്വാധീനം ഉളവാകില്ല. നേരിട്ട് കേൾക്കുമ്പോൾ വലിയ ആനന്ദവും രസവും കൈവരുന്നു. പക്ഷേ, അച്ചടിച്ച ശേഷം വായിക്കുമ്പോൾ അത്ര രസം കിട്ടില്ല. എഴുതുന്ന ആള് വേണ്ടവിധം എഴുതിയില്ല എന്നാണ് ഇതിന് കാരണമായി പറയാറ്. എന്നാൽ, സംഗതി എന്താണെന്ന് വെച്ചാൽ, എഴുതുന്നവന് വാക്കുകൾ മാത്രമേ എഴുതാൻ കഴിയൂ. പ്രസംഗിക്കുന്ന ആളിൽ നിന്ന് പുറപ്പെടുന്ന തരംഗങ്ങളെ സൃഷ്ടിക്കാൻ അയാൾക്ക് ആവില്ലല്ലോ. അതുകൊണ്ട് തരംഗങ്ങളോടൊപ്പം ചേരുമ്പോഴുണ്ടാകുന്നത്ര സ്വാധീനം വെറും വാക്കുകൾക്ക് ഉണ്ടാവില്ല. അടുത്തിരിക്കുന്നതിനാൽ ശ്രോതാക്കളിൽ പൂർണമായി എത്തുകയും ചെയ്യുന്നു. അങ്ങനെ പ്രസംഗം കേൾക്കുമ്പോൾ കൂടുതൽ പ്രഭാവിതരായി മാറുന്നു. വായിക്കുമ്പോൾ ഒന്നാമതായി ദൂരം ഉണ്ട്. രണ്ടാമതായി, വാക്കുകൾ മാത്രമായതിനാൽ അത്ര ആനന്ദമോ സ്വാധീനമോ ലഭിക്കില്ല.

### മുജദ്ദിദീങ്ങളുടെ ആവിർഭാവത്തിനുള്ള കാരണം

ഇക്കാരണത്താലാണ് ഇസ്‌ലാമിൽ മുജദ്ദിദീങ്ങൾ സദാ ആവിർഭവിച്ചു കൊണ്ടിരുന്നത്. എന്തെന്നാൽ, വിശുദ്ധ ഖുർആനിലെ വെറും പദങ്ങൾ സ്വാധീനിക്കുന്നതിനേക്കാൾ അത് അല്ലാഹു പരിശുദ്ധരാക്കിയ മനുഷ്യന്റെ വായിൽ നിന്ന് പുറപ്പെടുമ്പോൾ കൂടുതലായി സ്വാധീനിക്കപ്പെടുന്നു. ആയതിനാൽ, ഒരു വ്യക്തിയിൽ നിന്ന് പുറപ്പെടുന്ന തരംഗം അതൊരിക്കലും പാഴാകാതെ തീർച്ചയായും പ്രഭാവം ചെലുത്തുന്നു. തരംഗങ്ങളുടെ ശക്തിയിലുള്ള ഏറ്റക്കുറച്ചിലുകൾ കാരണം കൂടുതലോ കുറവോ സ്വാധീനം ചെലുത്തുന്നു എന്നത് വേറെ കാര്യം. ഇതുപോലെയാണ് അടുത്തും അകലെയുമുള്ള വസ്തുക്കൾ സ്വാധീനം ചെലുത്തുന്നത്. പക്ഷേ, പ്രഭാവം ചെലുത്തുന്നുണ്ട് എന്നത് തീർച്ചയാണ്. അതുകൊണ്ട് ഇതിൽ നിന്ന് വ്യക്തമാകുന്നത്, ആരും തന്നെ തങ്ങളെ നിരുത്തരവാദികളെന്ന് കരുതി തങ്ങൾ പറയുന്നതൊന്നും പ്രഭാവം ചെലുത്തുന്നില്ല എന്ന് വിചാരിക്കരുത് എന്നാണ്.

### ഏറ്റവും അബദ്ധം പിണഞ്ഞ മനുഷ്യൻ

ആരെങ്കിലും ഫിത്നയുടേയും ഫസാദിന്റേയും വല്ല കാര്യവും പറഞ്ഞുകൊണ്ട് എനിക്കെന്താ? എനിക്ക് ഇതിൽ ഉത്തരവാദിത്തം ഒന്നുമില്ലല്ലോ, എന്റെ കാര്യങ്ങൾ എങ്ങനെ സ്വാധീനിക്കാനാണ്?

എന്ന് പറയുകയാണെങ്കിൽ അത് തികച്ചും തെറ്റാണ്. അയാളുടെ കാര്യങ്ങൾ ബാഹ്യമായി സ്വാധീനിച്ചില്ലായിരിക്കാം. എങ്കിലും അയാളിൽ നിന്ന് പുറപ്പെടുന്ന തരംഗങ്ങൾ തീർച്ചയായും ദുർബലരായ ആളുകളെ ചീത്തയാക്കുന്നു. അത്തരം ആളുകൾ, അടുത്താണെങ്കിലും അകലെയാണെങ്കിലും എന്തെങ്കിലുമൊക്കെ പ്രഭാവം തീർച്ചയായും ചെലുത്തുന്നതാണ്. കഴിവ് കൂടുതലുള്ളവർ അതിനെ നേരിടുമെങ്കിലും കഴിവ് കുറഞ്ഞവർ സ്വാധീനിക്കപ്പെടുന്നതാണ്. അതുകൊണ്ട് ഞങ്ങൾക്കൊരു ഉത്തരവാദിത്വവും ഇല്ല, ഞങ്ങളുടെ കാര്യങ്ങൾ സ്വാധീനം ഒന്നും ഉണ്ടാക്കുകയില്ല എന്ന് ആരും ചിന്തിക്കരുത്. പ്രഭാവം തീർച്ചയായും ഉണ്ടാകുന്നതാണ്.

## വിശ്വാസി ജാഗ്രത പുലർത്തുക

അതുകൊണ്ട് തന്റെ ഓരോ കാര്യം ചെയ്യുമ്പോഴും പറയുമ്പോഴും വിശ്വാസി അങ്ങേയറ്റം ജാഗ്രത പുലർത്തേണ്ടതാണ്. ഫിത്ന ഉണ്ടാക്കുന്ന ഒന്നും ചെയ്യാതിരിക്കുക. എന്തെന്നാൽ, അങ്ങനെ ജാഗ്രത പുലർത്താത്തവൻ തന്റെ കൈകാലുകളും നാവും ചിന്തകളും മുഖേന വിഷം വ്യാപിപ്പിക്കുകയും ഒരുപാട് പേരെ നശിപ്പിക്കുകയുമാണ് ചെയ്യുന്നത്. അവർ ഇസ്‌ലാമിൽ തടസ്സം സൃഷ്ടിക്കുകയും ഇസ്‌ലാമിനെ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നവർക്ക് തടസ്സമായി വർത്തിക്കുകയും ചെയ്യുന്നു. കാരണം, ഇസ്‌ലാമിക പ്രചാരകരുടെ ഹൃദയങ്ങളിൽ ഇസലാം പ്രചാരണത്തിന്റെ തരംഗം സംജാതമാകേണ്ടിടത്ത് അവന്റെ മനസ്സിൽ കുഴപ്പങ്ങളും അസമാധാനവും സൃഷ്ടിക്കുന്ന ചിന്തകൾ ഉടലെടുക്കുന്നു. ആയതിനാൽ, ഓരോ വ്യക്തിയും തന്റെ ചിന്തകളിലും പ്രവർത്തികളിലും ഒരു മുൻകരുതൽ വെയ്ക്കേണ്ടതാണ്. വളരെ ചെറിയ ഫിത്നയ്ക്ക് പോലും ഇട നല്കും വിധത്തിലുള്ള ഒരു കാര്യവും ചെയ്യരുത്. എല്ലാവിധ ദുഷ്ചിന്തകളെയും അതിജയിച്ചുകൊണ്ട് സദ്ചിന്തകളും സദുദ്ദേശ്യങ്ങളും ഹൃദയത്തിൽ സംജാതമാക്കുക. അങ്ങനെയുള്ള വ്യക്തി വീട്ടിലിരുന്നാൽ പോലും വിദൂരമായ സ്ഥലങ്ങളിൽ ഇസ്‌ലാമിന്റെ പ്രചാരണത്തിനു കാരണമായി ഭവിക്കുന്നതാണ്. എന്തെന്നാൽ, അയാളുടെ മനസ്സിൽ നിന്നുയരുന്ന നല്ല തരംഗങ്ങൾ അങ്ങകലെ വരെ വ്യാപിക്കുകയും ജനങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്നതാണ്.

## ഉദ്ദേശ്യത്തിലും കർമത്തിലും വ്യത്യാസം

അതുകൊണ്ടാണ് ഹദ്റത്ത് ഉമർ (റ) പറഞ്ഞത് നിയ്യത്തുൽ മുഅ്മിനി ഖൈറുൻ മിൻ അമലിഹി. അതായത്, വിശ്വാസിയുടെ ഉദ്ദേശ്യം അവന്റെ കർമത്തേക്കാൾ നല്ലതാണ്. ചിലർ ഇതിനെ നബി(സ)യുടെ ഹദീസ് ആണെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ, ഇത് ഹദീസല്ല. ഹദ്റത്ത് ഉമറി (റ) ന്റെ വാക്കുകളാണ്. ഉദ്ദേശ്യം കർമത്തേക്കാൾ നല്ലതാകുകയും നല്ല ഉദ്ദേശ്യങ്ങൾ ഉണ്ടാകുന്നത് കർമത്തേക്കാൾ നല്ലതാകുകയും ചെയ്യുന്നതെങ്ങനെയെന്ന് ബാഹ്യദൃഷ്ടി കൊണ്ട് നോക്കുന്ന ആൾ ചോദിച്ചേക്കാം.

പക്ഷേ, വാസ്തവമെന്തെന്നാൽ ഹൃദയത്തിൽ പരിവർത്തനം വരുത്തുന്ന മനുഷ്യൻ സദ്കർമങ്ങളിലും മാറ്റം വരുത്തുക തന്നെ ചെയ്യും. എന്നാൽ അയാളുടെ ഹൃദയത്തിന്റെ സ്വാധീനം വളരെ ദൂരം വരെ എത്തുന്നതിലൂടെ ജനങ്ങൾ ഇസ്‌ലാമിലേക്ക് ആകൃഷ്ടരായി വരുന്നതിനാൽ ഉദ്ദേശ്യത്തിന്റെ സ്ഥാനം കർമത്തെക്കാൾ ഉന്നതമാണെന്ന് പറയപ്പെട്ടിരിക്കുന്നു. കാരണം, കർമം അത് കാണുന്നവരെ പരിമിതമായ നിലയിൽ മാത്രമേ സ്വാധീനിക്കുന്നുള്ളൂ. പക്ഷേ, ഹൃദയസ്വാധീനം വളരെ ദൂരം വരെ എത്തുന്നു. ഉദ്ദേശ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും സംഭാഷണങ്ങളുടെയും സ്വാധീനങ്ങൾ വളരെ വിശാലമായതിനാൽ അതിനെ സംബന്ധിച്ച് വിശ്വാസി ജാഗരൂകനായിരിക്കേണ്ടതാണ്. എന്നാൽ, പൊതുവെ കാണപ്പെടുന്നത്, ആരുടെയെങ്കിലും മനസ്സിൽ വല്ല ചിന്തയും ഉടലെടുക്കുകയാണെങ്കിൽ അതെത്ര തന്നെ കുഴപ്പം ഉണ്ടാക്കുന്നതായാലും അതിനെ പ്രചരിപ്പിക്കുകയും മറ്റുള്ളവരെ ഇതിൽ ഭാഗഭാക്കാകുകയും ചെയ്യുന്നതായിട്ടാണ്. ഇത് വിശ്വാസിക്ക് ഭൂഷണമല്ല.

## വിശ്വാസിയുടെ പ്രത്യേകത

തന്റെ ചിന്തകളിലും ഉദ്ദേശ്യങ്ങളിലും പൂർണമായും ആധിപത്യമുള്ളവനാണ് വിശ്വാസി. തന്റെ മനസ്സിൽ അവൻ നല്ല ചിന്തകളെ കടത്തി വിടുകയും ദുഷ്ചിന്തകളെ തടയുകയും ചെയ്യുന്നു. ഇത് പ്രയാസമുള്ള കാര്യമൊന്നുമല്ല. മനുഷ്യൻ അല്ലാഹുവിലേക്ക് കുനിയുമ്പോൾ സ്വയം തന്നെ നിയന്ത്രിതനാവുകയും സത്പ്രേരണകളുണ്ടാകാൻ തുടങ്ങുകയും ചെയ്യുന്നു. നമ്മുടെ ജമാഅത്തിലെ ആളുകൾ ആദ്യം തങ്ങളുടെ ചിന്തകളെയും ഉദ്ദേശ്യങ്ങളെയും പരിഷ്കരിക്കേണ്ടത് എത്രയും അനിവാര്യമാണ്. പല ആളുകളും ഇതിനെ കാര്യമായി എടുക്കാറില്ല. തന്റെ മനസ്സിനു മേൽ നിയന്ത്രണം നേടുക എന്നത് എല്ലാറ്റിലും പ്രധാനമാണ്. മനോനിയന്ത്രണം ലഭിച്ചാൽ എല്ലാം ലഭിച്ചു. ഹദ്റത്ത് അബൂബക്കറി (റ)നെക്കുറിച്ചു നബി(സ)പറഞ്ഞു: "നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് ഇത്യാദികാര്യങ്ങളല്ല അബൂബക്കറിനെ മഹാനാക്കുന്നത്. മറിച്ച്, അദ്ദേഹത്തിന്റെ ഹൃദയത്തിലുള്ളതാണ് അദ്ദേഹത്തെ മഹാനാക്കുന്നത്." ഹൃദയത്തിൽ ഉടലെടുക്കുന്ന സംഗതികൾക്കാണ് വാസ്തവത്തിൽ ബാഹ്യകർമ്മങ്ങളേക്കാൾ ശ്രേഷ്ഠത ഉള്ളത്. നമസ്കരിക്കുകയും നോമ്പെടുക്കുകയും സകാത്ത് നല്കുകയും ഹജ്ജ് നിർവഹിക്കുകയും ചെയ്യുന്ന ഒരുപാട് പേരുണ്ട്. പക്ഷേ, അവർക്ക് ഒന്നും ലഭിക്കാറില്ല. അതിനു കാരണം, അവരുടെ ഉദ്ദേശ്യം ശരിയായതല്ല എന്നതാണ്. നബി

(സ) തിരുമേനിപറയുന്നു: ''ഒരു മനുഷ്യൻ ജീവിതം മുഴുവനും സ്വർഗസ്ഥരുടേതായ പ്രവൃത്തികൾ ചെയ്യുന്നു. പക്ഷേ, തന്റെ ഹൃദയത്തിലെ ചില സംഗതികൾ കാരണം മരണസമയത്ത് അയാൾ നരകത്തിലേക്ക് തള്ളപ്പെടുന്നു. ഇതുപോലെ ഒരു മനുഷ്യൻ ജീവിതം മുഴുവൻ നരകവാസികളുടേതുപോലുള്ള കർമങ്ങൾ ചെയ്ത് നരകത്തിനടുത്തെത്തുന്നു. എന്നാൽ, അയാളുടെ ഹൃദയത്തിലെ സംഗതികൾ കാരണം അയാൾ നരകത്തിൽ പതിയുന്നതിൽ നിന്ന് ദൈവം അയാളെ രക്ഷിച്ച് സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നു.'' ഈശ്വരസാക്ഷ്ത്കാരത്തിന് ബാഹ്യകർമങ്ങൾ മാത്രം പോര എന്നാണ് ഇതിൽ നിന്ന് മനസ്സിലാകുന്നത്. മനുഷ്യൻ ബാഹ്യകർമങ്ങൾ എത്ര തന്നെ ചെയ്താലും അവന്റെ ഹൃദയത്തിൽ വിശ്വാസ വെളിച്ചവും ആത്മാർഥതയും ഇല്ലെങ്കിൽ ചെറിയ ചെറിയ കാര്യങ്ങളാൽ ഇടർച്ച സംഭവിച്ച് എവിടെയോ എത്തിപ്പോകുന്നു. അയാളുടേത് പരമിതവും ഉപരിപ്ലവുമായ കർമങ്ങളായതിനാലാണ് വളരെ കുറച്ച് ഫലം മാത്രം ലഭിക്കുന്നത്. ഇതിനെ അപേക്ഷിച്ച് ആത്മീയ തരംഗങ്ങൾ വളരെ ഗഹനവും സ്ഥിരതയുള്ളതുമാണ്. അത് ഹൃദയത്തിൽ നിന്ന് പുറപ്പെടുന്നു. അതുകൊണ്ട് തന്നെ ഹൃദയസംസ്കരണം എല്ലാറ്റിലും അനിവാര്യവും സുപ്രധാനവുമാണ്. ഒരു മനുഷ്യൻ ബാഹ്യമായി ഇസ്‌ലാമിക കർമങ്ങളനുഷ്ഠിക്കുകയും എന്നാൽ അയാളുടെ ഹൃദയത്തിൽ ഇസ്‌ലാമിക പ്രചാരണത്തിനു തടസ്സം നില്ക്കുന്ന തരംഗങ്ങളാണ് ഉയിർകൊള്ളുന്നതുമെങ്കിൽ അയാൾ ഇസ്ലാമിന്റെ എതിരാളിയാണ്. അതുകൊണ്ടാണ് നബി(സ) തിരുമേനി അരുളിയത്: "മനുഷ്യൻ എപ്പോഴും ജാഗ്രതയുള്ളവനായിരിക്കേണ്ടതാണ്. അവന്റെ ശരീരത്തിൽ ഒരു ഭാഗമുണ്ട്. അത് മോശമായാൽ ശരീരം മുഴുവൻ മോശമാകും. അത് നല്ലതായാൽ ശരീരം മുഴുവൻ നല്ലതാകും. അത് ഹൃദയമാണ്" ആയതിനാൽ ഒരാളുടെ ഹൃദയത്തിൽ ദുഷ്ചിന്തകൾ ഉണ്ടാകുമ്പോൾ അയാളുടെ ശരീരം മുഴുവനും ദുഷിക്കുകയും നല്ല ചിന്തകൾ ഉടലെടുക്കുമ്പോൾ ശരീരം മുഴുവൻ നല്ലതായിത്തീരുകയും ചെയ്യുന്നു. അതുകൊണ്ടു തന്നെ ഹൃദയത്തെ മിനുക്കുകയും അതിൽ പരിശുദ്ധി സംജാതമാക്കുകയും ചെയ്യേണ്ടത് എത്രയും അനിവാര്യമാണ്.

### വാഗ്ദത്ത മസീഹ്(അ) മുഖേന ഒഴുകിയ ധാര

നോക്കുക, വാഗ്ദത്ത മസീഹ്(അ) തബ്ലീഗിനു വേണ്ടി ലോകം മുഴുവൻ സഞ്ചരിച്ചിട്ടില്ല. എന്നാൽ, അദ്ദേഹം ഒഴുക്കിയ ധാര ലോകം മുഴുവൻ വ്യാപിച്ചു കൊണ്ടിരിക്കുകയാണ്. എല്ലാ സമൂഹങ്ങളിലും മതത്തെപ്പറ്റി ചർച്ച നടന്നു കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ജനങ്ങൾ വാഗ്ദത്ത മസീഹി(അ)നെ സത്യവാനായി കരുതുന്നില്ലായിരിക്കാം; അദ്ദേഹത്തെ സ്വീകരിക്കുന്നില്ലായിരിക്കാം. പക്ഷേ, ബോധം നഷ്ടപ്പെട്ടവൻ കണ്ണു തുറക്കുമ്പോൾ അവന്റെ കൈകൾ ആദ്യം അവന്റെ ചുറ്റുമുള്ള വസ്തുക്കളിലാണല്ലോ പതിയുക. അതുപോലെ, അശ്രദ്ധയിൽ നിന്ന് കണ്ണു തുറന്നു കൊണ്ടിരിക്കുന്ന അവരുടെ ശ്രദ്ധ ഏറ്റവും സമീപത്തുള്ള കാര്യങ്ങളിലേക്ക് ആണ് പതിഞ്ഞു കൊണ്ടിരിക്കുന്നത്. പക്ഷേ, കണ്ണ് നല്ലവണ്ണം തുറക്കുമ്പോൾ യഥാർഥ സംഗതിയിലേക്ക് അവർ ശ്രദ്ധിക്കാൻ തുടങ്ങുന്നതാണ്. എന്തായാലും, വാഗ്ദത്ത മസീഹ് (അ) ഒഴുക്കിയ ധാര അത് ലോകം മുഴുവൻ വ്യാപിച്ചു കൊണ്ടിരിക്കുകയാണെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

അതുകൊണ്ട്, ഹൃദയത്തിലെ ധാര ലോകം മുഴുവൻ വ്യാപിക്കുന്നുവെന്നതിൽ സംശയമില്ല. അടുത്തുള്ളവരിൽ അത് കൂടുതൽ പ്രഭാവം ചെലുത്തുന്നു. എന്നാൽ, നബി പ്രഭവകേന്ദ്രമായതിനാൽ ഒരു സ്ഥലത്ത് നിന്നു കൊണ്ട് ധാരയെ വ്യാപിപ്പിക്കുകയാണ് ചെയ്യുന്നത്. ഈ രീതിയിൽ ഉണ്ടാകുന്ന ധാരയുടെ പ്രഭാവം എല്ലായിടത്തും ചുറ്റിസഞ്ചരിക്കുന്നതു കൊണ്ട് ലഭിക്കുകയില്ല. വാഗ്ദത്ത മസീഹ്(അ) തുടക്കത്തിൽ പല സ്ഥലങ്ങളിലും പോയിട്ടുണ്ട്. പക്ഷേ, പിന്നീട് ഒരിടത്ത് നിലയുറപ്പിക്കുകയാണുണ്ടായത്. അതുപോലെ തന്നെ നബി(സ) തിരുമേനി ആദ്യകാലങ്ങളിൽ വിവിധ സ്ഥലങ്ങളിൽ പോയിക്കൊണ്ടിരുന്നെങ്കിലും പിന്നീട് യുദ്ധത്തിനു വേണ്ടി പോകേണ്ടി വന്നതൊഴിച്ചാൽ തബ്‌ലീഗിനു വേണ്ടി എങ്ങും പോയിട്ടില്ല. ഇതു പോലെ വാഗ്ദത്ത മസീഹും(അ) കാശ്മീർ വരെ പോയതിനു ശേഷം നിർത്തുകയാണുണ്ടായത്. നബിമാർ ആദ്യകാലങ്ങളിൽ ചുറ്റിസഞ്ചരിക്കാറുണ്ടെങ്കിലും പിന്നീട് അവർ ഒരിടത്ത് നിലയുറപ്പിക്കുകയും അവിടെ ഇരുന്നു കൊണ്ട് അങ്ങകലെയോളം തങ്ങളുടെ പ്രഭാവങ്ങളെ വ്യാപിപ്പിക്കുകയും ചെയ്യാറാണ് പതിവ്. വാഗ്ദത്ത മസീഹ്(അ) ഒരിടത്ത് ഇരുന്നു കൊണ്ട് തന്റെ പ്രഭാവം എല്ലാ സ്ഥലങ്ങളിലേക്കും എത്തിച്ചത് എങ്ങനെയാണെന്ന് നോക്കുക. ഇന്ന് ആ പ്രഭാവം ദൃശ്യമല്ലെങ്കിലും അദ്ദേഹത്തിന്റെ പ്രഭാവം എത്താത്ത ഒരു സ്ഥലവുമില്ലെന്ന് കാലം പറയുന്നതാണ്; പറഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്നു. ആയതിനാൽ, ഹൃദയസംസ്കരണം അനിവാര്യമാണ്. ഹൃദയസംസ്കരണം നടത്താത്തവൻ അശ്രദ്ധയിൽ കിടന്നുറങ്ങുകയാണ്. അവൻ ഇസ്‌ലാമിന്റെ മിത്രമല്ല; ശത്രുവാണ്. എന്തെന്നാൽ, മറ്റുള്ളവരിൽ ദുഷ്പ്രഭാവം ചെലുത്തുന്ന ദുർഗന്ധമാണ് അവന്റെ ഹൃദയത്തിൽ നിന്ന് നിർഗളിക്കുന്നത്. അതുകാരണം അവർ ഇസ്‌ലാമിൽ നിന്ന് അകലുന്നു.

### ഇസ്‌ലാമിന്റെ പ്രചാരണം ഹൃദയസംസ്കരണത്തിലൂടെ എളുപ്പമാകുന്നു

ആയതിനാൽ, നിങ്ങളിലൂടെ ഇസ്‌ലാമിക പ്രചാരണം എളുപ്പമാകുന്നതിന് നിങ്ങൾ സ്വന്തം ഹൃദയങ്ങളെ പരിഷ്ക്കരിക്കണമെന്ന സന്ദേശമാണ് ഞാൻ നൽകുന്നത്. നമ്മുടെ ജമാഅത്തിലെ ആളുകൾ പൂർണമായ നിലയിൽ തങ്ങളുടെ പരിഷ്കരണം നടത്തുകയില്ലെങ്കിൽ അവർ വിശ്വാസത്തിന്റെ ഉന്നത നിലവാരം പ്രാപിക്കാത്തവരാകുമെന്ന് മാത്രമല്ല, മറ്റുള്ളവരുടെ വിശ്വാസത്തിലും തടസ്സമുണ്ടാക്കുന്നവരാകും. ചന്ദ കൊടുക്കുന്നതാണ് പരിഷ്കരണം എന്നാണ് ഈയിടെ പലരും ധരിച്ചു വെച്ചിരിക്കുന്നത്. അവർ തങ്ങളുടെ കഴിവനുസരിച്ച് ചന്ദ നൽകുകയും വസിയ്യത്ത് ചെയ്യുകയും പലവിധത്തിലുള്ള ത്യാഗങ്ങൾ വരിക്കുകയും ചെയ്യുന്നു. പക്ഷേ, ഒരു ചെറിയ സംഗതി കാരണം അടി പതറിപ്പോകുന്നു. അവരുടെ ബാഹ്യകർമങ്ങൾ നല്ലതായിരുന്നുവെങ്കിലും വിശ്വാസം അവരുടെ ഹൃദയത്തിൽ ശക്തമായി ആഴ്ന്നിറങ്ങിയിട്ടില്ല എന്നാണ് ഇതിൽ നിന്ന് മനസ്സിലാകുന്നത്. അവർ പൂർണമായി ഹൃദയശുദ്ധീകരണം നടത്തിയിട്ടുണ്ടായിരുന്നില്ല. മലത്തിന്റെ മേലുള്ള ഉണങ്ങിയ ഭാഗം പോലെയാണത്. ചെറുതായൊന്ന് ഇളക്കിയാൽ ദുർഗന്ധം വമിക്കും. ചെറിയ കാര്യങ്ങൾ കൊണ്ട് അടിതെറ്റാൻ നിമിത്തമാവുന്ന ഒരുപാട് ഉദാഹരണങ്ങൾ ഇത്തരത്തിലുണ്ട്. അങ്ങനെയുള്ള ആളുകൾ മുഖേനയുണ്ടാകുന്ന കുഴപ്പങ്ങൾ എത്ര ഗൗരവാവഹമാണെന്ന് അവർ ഗൗനിക്കാറില്ല. ഒരാളുടെ ചാഞ്ചല്യത്തെക്കുറിച്ച് അറിയാനിടയായപ്പോൾ ഞാൻ അദ്ദേഹത്തിന്റെ അടുത്തേക്ക് ആളെ അയച്ചു. അയാളോട് അദ്ദേഹം പറഞ്ഞു: ''എനിക്ക് പണത്തിന്റെ ആവശ്യമുണ്ടായിരുന്നു. മിയാൻ സാഹിബ് അതെനിക്ക് തന്നില്ല. ലാഹോരി സഹോദരന്മാരാണ് തന്നത്. ഞാനെന്ത് ചെയ്യാനാണ്? അവരിൽ നിന്ന് ഞാൻ എങ്ങനെയാണ് വിട്ട് നിൽക്കുക?'' നാം അന്നേരം അദ്ദേഹത്തെ സഹായിക്കാത്തത് നമ്മുടെ തെറ്റാണെന്ന് സമ്മതിച്ചാൽ തന്നെ (പക്ഷേ, ഈ തെറ്റിധാരണ അദ്ദേഹത്തിന് സ്വന്തം വീട്ടിൽ നിന്ന് തന്നെയാണുണ്ടായത്) ഇതിൽ നിന്ന് ഹ: മിർസാ സാഹിബ് നബിയല്ലെന്ന് മനസ്സിലാകുന്നതെങ്ങനെ? മാത്രമല്ല, എന്നെക്കുറിച്ച് അദ്ദേഹത്തിന്റെ ഇഷ്ടം പോലെ പറഞ്ഞു കൊള്ളട്ടെ. പക്ഷേ, അക്കാരണം കൊണ്ട് അഹ്മദികൾ അമുസ്‌ലിംകളാണെന്ന് അദ്ദേഹത്തിന് എങ്ങനെ മനസ്സിലായി? ഞാൻ അദ്ദേഹത്തിന് പണം നല്കിയാലും ഇല്ലെങ്കിലും അദ്ദേഹത്തെ സന്തോഷിപ്പിച്ചാലും ഇല്ലെങ്കിലും അത് ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ നുബുവ്വത്തിന്റെ വിഷയത്തെ ബാധിക്കുന്നതെങ്ങനെ? ഈ സംഗതിയിൽ അടിപതറി അദ്ദേഹം എവിടെ നിന്ന് എവിടേക്കോ എത്തി. ഈ സംഗതി മുഖേന അദ്ദേഹത്തിന്റെ വിശ്വാസത്തിലുണ്ടായ വ്യതിയാനം നമ്മോട് പറയുന്നത് അദ്ദേഹത്തിനു മേൽ ഒരു മറ ഉണ്ടായിരുന്നു എന്നാണ്. ചെറുതായൊന്ന് വീണപ്പോൾ മറ പൊട്ടിക്കീറുകയും ഉള്ളിൽ നിന്ന് മലിനവും വൃത്തിഹീനവുമായ ആത്മാവിന്റെ ദുർഗന്ധം പുറത്ത് വരികയുമാണുണ്ടായത്. ഇങ്ങനെ അടിതെറ്റുന്നതു കാരണം ഇത്തരം ആളുകളുടെ ഹൃദങ്ങൾ യഥാർഥത്തിൽ ശുദ്ധമല്ലാത്തതാണ്.

## ഹൃദയവിശുദ്ധിയുടെ ഫലം

ഹൃദയം ശുദ്ധമാണെങ്കിൽ ഒരുകാര്യവും ചഞ്ചലപ്പെടുത്താത്ത വിധം ദൃഢവിശ്വാസവും സ്ഥൈര്യവും അവരുടെ വിശ്വാസത്തിൽ ഉണ്ടാകേണ്ടതാണ്. നോക്കുക, നബി(സ) സത്യപ്രവാചകനാണെന്ന് ഒരുവൻ പൂർണമായി വിശ്വസിക്കുകയും അത് പൂർണമായ നിലയിൽ മനസ്സിൽ രൂഢമൂലമാവുകയും ചെയ്യുകയാണെങ്കിൽ മുഴുലോകവും ഒരുമിച്ച് ചേർന്ന് അയാളെ ആ വിശ്വാസത്തിൽ നിന്ന് മാറ്റാൻ ശ്രമിച്ചാലും അയാൾ മാറില്ല. അവൻ ജീവൻ വെടിഞ്ഞാലും വിശ്വാസം വെടിയില്ല. തന്റെ ഭാര്യയെയും മക്കളെയും തുണ്ടം തുണ്ടമാക്കപ്പെടാൻ അനുവദിച്ചാലും നബി(സ) തിരുമേനി നബിയല്ലെന്ന് അയാൾ പറയില്ല. ഇതു പോലെ, വാഗ്ദത്ത മസീഹ്(അ) നബിയാണെന്ന് ഏതൊരാളുടെ മനസ്സിലാണോ രൂഢമൂലമായിരിക്കുന്നത് അയാൾക്ക് എന്തൊക്കെ പ്രയാസങ്ങൾ നേരിട്ടാലും എത്രതന്നെ ബുദ്ധിമുട്ടുകളിൽ അകപ്പെട്ടാലും വാഗ്ദത്ത മസീഹ്(അ) നബിയാണെന്ന കാര്യം ഒരിക്കലും നിഷേധിക്കുകയില്ല. എന്നാൽ, ഈ കാര്യം ഹൃദയത്തിൽ പ്രവേശിക്കാത്ത വ്യക്തി നാവു കൊണ്ട് എത്ര ഘോഷിച്ചാലും ചെറുതായൊന്ന് ഇടർച്ച സംഭവിച്ചാൽ നിഷേധിക്കുന്നതാണ്. അതുകൊണ്ട് ഹൃദയത്തെ ശുദ്ധീകരിക്കുക എന്നതാണ് ഏറ്റവും അനിവാര്യമായിട്ടുള്ളത്. എല്ലാവിധ കളങ്കങ്ങളിൽ നിന്നും മാലിന്യങ്ങളിൽ നിന്നും അതിനെ ശുദ്ധമാക്കേണ്ടതുണ്ട്. നിങ്ങളെല്ലാവരും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുക. ഓർക്കുക ബാഹ്യകർമങ്ങൾ കൊണ്ട് കാര്യം നടക്കില്ല. നിങ്ങളുടെ ഹൃദയം ശുദ്ധമാകുന്നതു വരെ, അതിൽ പവിത്രത സംജാതമാകുന്നതു വരെ നിങ്ങളുടെ നമസ്കാരത്തെ നമസ്കാരം എന്ന് പറയാനാവില്ല, നോമ്പിനെ നോമ്പെന്ന് പറയാനാവില്ല, ഹജ്ജിനെ ഹജ്ജെന്ന് വിളിക്കപ്പെടില്ല, സകാത്തിനെ സക്കാത്തെന്ന് പറയപ്പെടില്ല. ഹൃദയം ശുദ്ധമായാൽ പിന്നെ എല്ലാ കാര്യങ്ങളും സ്വയമേവ ശുദ്ധമായിത്തീരുന്നതാണ്.

## ഹൃദയശുദ്ധീകരണത്തിനുള്ള മാർഗം

ഹൃദയശുദ്ധീകരണത്തിന്റെ മാർഗങ്ങളെന്തൊക്കെയാണെന്നത് ഒരു നീണ്ട വിഷയമാണ്. ഇപ്പോൾ എനിക്ക് ചില പ്രയാസങ്ങൾ ഉള്ളതിനാൽ അധികം സംസാരിക്കാനാവില്ല. അതുകൊണ്ട് ഹൃദയശുദ്ധീകരണത്തിന്റെ മാർഗങ്ങൾ വാഗ്ദത്ത മസീഹി(അ)ന്റെ ഗ്രന്ഥങ്ങളിലുണ്ടെന്ന് മാത്രം പറയുകയാണ്. ഇപ്പോൾ ഞാൻ നിങ്ങളെ

ഉണർത്തുകയും ഒരു സുപ്രധാന കാര്യത്തിലേക്ക് ശ്രദ്ധ തിരിക്കുകയുമാണ് ചെയ്യുന്നത്. ശേഷം അതിനെ കരസ്ഥമാക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നത് നിങ്ങളുടെ ജോലിയാണ്. ആയതിനാൽ നിങ്ങൾ സ്വന്തം ഹൃദയങ്ങളെ ശുദ്ധീകരിക്കുക എന്ന് ഞാൻ ഒരിക്കൽ കൂടി പറയുന്നു.

### ഹൃദയശുദ്ധീകരണത്തിന്റെ ഫലം

ഇന്ന് നമ്മുടെ ജമാഅത്തിലെ മുഴുവനാളുകളും തങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ചാൽ, വല്ല ഇടർച്ചയോ ബുദ്ധിമുട്ടോ പ്രയാസമോ വിപത്തോ അവരെ നേർമാർഗത്തിൽ നിന്ന് അകറ്റാതിരുന്നാൽ, ശത്രുവെന്നല്ല മിത്രങ്ങളിൽ നിന്നു പോലും വല്ല ബുദ്ധിമുട്ടോ പ്രയാസമോ ഉണ്ടായാലും തന്റെ വിശ്വാസത്തിൽ നിന്ന് വ്യതിചലിക്കാതിരുന്നാൽ, (കാരണം, അവൻ മറ്റാർക്കും വേണ്ടിയല്ല വാഗ്ദത്ത മസീഹി(അ)നെ വിശ്വസിച്ചത്; സ്വന്തം പര്യവസാനം നന്നാക്കാൻ വേണ്ടിയാണ്) നമ്മുടെ പുരോഗതിക്ക് പതിന്മടങ്ങ് ആക്കം കൂട്ടുന്നതാണ്. വലിയ കെട്ടിടങ്ങളും മതിലുകളും വെള്ളപ്പൊക്കത്തിൽ പെട്ട് വീണൊലിച്ചു പോകുന്നതു പോലെ ആത്മീയതയുടെ വെള്ളപ്പാച്ചിലിൽ അവിശ്വാസത്തിന്റെ കെട്ടിടങ്ങൾ ഒക്കെയും നിലം പൊത്തുന്നതാണ്. കൂടാതെ, ഹൃദയശുദ്ധീകരണത്തോടൊപ്പം ബാഹ്യമായ ശുദ്ധിയും അനിവാര്യമാണ്. അതു കൊണ്ട് ഇക്കാര്യത്തിലും അശ്രദ്ധ കാണിക്കരുത്. നിങ്ങളുടെ ഉത്തരവാദിത്വങ്ങളുടെ പ്രാധാന്യവും അനുയോജ്യമായ അവസരങ്ങളും നല്ലവണ്ണം മനസ്സിലാക്കുക.

### നിലവിലെ സങ്കീർണാവസ്ഥ

ജീർണിച്ച പഴയ കെട്ടിടങ്ങളെ ഉന്മൂലനം ചെയ്ത് അവയുടെ സ്ഥാനത്ത് പുതിയ അസ്തിവാരം ഇടുകയാണിപ്പോൾ. പഴയ കെട്ടിടങ്ങളെ നിലംപരിശാക്കി പുതിയത് നിർമിക്കുമ്പോൾ വളരെ സങ്കീർണവും പ്രയാസകരവുമായ സന്ദർഭമാണത്. കാരണം, കെട്ടിടം പഴയതും ജീർണിച്ചതു മൊക്കെയാണെങ്കിലും അതിൽ താമസിക്കുന്നവൻ എങ്ങനെയെങ്കിലും കഴിഞ്ഞു കൂടും. മഴക്കാലത്ത് ഒരു ഭാഗം ചോർന്നൊലിച്ചാൽ മറ്റെ ഭാഗത്ത് പോയി ഇരിക്കുന്നു. ഉഷ്ണക്കാലത്തെ വെയിലിൽ നിന്നും ശൈത്യകാലത്തെ കാറ്റിൽ നിന്നും രക്ഷ കിട്ടുന്നു. എന്നാൽ വീട് തീർത്തും നിലം പൊത്തിയാൽ പിന്നെ അയാൾക്ക് ഒരു താങ്ങും ഉണ്ടാകില്ല. അനർഹരായ ആളുകളാൽ ജീർണനം സംഭവിച്ച ഇസ്‌ലാമിന്റെ കെട്ടിടം ഇന്ന് നിലം പരിശായിരിക്കുകയാണ്. ഇനി പുതിയ കെട്ടിടം നിർമിക്കപ്പെടും. പുതിയത് നിർമിക്കപ്പെടും എന്നുള്ളതു കൊണ്ട് പഴയത് നിലം പതിച്ചതിൽ സന്തോഷമുണ്ട്. എങ്കിലും, ഏതുപോലെ പുതിയ കെട്ടിടം നിർമിക്കുന്നതിനു വളരെയധികം ചിന്തയും പ്രയത്നവും ആവശ്യമാണോ അതിനേക്കാളധികം പ്രയത്നത്തിന്റെ ആവശ്യമാണുള്ളത്. അന്ന് രണ്ടോ മൂന്നോ മുസ്‌ലിം ഭരണകൂടങ്ങളേ അവശേഷിച്ചിരുന്നുള്ളൂ. ഇസ്‌ലാമിന്റെ കെട്ടിടങ്ങളായിട്ടാണ് അവ കണക്കാക്കപ്പെട്ടിരുന്നത്. എന്നാൽ, അത് ജീർണിച്ചതിനാൽ അല്ലാഹു അതിനെ തകർത്തുകൊണ്ട് മുസ്‌ലിംകളെ ഉണർത്തുകയും ജാഗ്രതപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. ഇനി ഒരു കെട്ടിടം നിർമിക്കപ്പെടും, പക്ഷേ അത് വാളുകൊണ്ടല്ല, ആത്മീയമാർഗങ്ങൾ മുഖേനയാണ്. അതിനു വേണ്ടി തയ്യാറായിരിക്കേണ്ടത് എത്രയും അനിവാര്യമാണ്. ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം വളരെ സങ്കീർണവും ഭയാനകവുമായ ദിനങ്ങളാണിതെങ്കിലും ദൈവത്തിൽ ദൃഢമായി വിശ്വസിക്കുകയും വിശ്വാസമർപ്പിക്കുകയും ചെയ്യുന്നവർക്ക് ഇനി ഒരു പുതിയ കെട്ടിടം ഉണ്ടാകുന്നതിൽ സന്തോഷിക്കാം. ആ കെട്ടിടം തയ്യാറാക്കുന്നതിന് പരിശ്രമവും പ്രയത്നവുമാണ് ആവശ്യം.

### ഇസ്‌ലാമിന്റെ വിജയവവും മുസ്‌ലിംകളുടെ വിജയവും

ബാക്കി ജനങ്ങൾ ഇക്കാര്യം ഗൗരവത്തിലെടുക്കുന്നേയില്ല. അവർ രാപകൽ ലൗകികത നേടുന്നതിൽ മുഴുകിയിരിക്കുന്നു. എന്തെങ്കിലും മതബോധം ഉള്ളവർ തന്നെ പറയുന്നത് തങ്ങളുടെ സ്വന്തം കണ്ടുപിടുത്തങ്ങൾ മുഖേന വിജയം പ്രാപിക്കുമെന്നാണ്. ദൈവവുമായി രഞ്ജിപ്പിലെത്താതെ, അവന്റെ സഹായ സഹകരണങ്ങളില്ലാതെ ഒരു മതത്തിനും വിജയിക്കാനാവില്ല. ആകയാൽ, ഇസ്‌ലാമിന്റെ പുരോഗതിയുമായി മുസ്‌ലിംകളുടെ പുരോഗതി ബന്ധപ്പെട്ടിരിക്കുന്നു. ഇസ്‌ലാം പുരോഗതി പ്രാപിക്കാതെ മുസ്‌ലിംകൾക്ക് അഭിവൃദ്ധിപ്പെടാനാവില്ല. അവരുടെ വിജയത്തിന് മറ്റൊരു മാർഗവുമില്ല. പക്ഷേ,സാധാരണ ജനസാമാന്യം ഇതേക്കുറിച്ച് അശ്രദ്ധരാണ്. ഒരൊറ്റ ജമാഅത്ത് മാത്രമേ ഇതിലേക്ക് ശ്രദ്ധ തിരിച്ചിട്ടുള്ളൂ. അത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്. കാലം എത്രമാത്രം സങ്കീർണമാണെന്ന് നോക്കുക. ഇസ്‌ലാമിന്റെ കെട്ടിടം പടുത്തുയർത്തുന്നതിന് ഒരു ഭാഗത്ത് കോടിക്കണക്കിന് തൊഴിലാളികളുടെ ആവശ്യമുള്ളപ്പോൾ മറുഭാഗത്ത് തൊഴിലാളികൾ സമരത്തിലാണ്. ഞങ്ങളിതിൽ പങ്കെടുക്കില്ല എന്നാണ് തങ്ങളെ മുസ്‌ലിംകളെന്ന് വിളിക്കുന്നവർ പറയുന്നത്. അത്കൊണ്ട് ഏതാനും ചില ലക്ഷങ്ങൾ മാത്രം ആളുകളേയുള്ളു. അവരാണെങ്കിൽ ബാഹ്യമായി നോക്കുമ്പോൾ ഇത്ര വലിയ കെട്ടിടത്തിന്റെ ഒരു മൂലയ്ക്കു പോലും മതിയാവില്ല. ഈ സാഹചര്യത്തിൽ എത്രമാത്രം പരിശ്രമവും പ്രയത്നവും ആവശ്യമാണെന്ന കാര്യം വളരെ വ്യക്തമാണ്.

### വിശ്രമിക്കേണ്ട നേരമല്ലിത്

ഇത്ര കുറച്ച് തൊഴിലാളികളുള്ള ഈ സാഹചര്യത്തിലും അവരിൽ പലരും വിശ്രമിക്കാൻ കാലും

ശേഷം പേജ് 43 ൽ

# വ്യക്തിയും സമൂഹവും

**സമൂഹം കൂടുതൽ സംഘടിതമാവുകയും വികസിക്കുകയും ചെയ്യുമ്പോൾ അത് കൂടുതൽ അധികാര കേന്ദ്രിതമാവുന്നു. തുടർന്ന് വ്യക്തിയുടെ സ്വാതന്ത്ര്യത്തിനും അവകാശത്തിനും നഷ്ടം സംഭവിക്കുകയും വ്യക്തി കൂടുതൽ നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നു. മറ്റുജീവികളുടെ സംഘടിത ജീവിതത്തിൽ വ്യക്തിയും സമൂഹവുമായി ഇത്തരം സംഘർഷങ്ങളില്ല. അത് കൂടുതൽ നൈസർഗികമാണ്.**

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

സ്വാതന്ത്ര്യം എന്നത് ജീവികൾക്ക് സവിശേഷമായി സിദ്ധിക്കുന്ന ഒരു ഗുണവിശേഷമാണ്. മനുഷ്യനും അതിൽ നിന്നൊഴിവല്ല. സ്വാതന്ത്ര്യം ജീവിതത്തിന്റെ ഏറ്റവും വിലയേറിയ കനിയാണ്. മനുഷ്യൻ അവനിൽ രൂഢമൂലമായ സ്വാതന്ത്ര്യത്തിന്റെ സാരസംഗ്രഹമാണ്. അവന്റെ ഓരോ ഊടും പാവും നെയ്തെടുത്തത് സ്വാതന്ത്ര്യത്തിന്റെ നാരുകൊണ്ടാണ്. എങ്കിലും അത്ഭുതകരമെന്ന് പറയട്ടെ, അന്തിമ വിശകലനത്തിൽ എല്ലാ മനുഷ്യ നിർമിത സ്ഥാപനങ്ങളും മനുഷ്യ സ്വാതന്ത്ര്യത്തിനെതിരായി നിലകൊള്ളുന്നതായി നാം കാണുന്നു.

പാരമ്പര്യങ്ങളുടെയും, ആചാരങ്ങളുടെയും നിയമനിർമാണങ്ങളുടെയും പുരോഗമനാത്മകമായ വികാസ ചരിത്രം ശ്രദ്ധാപൂർവം പരിശോധിച്ചാൽ ഈയൊരു അവകാശവാദം ശരിയാണെന്ന് തെളിയും. നിഷ്പക്ഷവും സ്വതന്ത്രവുമായ ഒരു വീക്ഷണകോണിൽ നിന്ന് രാഷ്ട്രത്തിന്റെ പരിണാമ ചരിത്രം നോക്കിക്കാണുകയാണെങ്കിൽ അത് മനുഷ്യൻ സ്വയം ചുമത്തിയ അടിമത്തത്തിലേക്കുള്ള സ്ഥാപനവത്കൃതമായ പ്രയാണമല്ലാതെ മറ്റൊന്നുമല്ല എന്ന് നമുക്ക് ബോധ്യമാവും. ഈയൊരു സമസ്യക്ക് പരിഹാരം കണ്ടെത്താൻ സ്വാതന്ത്ര്യത്തിൽ നിന്നും അടിമത്തത്തിലേക്കുള്ള അടിവെച്ചടിവെച്ചുള്ള മാറ്റത്തിന് കാരണമായ ഘടകങ്ങൾ എന്തൊക്കെയാണ് എന്നതിനെ സംബന്ധിച്ച് അഗാധമായൊരു അവബോധം ആവശ്യമാണ്.

ഒരു കാര്യം ആദ്യമായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മനുഷ്യൻ അവന്റെ പ്രകൃതിയനുസരിച്ച് സമൂഹത്തിലെ അധികാരസ്ഥർക്ക് വഴങ്ങുന്നത് അവന്റെ സ്വാർഥ താൽപര്യങ്ങൾ പ്രേരിപ്പിക്കുമ്പോൾ മാത്രമാണ്. അല്ലാത്തപക്ഷം അവനെ കീഴടക്കുവാൻ നിർബന്ധം ചെലുത്തേണ്ടിവരും. എന്നാൽ, സാമൂഹികവത്ക്കരണം (Socialisation) എന്നത് മനുഷ്യന്റെ മാത്രം സവിശേഷ ഗുണമല്ല. താഴ്ന്ന വർഗങ്ങളിൽ നിന്ന് ഉയർന്ന വർഗങ്ങളിലേക്കുള്ള മൃഗലോകത്തിന്റെ പ്രയാണം പരിശോധിക്കുമ്പോൾ അരാജകത്വത്തിൽ നിന്ന് അച്ചടക്ക പൂർണവും, സംഘടിതവും, കേന്ദ്രീകൃതവുമായ ഒരു സമൂഹത്തിലേക്ക് ക്രമേണ മാറ്റപ്പെടുന്നതായി നമുക്ക് കാണാൻ സാധിക്കും. മൃഗങ്ങൾ അവരുടെ അതിജീവനത്തിന്റെ പൊതു താൽപര്യത്തിന് വേണ്ടി ഒന്നിച്ചു ജീവിക്കുവാൻ നിർബന്ധപൂർവം പഠിപ്പിക്കപ്പെടുന്ന ഒരു പ്രവണത നമുക്ക് അവയിൽ നിരീക്ഷിക്കാൻ സാധിക്കും. ചിലപ്പോൾ നമ്മെ തികച്ചും അൽഭുതപ്പെടുത്തിക്കൊണ്ട് പരിണാമ ശ്രേണിയിലെ അത്രയൊന്നും ഉയർന്ന തലത്തിലല്ലാത്ത ജീവിവർഗങ്ങളിൽ പോലും ഒരു സാമൂഹികക്രമവും കണിശമായ അച്ചടക്കവും രൂഢമൂലമായി കിടക്കുന്നത് കാണാം. അവയുടെ ഈ ഉന്നതമായ സാമൂഹിക ക്രമത്തിൽ കാലക്രമേണ പരിണാമത്തിന്റെ സ്വാധീന ഫലമായി കൈവന്ന ഗുണങ്ങളുടെ അടയാളമൊന്നും കാണുവാൻ സാധ്യമല്ല. പരിപൂർത്തി കൈവന്ന അവയുടെ ജീവിതക്രമം അതേപടി തന്നെ തുടക്കം മുതലേ ഉള്ളതായിട്ടാണ് നമുക്ക് കാണാൻ കഴിയുക. അവയുടെ ഈ സാമൂഹികവത്കൃതമായ അസ്തിത്വത്തിന്റെ പഠനത്തിൽ നിന്ന് നമുക്ക് ലഭിക്കുന്ന നിഗമനം അതെല്ലാം അവയുടെ പ്രകൃതിയിൽ തന്നെ ഉള്ളടക്കം ചെയ്യപ്പെട്ടിരിക്കുന്നു എന്നതാണ്.

ഉദാഹരണത്തിന് ചില ഷഡ്പദങ്ങളുടെ കാര്യമെടുക്കുക. പരിണാമ ശ്രേണിയിൽ തേനീച്ചസമൂഹത്തിന്റെ സ്ഥാനം എവിടെയാണ്

പ്രതിഷ്ഠിക്കാൻ സാധിക്കുക? അവ ഘട്ടം ഘട്ടമായാണ് പരിണമിച്ചുണ്ടായതെങ്കിൽ തേനീച്ചയുടെ മുൻഗാമി ആരായിരിക്കാനാണ് സാധ്യത? തേനീച്ച എന്ന ജീവിയായി പരിണാമ പൂർത്തി കൈവരിച്ച ഷഡ്പദങ്ങളുടെ ഘട്ടം ഘട്ടമായുള്ള സുദീർഘ പരിണാമ പുരോഗതിയുടെ തെളിവ് എവിടെയാണ് കാണുക? ചിതലുകളുടെയും അതുപോലെ ഉറുമ്പുകളുടെയും വർഗത്തിൽപ്പെട്ട ഷഡ്പദങ്ങളുടെയും ജീവിതക്രമം പരിശോധിക്കുകയാണെങ്കിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ അനുഭവപ്പെടും.

ക്രമമായ പരിണാമത്തിന്റെ യാതൊരുവിധ അടയാളങ്ങളുമില്ലാതെ അവയെല്ലാം തങ്ങളിൽ അന്തർലീനമായ കർശനമായ അച്ചടക്കം പാലിച്ചുകൊണ്ട് കണിശവും സുനിശ്ചിതവുമായ ജോലികൾ നിർവഹിക്കുന്നു. അതെല്ലാം അവയുടെ RNA യിലും DNA യിലും രേഖപ്പെടുത്തിയ അലംഘനീയ നിയമങ്ങളാണ്. ഏറ്റവും കണിശമായ പട്ടാള ചിട്ടയിലധിഷ്ഠിതവും അച്ചടക്ക പൂർണവുമായ കമ്യൂണിസ്റ്റ് സമൂഹങ്ങൾ പോലും അവയുമായി താരതമ്യം ചെയ്യുമ്പോൾ ലജ്ജിച്ചു പോകും. പ്രാകൃതമായ ഒരു പ്രാരംഭചരിത്രത്തിൽ നിന്നാരംഭിച്ച് ക്രമേണ ഉന്നതവും സങ്കീർണവുമായ ഒരു സമൂഹമായി തീർന്നതിന്റെ യാതൊരു അടയാളവും അവയുടെ പരിണാമ ചരിത്രത്തിൽ കാണാൻ സാധ്യമല്ല. അവയെല്ലാം തന്നെ ഒറ്റതിരിഞ്ഞുള്ള സർഗാത്മകതയുടെ സംഘടിത വിസ്മയങ്ങളാണ്.

ഇതിൽ നിന്ന് ജീവികളുടെ രണ്ട് തരത്തിലുള്ള ജീവിതക്രമം പഠിക്കാനായി ലഭിക്കുന്നു എന്ന് നമുക്ക് ന്യായമായും ചിന്തിക്കാവുന്നതാണ്. അതിൽ ഒന്ന് ഒന്നുമില്ലായ്മയിൽ നിന്നും ദൈവത്തിന്റെ അത്ഭുതകരമായ സൃഷ്ടിവൈഭവം കൊണ്ട് പൊടുന്നനെ അസ്തിത്വത്തിലേക്ക് വരുന്നതാണ്. ഒരു ക്ഷണത്തിൽ ഈ ജീവികളിൽ നടന്ന നിരവധി ഉൽപരിവർത്തനങ്ങളാണ് (Mutative changes) ഇതിന് കാരണമെന്ന് ശാസ്ത്രജ്ഞൻമാർ കരുതുന്നു. അതെന്തുമാകട്ടെ, ഈ സങ്കൽപം തീർച്ചയായും ശാസ്ത്രീയമായി സ്വീകാര്യമായ ഒരു പരികൽപനയല്ല.

മൃഗലോകത്തിലെ രണ്ടാമത്തെ രീതിയിലുള്ള സാമൂഹികക്രമത്തിന്റെ വികാസം കുറേക്കൂടി പൊതുവത്കൃതവും പുരോഗമനാത്മകവുമാണ്. അതുകൊണ്ട് അതിന്റെ അനന്തരഫലം മേൽ പ്രതിപാദിച്ച ഉദാഹരണങ്ങൾ പോലെ അത്രത്തോളം നാടകീയമല്ല. നായ്ക്കളും ചെന്നായ്ക്കളും കാട്ടുമൃഗങ്ങളും അവരുടെ ജീവിവർഗത്തിന്റെ അതിജീവനത്തിന് വേണ്ടി കൂട്ടായി ജീവിക്കാനുള്ള പ്രവണത കാട്ടാറുണ്ട്. കാരണമെന്തുതന്നെയായാലും, ഒരേതൂവൽ പക്ഷികൾ കൂട്ടം കൂടുന്നതായി നാം കാണുന്നു. അതുപോലെ മത്സ്യക്കൂട്ടങ്ങൾ, കടലാമകൾ, കടൽ അർച്ചിനുകൾ (കടലിന്റെ അടിത്തട്ടിൽ കാണപ്പെടുന്ന കൂർത്തമുനകളുള്ള ഒരു കക്കാപ്രാണി) മുതലായ ജീവികൾ ഇത്തരം പ്രവണതകൾ കാണിക്കുന്നു. ഇങ്ങനെ കൂട്ടം കൂടി ജീവിക്കുക എന്നത് ജീവനുള്ളതിന്റെ പൊതു പ്രവണതയാണ്.

കർശനമായ അച്ചടക്കവുമായാണ് അധികാരസ്ഥർ ആവിർഭവിക്കുകയും നേതൃത്വങ്ങൾ ഉണ്ടാവുകയും ചെയ്യുന്നത്. കുറ്റത്തേയും ശിക്ഷയേയും കുറിച്ചുള്ള അവ്യക്തമായ സങ്കൽപങ്ങൾ എല്ലാതലങ്ങളിലൂടെയും സമൂഹത്തിലേക്ക് ഇഴഞ്ഞെത്താൻ തുടങ്ങുകയും ചെയ്യുന്നു. മനുഷ്യൻ ഒരു സാമൂഹിക ജീവിയായി തീർന്നത് ഒറ്റപ്പെട്ട ഒരു ആകസ്മികതയല്ല. ഏറ്റക്കുറച്ചിലുകളോടെ മറ്റുഭൂരിപക്ഷം മൃഗങ്ങളിലും സാമൂഹിക ജീവിതം കാണാം. ഒരേ സ്വഭാവ ഗുണങ്ങളുള്ള ജീവികളുടെ പൂർവ നിശ്ചിതങ്ങളായ ആസൂത്രണമനുസരിച്ചുള്ളതാണ് ഈ സാമൂഹിക ജീവിതം.

ലോകമെമ്പാടും സമൂഹത്തിന്റെ സംസ്ഥാപനം ഒരേ സമയം എങ്ങനെ വികാസം പ്രാപിച്ചു എന്ന ചോദ്യം സുദീർഘമായി ചർച്ച ചെയ്യപ്പെടേണ്ട ഒന്നാണ്. മനുഷ്യനിലെ സമൂഹ വികസനത്തിന്റെ അൽപം ചില ഘടകങ്ങൾ മാത്രം പ്രതിപാദിക്കാനാണ് നാം ഇവിടെ ഉദ്ദേശിക്കുന്നത്. അതാകട്ടെ ഇവിടെ പ്രതിപാദിക്കുന്ന വിഷയവുമായി നേരിട്ട് ബന്ധമുള്ളതാണ്.

സമൂഹം ചുമത്തുന്ന നിരോധനങ്ങൾക്കെതിരെ വ്യക്തിയുടെ സ്വാതന്ത്ര്യം എപ്പോഴും സംഘർഷത്തിൽ വരിക എന്നത് സ്വാഭാവികമാണ്. വ്യക്തി സ്വാതന്ത്ര്യം ഒരു ഭാഗത്തും സമൂഹത്തിലെ അധികാര സ്ഥാപനം മറുഭാഗത്തും നിലകൊള്ളുമ്പോൾ ഇവ രണ്ടും തമ്മിലുള്ള അതിർവരമ്പ് ആരാണ് അന്തിമമായി നിശ്ചയിക്കുക. ആ അതിർത്തി നിർണയം നടത്തുന്ന ശക്തിയെ സംബന്ധിച്ച് ഗ്രഹിക്കണമെങ്കിൽ വ്യക്തിസ്വാതന്ത്ര്യവും സമൂഹത്തിന്റെ അധികാരവും തമ്മിലുള്ള സമവാക്യത്തെ സംബന്ധിച്ച് അഗാധമായ അവബോധം ആവശ്യമാണ്. വ്യക്തിയും കുടുംബവും വ്യക്തിയും ഗോത്രവും, വ്യക്തിയും രാഷ്ട്രവും തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ സ്ഥാപനവത്കൃതമായ (Institutionalised) നിയന്ത്രണങ്ങൾക്ക് കീഴിൽ ജീവിതം എങ്ങനെ നിർവഹിക്കപ്പെടുന്നു എന്നതിനെ കുറിച്ചുള്ള പഠനങ്ങൾകൂടിയാണ്. മനുഷ്യൻ പ്രകൃത്യാ സ്വതന്ത്രനും സ്വാതന്ത്ര്യത്തെ സ്നേഹിക്കുന്നവനുമാണെങ്കിൽ പിന്നെയെന്തിന് സമൂഹത്തിന്റെ അധികാര ശക്തിക്ക് മുന്നിൽ തലകുനിക്കണം? ഈ പ്രധാന പ്രശ്നത്തിന് ആദ്യമായി ഉത്തരം പറയേണ്ടതുണ്ട്.

സാമൂഹികമോ വംശീയമോ സാമ്പത്തികമോ രാഷ്ട്രീയമോ ആയ സമൂഹ വ്യവസ്ഥകൾ രൂപം കൊള്ളുമ്പോൾ അതോടൊപ്പം വ്യക്തിയും സമൂഹവും തമ്മിലുള്ള കൊടുക്കൽ വാങ്ങലിന്റെ ഒരു അലിഖിത നിയമവും രൂപം കൊള്ളുന്നു.

ഇതാണ് സമൂഹത്തെ രൂപപ്പെടുത്തുന്നത്. ഒരു വ്യക്തിയും അവന്റെ സ്വാതന്ത്ര്യം പൂർണമായും സമൂഹത്തിനു മുമ്പിൽ അടിയറ വെക്കാൻ തയ്യാറാകുന്നില്ല. അവന് നഷ്ടപ്പെടുന്നതിനേക്കാൾ കൂടുതൽ ലഭിക്കുമെന്ന ധാരണയിൽ വിലപേശിക്കൊണ്ടാണ് വ്യക്തി, സമൂഹത്തിന് വേണ്ടി സ്വാതന്ത്ര്യം ത്യജിക്കുന്നത്.

ഒന്നാമതായി വ്യക്തിപരമായ ചില സ്വാതന്ത്ര്യങ്ങൾ നഷ്ടപ്പെടുത്തിക്കൊണ്ടാണ് അവൻ സമൂഹവുമായി സുരക്ഷക്ക് വേണ്ടി വിലപേശുന്നത് . ഒരു ഭാഗത്ത് വ്യക്തി അവൻ അംഗമായ ഒരു സ്ഥാപനത്തിന് വേണ്ടി അവന്റെ അവകാശങ്ങൾ ത്യജിക്കുന്നു. അതിനു പകരമായി മറ്റൊരു ഭാഗത്ത് അവന് സുരക്ഷയോ അതുപോലെയുള്ള സഹായങ്ങൾക്കോ ഉള്ള ഉറപ്പ് ലഭിക്കുന്നു. അങ്ങനെ അവന്റെ വ്യക്തിപരമായ അസ്തിത്വം എളുപ്പത്തിൽ സുഖകരമായിത്തീരുന്നു.

ഒരു സമൂഹം രൂപം കൊള്ളുന്ന പ്രാഥമിക ഘട്ടത്തിൽ എല്ലാ നിലയിലും വ്യക്തികൾക്കാണ് അതിന്റെ ഗുണഫലം ലഭിച്ചിരുന്നത് എന്നത് കൗതുകകരമാണ്. ഇതാണ് മൃഗലോകത്ത് നാം കണ്ട നൈസർഗിക പ്രവണത. സമൂഹ നിർമിതിയുടെ പ്രാകൃതാവസ്ഥയിൽ മനുഷ്യസമൂഹത്തിന്റെയും സ്ഥിതി ഇത് തന്നെയായിരുന്നു. വ്യക്തികളായിരുന്നു ഗുണഭോക്താക്കൾ. പക്ഷേ, മനുഷ്യസമൂഹം കൂടുതൽ വളരുകയും, സംഘടിതമാവുകയും ചെയ്തതോടെ സമൂഹവും വ്യക്തികളും തമ്മിൽ പങ്കുവെച്ചിരുന്ന അധികാരശക്തിയുടെ വിതരണം ഒരു ഭാഗത്തേക്ക് ചായുകയാണുണ്ടായത്. സമൂഹത്തിലെ അംഗങ്ങളുടെ എണ്ണം വർധിക്കുകയും ഭരിക്കുന്നവരുടെ എണ്ണം കുറയുകയും ചെയ്തു. ഭരണീയരും ഭരിക്കപ്പെടുന്നവരും തമ്മിലുള്ള അനുപാതവും വർധിച്ചു. ഭരിക്കുന്ന ന്യൂനപക്ഷത്തിന്റെ ചൂഷണത്തിനും അധികാര ദുർവിനിയോഗത്തിനും സമൂഹത്തിലെ ഭൂരിപക്ഷം ഭരിക്കപ്പെടുന്നവരും വിധേയമായി.

സമൂഹവുമായുള്ള വിനിമയത്തിൽ വ്യക്തിക്ക് ഉണ്ടാവുന്ന ഓരോ സ്വാതന്ത്ര്യ നഷ്ടത്തിനും പകരം അവന് ചില മൂല്യങ്ങൾ ലഭിക്കുന്നു എന്നത് സൈദ്ധാന്തികമായി ഒരു സാധ്യത മാത്രമാണ്. സാധാരണഗതിയിൽ അത് നാം പ്രതീക്ഷിച്ചത് പോലെ പലപ്പോഴും സംഭവിക്കുന്നില്ല. വ്യക്തി സ്വാതന്ത്ര്യത്തിന്റെ പ്രാഥമിക തത്ത്വം ക്രമേണയായും അതിന്റെ പുരോഗതിക്കനുസൃതമായും സമൂഹത്തിന്റെ ബലിവേദിയിൽ ഹോമിക്കപ്പെടുകയാണ് ചെയ്യുന്നത്. സമൂഹം വികസിക്കുന്നതിനനുസരിച്ച് അത് കൂടുതൽ അധികാര കേന്ദ്രിതമാവുകയും വ്യക്തിയെ പരിഗണിക്കാതിരിക്കുകയും ചെയ്യുന്നു.

മാർക്സിസം എന്ന വിഷയം പ്രതിപാദിക്കുമ്പോൾ ഈ വിഷയത്തെ പറ്റി നമുക്ക് സമഗ്രമായി പിന്നീട് ചർച്ച ചെയ്യാം. ഇവിടുത്തെ ഉദ്ദേശ്യം വ്യക്തിസ്വാതന്ത്ര്യത്തിന്റെ അപചയ പ്രക്രിയയുടെ അടിസ്ഥാന കാരണം കണ്ടെത്തുക എന്നതാണ്. വികസിതവും കൂടുതൽ ശക്തവുമായ സമൂഹങ്ങളിൽ എന്തുകൊണ്ടാണ് വ്യക്തികൾക്ക് കൂടുതൽ സുരക്ഷാബോധവും സുഖവും അനുഭവിക്കുവാൻ കഴിയാത്തത്? മൃഗങ്ങളുടെ സാമൂഹികക്രമത്തിൽ അപചയത്തിന്റെയും ജീർണതയുടെയും ഈ പ്രവണത നാം കാണുന്നില്ല. എന്തുകൊണ്ട് മനുഷ്യസമൂഹം മാത്രം വ്യക്തികളുടെ അവകാശത്തിന്റെ ഉത്തരവാദിത്വത്തിൽ വീഴ്ച വരുത്തുന്നു?

മനുഷ്യനിലെ വഞ്ചന, ചതി, പ്രകൃതി നിയമത്തിന്റെ ലംഘനങ്ങൾ എന്നീ ശക്തമായ പ്രവണതകളാണ് മൃഗത്തേയും മനുഷ്യനേയും വേർതിരിക്കുന്ന ഒരു വിഭജന രേഖ. ഇക്കാര്യത്തിൽ മനുഷ്യൻ എല്ലാ മൃഗങ്ങളേയും അസാധാരണമാം വിധം അതിവർത്തിച്ചു നിൽക്കുന്നു. മൃഗങ്ങളിലും ചിലപ്പോൾ ചതികാണാറുണ്ട്. പക്ഷേ, അത് ഒരു ഉപായം എന്ന നിലക്കാണ്. കുറ്റവാസനയോടുകൂടിയ ഒരു വഞ്ചനയായിട്ടല്ല അത് നിർവഹിക്കപ്പെടുന്നത്. മനുഷ്യനിൽ കാണുന്നത് പോലെ വിശ്വാസവഞ്ചന മൃഗങ്ങളിൽ കാണുന്നില്ല. പ്രകൃതി നിയമത്തിന്റെ പരിധിയിലും അതിന്റെ അനുശാസനയിലും അവർ സാധാരണ നിലയിൽ ലളിതമായ അച്ചടക്ക ജീവിതം നയിക്കുന്നു. അവർ എപ്പോഴെങ്കിലും വഞ്ചിച്ചതായി കാണുന്നുവെങ്കിൽ അത് അവയുടെ ജന്മവാസനക്കനുസൃതമെന്നേ പറയാനാവൂ. അത് കുറ്റത്തിന്റെ നിർവചന പരിധിയിൽപ്പെടാത്ത ജനിതകപരമായ പ്രവണത കൊണ്ടു മാത്രമാണ്.

ഇത് വാസ്തവത്തിൽ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തിന്റെ ഒരു ഉപോൽപന്നം മാത്രമാണ്. മൃഗങ്ങൾ കർശനമായും സഹജാവബോധത്തിന്റെയും ജൻമവാസനയുടെയും നിയമങ്ങൾ കൊണ്ടാണ് ഭരിക്കപ്പെടുന്നത്. ശരിയുടെയും തെറ്റിന്റെയും കാര്യത്തിൽ അൽപം മാത്രമേ അവർക്ക് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുള്ളൂ. യഥാർഥത്തിൽ ശരിയും തെറ്റും മൃഗങ്ങളെ സംബന്ധിച്ചിടത്തോളം നിലനിൽക്കുന്നില്ല.

മനുഷ്യൻ മാത്രമാണ് അവന്റെ ഉത്തരവാദിത്വങ്ങൾ ബോധപൂർവം അവഗണിക്കുകയും തെറ്റാണെന്ന് അറിഞ്ഞുകൊണ്ട് അന്യരുടെ അവകാശങ്ങൾ കവർന്നെടുക്കുകയും ചെയ്യുന്നത്. വ്യക്തി സ്വാതന്ത്ര്യത്തെ കൂട്ടുത്തരവാദിത്വവുമായി ബന്ധപ്പെടുത്തുമ്പോൾ, നിയമം ലംഘിക്കുവാനും, വഞ്ചന നടത്തുവാനും, കുറ്റം നിർവഹിക്കാനുമുള്ള മനുഷ്യന്റെ പ്രവണത അവന് കടപ്പാടുള്ള എല്ലാ സാമൂഹിക സ്ഥാപനങ്ങളെയും തുരങ്കം വെക്കുകയും അട്ടിമറിക്കുകയും ചെയ്യുന്നു. എങ്കിലും അവന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളിൽ നിന്നെല്ലാം വിട്ടകലണമെന്ന് അവൻ ആഗ്രഹിക്കുകയും ചെയ്യു

ന്നു. കാറൽ മാർക്സിന്റെ നിരീക്ഷണത്തിൽ മനുഷ്യൻ കളങ്കിതനായ ഒരു ജീവിയാണ് (Man is a corrupt Animal). തീർച്ചയായും അദ്ദേഹം പറഞ്ഞത് ശരിയാണ്, പക്ഷേ, അദ്ദേഹത്തിനും അതിൽ നിന്ന് ഒഴിഞ്ഞു നിൽക്കാൻ അവകാശമില്ലായിരുന്നുവെങ്കിൽ മാത്രം. അതുപോലെ അധാർമികമായ ആധാരശിലയിൽ കെട്ടിപ്പടുത്ത സോഷ്യലിസ്റ്റ് നേതൃത്വത്തെയും ഈ കളങ്കത്തിൽ നിന്ന് ഒഴിച്ചു നിർത്താൻ അദ്ദേഹത്തിന് യാതൊരു അധികാരവുമില്ല. യുഗങ്ങളായി ഇതായിരുന്നു മനുഷ്യ സമൂഹത്തിന്റെ ദുരന്തം. ഒരു സ്ഥാപനവും അതിൽ നിന്നൊഴിഞ്ഞു നിൽക്കുന്നില്ല. വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തിലെ ഒഴിച്ചുകൂടാൻ പറ്റാത്ത ഈ സഹജമായ വൈകല്യം കാരണം സാമൂഹിക വ്യവസ്ഥകളിൽ നിരന്തരം വർധിച്ചു വരുന്ന നിയമനിർമാണത്വര കണ്ടു വരുന്നു.

എല്ലാ പുതിയ നിയമങ്ങളും, ഒരു ഭാഗത്ത് വ്യക്തിയുടെ അവകാശ സംരക്ഷണവും മറുഭാഗത്ത് സമൂഹത്തിന്റെ അവകാശ സംരക്ഷണവും ലക്ഷ്യം വെക്കുന്നു. അതായത് ഇരു കൂട്ടരുടെയും അവകാശ പരിധിയിലേക്കും വിശേഷാധികാരങ്ങളിലേക്കും അന്യായമായ കടന്നു കയറ്റങ്ങളരുത് എന്ന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ നിയമനിർമാണങ്ങൾ. പക്ഷേ, നിർഭാഗ്യകരമെന്ന് പറയട്ടെ മനുഷ്യനിലുള്ള അഴിമതി കാരണമായി നിയമനിർമാണങ്ങൾക്ക് കേവല നീതിയുടെ ആദർശ തത്ത്വങ്ങളോട് നീതി പുലർത്തുന്നതിൽ പരാജയം സംഭവിക്കുന്നു. കൂട്ടായ നിയമനിർമാണ പ്രക്രിയയിൽ പലപ്പോഴും വ്യക്തികളുടെ സംരക്ഷണത്തിന് വേണ്ടി സൃഷ്ടിക്കപ്പെട്ട സ്ഥാപനങ്ങളുടെ കൈകളാൽതന്നെ വ്യക്തികളുടെ മൗലികാവകാശങ്ങൾ ധ്വംസിക്കപ്പെടുന്നു.

മതസമൂഹങ്ങളുടെ വിഷയം ഇവിടെ സുദീർഘമായി പ്രതിപാദിക്കപ്പെടണമെന്ന് ഞങ്ങൾ നിർദേശിക്കുന്നില്ല. പക്ഷേ, സമൂഹ തത്ത്വശാസ്ത്രത്തിന്റെ സെക്കുലർ വീക്ഷണപ്രകാരം മതങ്ങളെക്കുറിച്ചു കൂടി ഹ്രസ്വമായി പ്രതിപാദിക്കേണ്ടതുണ്ട്. സോഷ്യോളജിസ്റ്റുകൾ മതം ഒരു ദൈവിക പ്രതിഭാസമാണെന്ന് കരുതുന്നില്ല. അവരുടെ വീക്ഷണകോണിൽ മതം എന്നത് സാമൂഹികമായ പെരുമാറ്റത്തിന്റെ (Social behaviour) മറ്റൊരു പ്രകടനം മാത്രമാണ്.

മത സ്ഥാപനങ്ങളുടെ വികാസത്തെ സംബന്ധിച്ച് അവരുടെ വീക്ഷണം ശരിയാണെങ്കിൽ എല്ലാ മതസമൂഹങ്ങളും മനുഷ്യന്റെ സാമൂഹിക വ്യവസ്ഥയിൽ അതുല്യസ്ഥാനമലങ്കരിക്കുന്നതായി കാണേണ്ടിവരും. അവർ സമൂഹത്തിനും വ്യക്തിക്കുമെതിരായ വ്യാജ പ്രതിബദ്ധതയുടെ മൂർത്തികളായി കണക്കാക്കപ്പെടും. സോഷ്യോളജിസ്റ്റുകളുടെ ഈ സിദ്ധാന്ത പ്രകാരം എല്ലാ മതസ്ഥാപകരേയും അവരുടെ തന്നെ സൃഷ്ടികളായ ദൈവത്തിന്റെ പേരിൽ ബഹുജനത്തെ ബോധപൂർവം വഞ്ചിച്ച ഒന്നാമത്തെ തട്ടിപ്പുകാരുടെ ഗണത്തിൽപ്പെടുത്തേണ്ടി വരും. അക്കൂട്ടത്തിൽ തീർച്ചയായും ചിലർ തട്ടിപ്പുകാരായുണ്ടായേക്കാം.

സോഷ്യോളജിസ്റ്റുകളുടെ വീക്ഷണമനുസരിച്ച് മതസ്ഥാപകൻമാർ, സാധാരണക്കാരും നിഷ്കളങ്കരുമായ പൊതു ജനത്തെ ദൈവിക നിയമത്തിന്റെ പേരിൽ ചങ്ങലകളിൽ ബന്ധിച്ച് ദൈവത്തിന്റെ പേരിൽ സ്വയം നിയമനിർമാണം നടത്തുന്നവരാണ്. അതിനാൽ മതം എന്നത് ദൈവത്തിന്റെ പേരിൽ സ്വന്തം നമ്മക്ക് വേണ്ടി ഭരിക്കുന്ന ഒരു വ്യാജ മതപൗരോഹിത്യ ശ്രേണി മാത്രമാണ്. ഇതാണ് മതസമൂഹത്തെ പറ്റി സോഷ്യോളജിസ്റ്റുകളുടെ ധാരണ. അദ്ധ്വാനിക്കുന്ന വർഗത്തെ മയക്കിക്കിടത്തുന്ന മയക്കുമരുന്നാണ് മതം എന്ന അഭിപ്രായമുള്ള കാറൽ മാർക്സ് ഈ വീക്ഷണത്തോട് പരിപൂർണമായും യോജിക്കുന്നു. അതുകൊണ്ട് ബൂർഷ്വാസിയുടെ നിർദയമായ ചൂഷണങ്ങൾക്കെതിരെ അദ്ധ്വാനിക്കുന്ന വർഗം ഉണർന്നെഴുന്നേൽക്കണം എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അദ്ധ്വാനിക്കുന്ന വർഗത്തെ മയക്കിക്കിടത്തിയിരിക്കുന്ന ഈ വീര്യവത്തായ മയക്കുമരുന്നിന്റെ പേരാണ് 'ധർമസംഹിത' എന്നത്. എല്ലാ മതങ്ങളും അത് അനുശാസിക്കുന്നു. ഇപ്രകാരം ദൈവത്തിന്റെ പേരിൽ മനുഷ്യ സ്വഭാവത്തെ ക്രമപ്പെടുത്തുകയും ശാസിക്കുകയും ചെയ്യുന്ന ധാർമികത, എപ്പോഴും ദൈവസങ്കൽപവുമായി ബന്ധപ്പെട്ടു കിടക്കുന്നു. (Revelation Rationality Knowledge and Truth By Hadrath Mirza Thahir Ahmad)

## ലുബ്ദന്മാർ

സ്വയം ലുബ്ദ് കാണിക്കുകയും ലുബ്ദ് കാണിക്കാനായി ജനങ്ങളെ ഉപദേശിക്കുകയും, അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് തങ്ങൾക്ക് നൽകിയിട്ടുള്ളത് മറച്ചു വെക്കുകയും ചെയ്യുന്നവരത്രെ അവർ. തീർച്ചയായും അവിശ്വാസികൾക്ക് നാം അപമാനകരമായ ശിക്ഷ ഒരുക്കിവെച്ചിരിക്കുന്നു. (വിശുദ്ധ ഖുർആൻ 4: 38)

# യുദ്ധ ഭീകരതക്കെതിരെ

ഇനിയൊരു ലോകമഹായുദ്ധം നടക്കുകയാണെങ്കിൽ അത് ഭൂമിയിൽ മനുഷ്യന്റെ അസ്തിത്വം തന്നെ ഇല്ലാതാക്കാൻ സാദ്ധ്യതയുള്ള ആണവ യുദ്ധമായിരിക്കും. ആണവയുദ്ധത്തിന്റെ കെടുതികൾ കാലത്തിനും ദേശത്തിനും അതീതമാണ്. ഹിരോഷിമ നാഗസാക്കി സ്മരണയിൽ 'യുദ്ധഭീകരക്കെതിരെ' എന്ന പേരിൽ പാലക്കാട് ജില്ലാ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഒറ്റപ്പാലത്ത് ബസ് സ്റ്റാന്റ് ഓഡിറ്റോറിയത്തിൽ 2017 ആഗസ്ത് 9 ന് സംഘടിപ്പിച്ച പൊതുയോഗത്തിൽ ചെയ്ത പ്രസംഗത്തിന്റെ ലേഖന രൂപം.

**എ. എം. മുഹമ്മദ് സലീം**

ഇന്ന് ആഗസ്ത് 9. മനുഷ്യൻ ആയുധമുപയോഗിച്ച് നടത്തിയ ഹിംസകളിൽ എറ്റവും ഭീഭത്സവും ഭയാനകവുമായ മനുഷ്യഹത്യയുടെ കിടിലം കൊള്ളുന്ന ദുസ്മരണ പേറുന്ന ഒരു ദിനമാണിന്ന്. ലോകമനസ്സാക്ഷിയെ കരയിച്ച ദിവസം. രണ്ടാം ലോക മഹായുദ്ധത്തിന്റെ അവസാന നാളുകളിൽ അമേരിക്ക ഫാറ്റ് മാൻ എന്ന ഓമനപ്പേരിട്ട ആറ്റം ബോംബ് ജപ്പാനിലെ നാഗസാക്കിയിൽ വലിച്ചെറിഞ്ഞത് അന്നാണ്. അതിന് മൂന്ന് ദിവസം മുമ്പായിരുന്നു ഹിരോഷിമയിൽ യുറാനിയം അടിസ്ഥാനമാക്കിയുള്ള ലിറ്റിൽ ബോയ് എന്ന ബോംബ് വർഷിച്ചത്. ഇത്കൂടാതെ ഈ ദിനത്തിന് ഭാരതീയരായ നമ്മെ സംബന്ധിച്ചിടത്തോളം യുദ്ധസംബന്ധിയായ മറ്റൊരു പ്രത്യേകത കൂടിയുണ്ട്. ഇന്ത്യ ബ്രിട്ടീഷുകാരുടെ ഒരു അടിമ രാജ്യമായിരുന്നപ്പോൾ ഇന്ത്യക്കാരുടെ സമ്മതമില്ലാതെ രണ്ടാം ലോക മഹായുദ്ധത്തിൽ ഇന്ത്യയെ വലിച്ചിഴച്ചതിന് പ്രതിഷേധ സൂചകമായി ദേശീയ പ്രസ്ഥാനത്തിന് നടുനായകത്വം വഹിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ബ്രിട്ടൻ ഇന്ത്യ വിടുക (ക്വിറ്റ് ഇന്ത്യ) എന്ന പ്രമേയം പാസാക്കിയത് ആഗസ്ത് 8 നായിരുന്നു. ആഗസ്ത് 9 ന് നാം ക്വിറ്റ് ഇന്ത്യാ ദിനമായി ആചരിക്കുന്നു.

### ഐൻസ്റ്റീനും ആറ്റം ബോംബും

ലോകത്തിന്റെ എറ്റവും ഭീകരമായ യുദ്ധസ്മരണയാണ് 1939 മുതൽ 1945 വരെ 6 വർഷം നീണ്ടു നിന്ന രണ്ടാം ലോക മഹായുദ്ധം നമുക്ക് സമ്മാനിച്ചത്. ആകാശത്തിലും സമുദ്രത്തിലും കരയിലും മനുഷ്യൻ യുദ്ധം ചെയ്തു. സഖ്യ കക്ഷികൾക്കും (Allied Force) അച്ചുതണ്ട് ശക്തികൾക്കും (Axis Force) പട്ടാളക്കാരും സിവിലിയന്മാരുമായി 6 കോടി ആളുകൾ മരണപ്പെട്ടു. 1940 ലെ ലോക ജനസംഖ്യയുടെ 3 ശതമാനം ജനങ്ങൾ മൃത്യുവിനിരയായി. രണ്ടാം ലോക മഹായുദ്ധ ശേഷം ലോകപ്രശസ്തനായ ഭൗതിക ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റീനോട് ഒരിക്കൽ മൂന്നാം ലോക മഹായുദ്ധത്തെക്കുറിച്ച് ചോദിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞ മറുപടി:

*'മൂന്നാം ലോക യുദ്ധത്തിൽ പ്രയോഗിക്കപ്പെടുന്ന ആയുധങ്ങളെ പ്പറ്റി എനിക്കറിയില്ല. പക്ഷേ നാലാം ലോക മഹായുദ്ധത്തിൽ കല്ലും വടിയും ഉപയോഗിച്ചായിരിക്കും അവർ യുദ്ധംചെയ്യുക.'*

1948 ലെ ഒരു അഭിമുഖത്തിലാണ് ഐൻസ്റ്റീൻ ഇത് പറഞ്ഞത്. അതിന് ശേഷം പതിറ്റാണ്ടുകൾ കടന്നുപോയി. നടക്കാനിരിക്കുന്ന മൂന്നാം ലോക മഹായുദ്ധത്തിന്റെ മാരക ഫലങ്ങളെ കുറിച്ച് മനോഹരമായി സൂചിപ്പിച്ച ഐൻസ്റ്റീൻ രണ്ടാം ലോക മഹായുദ്ധത്തിൽ ആറ്റം ബോംബ് നിർമാണത്തിന്റെ ആവശ്യകതയെ പിന്തുണച്ചുകൊണ്ട് അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ലിൻ റൂസ്‌വെൽട്ടിന് 1939 ആഗസ്തിൽ കത്ത് അയച്ച ആളാണ് എന്ന കാര്യംകൂടി നാമോർക്കണം. ആ ഒരു കുറ്റത്തിൽ നിന്നും മഹാനായ ആ ശാസ്ത്രജ്ഞന് ഒഴിഞ്ഞു മാറാനാവില്ല. $E=MC^2$ എന്ന വിശ്വ പ്രസിദ്ധമായ സമവാക്യത്തിന്റെ ഉപജ്ഞാതാവായ ഐൻസ്റ്റീൻ ഒരു സമാധാന വാദിയായിട്ടാണ് അറിയപ്പെട്ടത്. 1933 ൽ യഹൂദ പീഢകനായ അഡോൾഫ് ഹിറ്റ്ലർ നാസിപ്പാർട്ടിയുടെ തലവനായി ജർമനിയിൽ അധികാരത്തിൽ വരുകയും അച്ചുതണ്ടു

ശക്തികളുടെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു. ജർമനി സമീപ ഭാവിയിൽ ബോംബ് നിർമിക്കുമെന്ന ഭീതിയുടെ അടിസ്ഥാനത്തിൽ ഐൻസ്റ്റീൻ നിലപാട് മാറ്റിക്കൊണ്ട് സഖ്യകക്ഷികളുടെ നേതൃത്വത്തിലുണ്ടായിരുന്ന അമേരിക്കയെ ബോംബ് നിർമാണത്തിന് പ്രേരിപ്പിക്കുകയായിരുന്നു. 1939 ആഗസ്തിൽ അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ലിൻ റൂസ്വെൽട്ടിന് ബോംബ് നിർമാണത്തിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി അദ്ദേഹം കത്തെഴുതുകയുണ്ടായി. പിന്നീട് മൻഹാട്ടൻ പ്രൊജക്റ്റിന്റെ കീഴിൽ ഓപ്പൻ ഹൈമർ എന്ന ജർമൻ വംശജനായ യഹൂദ ശാസ്ത്രജ്ഞനായിരുന്നു അമേരിക്കയുടെ ആറ്റം ബോംബ് നിർമാണത്തിന് നേതൃത്വം നൽകിയത്. അദ്ദേഹവും ഐൻസ്റ്റീനും അമേരിക്കയിൽ പ്രിസ്റ്റണിലെ പ്രശസ്തമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡീസിൽ ഒരുമിച്ചു പ്രവർത്തിച്ചിട്ടുണ്ട്. അമേരിക്കൻ വിദ്യാഭ്യാസരംഗത്തെ മാറ്റി മറിച്ച അബ്രഹാം ഫ്ളക്സ്നർ (Abraham Flexner, 1866–1959) എന്ന ജർമനിയിൽ നിന്നും കുടിയേറിയ യഹൂദനായിരുന്നു ഈ ഉന്നത വിദ്യാഭ്യാസ സ്ഥാപനം അമേരിക്കയിൽ സ്ഥാപിച്ചത്.

ഓപ്പൺ ഹൈമർ ഇൻഡോളജിയിൽ താൽപര്യമുള്ള ഒരാളായിരുന്നു. ആറ്റം ബോംബ് പരീക്ഷണത്തിന്റെ അത്യുജ്ജ്വലമായ പ്രകാശവും വിസ്ഫോടനവും കണ്ട ഓപ്പൻ ഹൈമർ ഉരുവിട്ടത് ഒരു ഗീതാവചനമായിരുന്നു. ***'ദിവിസൂര്യ സഹസ്രസ്യ ഭവേദ് യുഗപദുത്ഥിതാ'*** (ആയിരം സൂര്യന്മാർ ഒരേ സമയം പ്രകാശിക്കുമെങ്കിൽ അങ്ങനെ. -വിശ്വരൂപ ദർശന യോഗം ഭവത് ഗീത- 11:12) ഭഗവാന്റെ ആത്മീയ തേജസ്സിനെ പറ്റി പറഞ്ഞ ഗീതാ വചനത്തിന് വന്നു ചേർന്ന വിപരീതോക്തി നോക്കൂ.

## ആറ്റംബോംബ് വീണപ്പോൾ

1945 ആഗസ്ത് 6 ന് ഹിരോഷിമയിലും ആഗസ്റ്റ് 9 ന് നാഗസാക്കിയിലും ആറ്റം ബോംബ് വർഷിക്കുകയുണ്ടായി. മനുഷ്യവംശം ഇന്നേവരെ അനുഭവിച്ചതിൽ വെച്ചേറ്റവും കിരാതവും മാരകവുമായ കൂട്ടഹത്യയായിരുന്നു അത്. പലരും ബോംബിന്റെ അത്യുഷ്ണത്താൽ ആവിയായി പോവുകയാണുണ്ടായത്. ആറ്റം ബോംബ് സ്ഫോടനം ഹിരോഷിമയിൽ ഒന്നര ലക്ഷവും നാഗസാക്കിയിൽ ഒരു ലക്ഷത്തോളവും മൊത്തം രണ്ടര ലക്ഷം മനുഷ്യർ ബോംബ് വർഷിക്കപ്പെട്ട സ്ഥലത്ത് വെച്ച് കൊല്ലപ്പെട്ടു. മൂന്നാം ലോക മഹായുദ്ധത്തിൽ നാം പ്രയോഗിക്കാൻ വേണ്ടി കരുതിവെച്ച ഈ മാരകായുധങ്ങളുടെ മഹാ ശേഖരത്തെക്കുറിച്ച് വിവരിക്കുന്നതിന് മുമ്പായി, ഇതിന് മുമ്പ് രണ്ട് തവണ മാത്രം ലോകം സാക്ഷ്യം വഹിച്ച ആറ്റം ബോംബ് എന്ന നാരകീയ അഗ്നി താണ്ഡവത്തിന്റെ സ്തോഭജനകമായ ദൃക്സാക്ഷി വിവരണം കേൾക്കൂ.

ആറ്റം ബോംബ് എന്ന ഈ നരക തീ നാഗസാക്കി നഗരത്തിലേക്ക് അമേരിക്കയുടെ വിമാനത്തിൽ നിന്നും വലിച്ചെറിഞ്ഞപ്പോഴുള്ള ഭീകരമായ രംഗങ്ങൾ നാഗസാക്കിയിൽ അവശേഷിച്ച 10% പേരിൽ ഒരാളായിരുന്ന ഡോ തകാഷി വിവരിക്കുന്നു. വീണ്ടും 6 വർഷം ജീവിച്ച് അർബുദം ബാധിച്ച് കൈകാൽ ശോഷിച്ച് വയർ വീർത്ത് മരിക്കുന്നതിന് മുമ്പായി 17 ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. The Bell of Nagazaki എന്ന ഗ്രന്ഥത്തിൽ ആ ഭീകര രംഗം അദ്ദേഹം വിവരിക്കുന്നത് കാണുക.

*'അതിഭീകരമായ ഒരു പൊട്ടലും കണ്ണഞ്ചിപ്പിക്കുന്ന പ്രഭയും. നീലയും ചുവന്നതുമായ തീനാളങ്ങൾ ചിതറി. ഉഗ്രമായ കൊടും ചൂട്! മണിക്കൂറിൽ 600 മൈൽ വേഗമുള്ള ഒരൂക്കൻ കൊടുങ്കാറ്റ്!! 600 ഡിഗ്രി ചൂടുള്ള ഒരു തീചൂള. അതിന് 10,000 അടി ഉയരം. മൂന്നു മൈൽ അധികം പടർപ്പ്. ആ അഗ്നി രാക്ഷസൻ വളർന്നു നാല്പത്തയ്യായിരം അടിയായി ഉയർന്നു. കോടിക്കണക്കിനു കരങ്ങളും വിടർത്തി അവൻ കുതിച്ചപ്പോൾ 25,000 പേർ അതിൽ ഉടൻ ചാമ്പലായി. 1,00,000 പേർക്ക് പരിക്ക് പറ്റി.അവരിൽ 72,000 പേർ പിന്നീട് മരിച്ചു.'*

ഡോ: തകാഷി തുടരുന്നു. *'പൊട്ടിത്തെറി കഴിഞ്ഞ് 20 മിനുട്ട് കഴിഞ്ഞിരുന്നു. ഉറക്കാമിയിലെ നഗരപ്രദേശം മുഴുവനും കത്തി ജ്വലിക്കുകയാണ്. ആശുപത്രിയുടെ നടുത്തളത്തിലും അഗ്നി താണ്ഡവമാടുകയാണ്......നരക തുല്യമായ അഗ്നികുണ്ഡത്തിൽ നിന്ന് രക്ഷപ്പെടാൻ വേച്ചും വീണും മല കയറി വരുന്ന നഗ്ന ശരീരങ്ങളുടെ അതിദാരുണമായ ഘോഷയാത്ര തുടർന്നു കൊണ്ടേയിരിക്കുന്നു. സ്വന്തം പിതാവിന്റെ മൃതദേഹം വലിച്ചുകൊണ്ട് രണ്ടു കുട്ടികൾ കടന്നുപോയി. തലയറ്റ ഒരു ശിശുവിനെ മാറോട് ചേർത്ത് പിടിച്ച് യുവതിയായ ഒരമ്മ ഓടുകയാണ്. പരസ്പരം കൈകോർത്തു പിടിച്ച് രണ്ടു വൃദ്ധദമ്പതിമാർ കുന്നുകയറി വരുന്നു. കുന്നിന് മുകളിൽ എത്തിയ മറ്റൊരു സ്ത്രീയുടെ വസ്ത്രത്തിന് തീ പിടിക്കുകയും ആളിക്കത്തുന്ന വൈക്കോൽ പന്തുപോലെ അവ താഴോട്ട് ഉരുണ്ടു പോകുകയും ചെയ്തു. സ്വബോധം നഷ്ടപ്പെട്ട ഒരു മനുഷ്യൻ കത്തുന്ന വീടിന്റെ മുകളിൽ കയറി നിന്ന് നൃത്തം ചെയ്യുകയാണ്. ഓടിയവരിൽ പലരും ഇടക്ക് തിരിഞ്ഞു നോക്കി. മറ്റുള്ളവർ പിന്നോട്ട് തിരിഞ്ഞുനോക്കാൻ ധൈര്യമില്ലാതെ മുമ്പോട്ട് പാഞ്ഞു. കുറെ മുമ്പോട്ട് ഓടിയ ഒരു ബാലൻ സഹോദരിയെ വിളിക്കുന്നു. വേഗം വരാൻ അല്പം നിൽക്കാൻ അവൾ അവനോടു യാചിച്ചു. ഇവരുടെയും പിന്നിൽ ഒരഗ്നി സമുദ്രം ഇരമ്പിപാഞ്ഞു വരുന്നു. അത് കൂടുതൽ അടുത്ത് വരികയാണ്'*

Hiroshima Diary എന്ന മറ്റൊരു ഗ്രന്ഥത്തിൽ ഡോ. ഹാച്ചിയ

രേഖപ്പെടുത്തിയ ഒരു ഉദ്ധരണി കൂടി ഞാൻ വായിക്കാം.

*'പട്ടാളക്കാരുടെ സ്ഥിതി ഇതിലും ഭയങ്കരമായിരുന്നു. അരക്കു മുകളിലെ ഭാഗങ്ങൾ പൊള്ളലേറ്റു കരിഞ്ഞു തൊലി ഉരുകി തൂങ്ങിയും എണ്ണമറ്റ പട്ടാളക്കാർ വഴിയിൽ കിടക്കുന്നത് കണ്ടു. അവരുടെ തലമുടി കരിഞ്ഞിരുന്നില്ല. പട്ടാളത്തൊപ്പി ധരിച്ചത് കൊണ്ടാവാം. അധികം മൃതദേഹങ്ങൾക്കും മുഖം ഉണ്ടായിരുന്നില്ല. കണ്ണും മൂക്കും ചെവിയും ഉരുകിപ്പോയി!. കരിഞ്ഞു കരുവാളിച്ച മാംസപിണ്ഡങ്ങൾ മുഖം മുഴുവൻ വെന്തു നീറി വികൃതമായിത്തീർന്ന ഒരു പട്ടാളക്കാരൻ വെളുത്ത പല്ലുകൾ ഇളിച്ചു കാട്ടി റോഡിൽ കിടന്നിരുന്നു. അയാൾ വെള്ളം ചോദിച്ചു. ഞാനെന്തു ചെയ്യാനാണ്? അപ്പോൾ വെള്ളം എവിടെ കിട്ടാനാണ്? എനിക്ക് സങ്കടം തോന്നി. കൈകൂപ്പി അയാൾക്ക് വേണ്ടി പ്രാർഥിച്ചു. പിന്നീട് അയാൾ വെള്ളം ചോദിച്ചില്ല. അയാൾ മരിച്ചു കഴിഞ്ഞിരുന്നു.'* ഡോ. ഹാച്ചിയ തുടരുന്നു

*'ജലസംഭരണ ടാങ്കുകൾ നിറയെ മൃതദേഹങ്ങൾ! പൊള്ളലേറ്റവർ. രക്ഷപ്പെടാൻ വേണ്ടി ടാങ്കിൽ ചാടി. പക്ഷേ ആ ഹതഭാഗ്യർ ജീവനോടെ വേവിക്കപ്പെടുകയായിരുന്നു. അത്യുഗ്രമായ ചൂടിൽ ടാങ്കിലെ വെള്ളം തിളക്കുകയായിരുന്നു. ഒരു റിസർവോയറിൽ മരിച്ചവരുടെ കൂട്ടത്തിൽ ജീവനുള്ള ഒരാൾ കിടന്നു നരങ്ങുന്നത് കണ്ടു. ചോര കലർന്ന ചുവന്ന വെള്ളം അയാൾ ആർത്തിയോടെ കുടിക്കുകയായിരുന്നു.'*

## ആധുനിക ന്യൂക്ലിയർ ബോംബുകൾ

സുഹൃത്തുക്കളെ, 1945 ആഗസ്തിൽ ജപ്പാനിൽ ആറ്റം ബോംബ് സ്ഫോടനം നടന്ന് 72 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ജപ്പാനിലെ കെടുതികൾ കണ്ട് മരണം വിതക്കുന്ന യുദ്ധ വ്യവസായം പാശ്ചാത്താപ വിവശരായി അടങ്ങിയിരിക്കുകയായിരുന്നില്ല. കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ മനുഷ്യരെ അതിവേഗം കൊന്നൊടുക്കി എങ്ങനെ യുദ്ധം ജയിക്കാമെന്നുമുള്ള വിപുലമായ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു അവർ. അധികാരവും സമ്പത്തുമായിയിരുന്നു അവരുടെ പ്രചോദനം. രണ്ടാം ലോകമഹായുദ്ധത്തിൽ ജപ്പാനിൽ നടന്ന ഈ ആറ്റം ബോംബ് സ്ഫോടനം മൂന്നാം ലോക മഹായുദ്ധത്തിനായുള്ള ഒരു സാമ്പിൾ വെടിക്കെട്ടായിരുന്നു എന്ന് വേണമെങ്കിൽ പറയാം. ഏഴു പതിറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ അതിഭയാനകമായ പ്രഹര ശേഷിയുള്ള ന്യൂക്ലിയർ ബോംബുകളും അത്യാധുനികമായ അതിന്റെ പ്രയോഗ രീതികളുമാണ് ഇന്ന് ലോകം കൈവരിച്ചിരിക്കുന്നത്. മൂന്നാം ലോകമഹായുദ്ധം കഴിഞ്ഞ് മനുഷ്യൻ നാലാം ലോക മഹായുദ്ധം നടത്തുക കല്ലും കവണയുപയോഗിച്ചായിരിക്കും എന്ന് പറഞ്ഞ ഐൻസ്റ്റീന്റെ വാക്കുകൾ ഓർക്കുക. അറിയപ്പെട്ട നമ്മുടെ പ്രപഞ്ചത്തിൽ ഈ ഭൂമിയിൽ മാത്രമാണ് മനുഷ്യ വർഗത്തിന്റെയും അവൻ പടുത്തുയർത്തിയ നാഗരിക സംസ്കൃതിയുടെയും പച്ചപ്പ് കാണാൻ സാധിക്കുന്നത്. ഹോമോസാപിയൻസ് എന്നറിയപ്പെടുന്ന ഈ ജീവിവർഗത്തിന്റെ ഉന്മൂലനമായിരിക്കും മൂന്നാം ലോക മഹായുദ്ധത്തിൽ സംഭവിക്കുക എന്നാണ് ചിന്തിക്കുന്ന ഏത് മനുഷ്യനും കണ്ടെത്താൻ കഴിയുക.

7 പതിറ്റാണ്ടു മുമ്പ് ജപ്പാനിലിട്ടത് ആറ്റം ബോംബായിരുന്നു. ഒറ്റയടിക്ക് ലക്ഷക്കണക്കിന് ആളുകളെ കൊല്ലുന്ന ആറ്റം ബോംബ് ഇന്ന് ഒരു പഴഞ്ചൻ ആയുധമാണ്. അതിനേക്കാൾ പ്രഹരശേഷിയുള്ള ഹൈഡ്രജൻ ബോംബാണ് ആണവ ശക്തികളുടെ കൈയ്യിലുള്ളത്. എന്താണ് ഈ ആറ്റം ബോംബും ഹൈഡ്രജൻ ബോംബും തമ്മിലുള്ള വ്യത്യാസം? വ്യത്യാസത്തിന്റെ ഏകദേശരൂപം നാം അറിഞ്ഞിരിക്കണം. ആറ്റം ബോംബ് ന്യൂക്ലിയർ ഫിഷൻ അഥവാ അണു വിഘടനം ആധാരമാക്കിയാണ് പ്രവർത്തിക്കുന്നത്. അത്തരത്തിലുള്ള ആറ്റം ബോംബായിരുന്നു ജപ്പാനിലിട്ടത്. ആറ്റത്തിന്റെ ന്യൂക്ലിയസ്സിൽ ഉള്ള പ്രോട്ടോൺ, ന്യൂട്രോൺ എന്നീ കണങ്ങളെ ബന്ധിച്ചിരിക്കുന്ന അതിശക്തമായ ബലമാണ് ന്യൂക്ലിയർ ഫോഴ്സ് അഥവാ ന്യൂക്ലിയർ ബലം. ഒരു ആറ്റം ബോംബിലെ യുറേനിയ മൂലകത്തിലുള്ള ആറ്റത്തിലെ ന്യൂക്ലിയർ ബലത്തെ വിഘടിപ്പിച്ചു (ഫിഷൻ) ആ ബലത്തെ ഊർജമായി മോചിപ്പിച്ചാണ് ആറ്റം ബോംബ് പ്രവർത്തിക്കുന്നത്. ഹൈഡ്രജൻ ബോംബ് എന്നാൽ വിഘടനത്തിന് പകരം അണു സംയോജനത്തിലൂടെയാണ് ഊർജം പ്രവഹിക്കുന്നത്. ശക്തമായ ചട്ടകൂടുള്ള ഒരു ബോംബിനകത്ത് അനേകം ആറ്റം വിഘടന സ്ഫോടനം നടത്തി വമ്പിച്ച ഊർജം ഉൽപ്പാദിപ്പിച്ച് ബോംബിനകത്ത് സജ്ജീകരിച്ച ഹൈഡ്രജൻ ആറ്റത്തെ അണുസംയോജനത്തിലൂടെ (ഫ്യൂഷൻ) ഹീലിയം ആറ്റമായി മാറ്റുമ്പോൾ ബാക്കി വരുന്ന വൻ ഊർജമാണ് പൊട്ടിത്തെറിക്കുക. ഇതിനെയാണ് ഹൈഡ്രജൻ ബോംബ് എന്ന് പറയുന്നത്. ആറ്റം ബോംബിനേക്കാൾ എത്രയോ മടങ്ങ് മാരകവും പ്രഹരശേഷിയുള്ളതുമാണ് ഹൈഡ്രജൻ ബോംബ്. **Russel Hoffman** എഴുതിയ The Effect of Nuclear Weapons എന്ന ഒരു ലേഖനത്തിൽ പറയുന്നത് ഒരു മെഗാടൺ ഹൈഡ്രജൻ ബോംബ് ഏകദേശം 6 കിലോ മീറ്റർ വിസ്തൃതിയിൽ ന്യൂക്ലിയർ സ്ഫോടനത്തിൽ നിന്നുമുള്ള ഗാമാ കിരണങ്ങളാൽ ആളുകൾ കൊല്ലപ്പെടുന്നു. ഈ 6 കിലോ മീറ്റർ ഗ്രൗണ്ട് സീറോ ആയിട്ടാണ് കണക്കാക്കപ്പെടുക. കൊല്ലപ്പെടുന്ന ആളുടെ ഒരു നിഴൽ ചിത്രം (Ghost Shadow) ഒരു അടയാളമായി അവരുടെ പിന്നിലുള്ള കോൺക്രീറ്റ് മതിലിലോ കല്ലിന്മേലോ പതിയും. പക്ഷേ ഉടൻ

തന്നെ അവരെ അവിടെ കാണില്ല. അവർക്ക് എന്ത് സംഭവിച്ചു എന്നും ഒരുപക്ഷേ അവരറിയില്ല കാരണം ആറ്റം ബോംബിന്റെ വിദ്യുത് തരംഗങ്ങൾ അതേൽക്കുന്നവരുടെ സംവേദന ഇന്ദ്രിയങ്ങൾ അവരുടെ മസ്തിഷ്ക്കത്തിൽ എത്തുന്നതിന് മുമ്പായി അവർ ആവിയായി പോയിട്ടുണ്ടായിരിക്കും! അത്രയും ദ്രുതഗതിയിൽ ഭയാനകമായി മനുഷ്യനെ കൂട്ടമായി ഉന്മൂലനം ചെയ്യുന്നതാണ് ആധുനിക ന്യൂക്ലി യർ ബോംബുകൾ.

മാനവരാശി ഇന്നോളം ദർശിച്ചിട്ടില്ലാത്ത മനുഷ്യകൃതമായ ഈ വിപത്തിനെ പറ്റി വിശുദ്ധ ഖുർആനിൽ വ്യക്തമായി ഈ വിഷയം സൂചിപ്പിക്കുന്നു. വിശുദ്ധ ഖുർആനിൽ സൂറ: ഹുമസയിൽ അല്ലാഹു പറയുന്നു:

***'പരദൂഷകനും അപവാദം പരത്തുന്നവനുമായ ഓരോരുത്ത നും നാശം.***

***ധനം ശേഖരിക്കുകയും അത് എണ്ണിക്കണക്കാക്കിക്കൊണ്ടി രിക്കുകയും ചെയ്തിട്ടുള്ളവൻ.***

***തന്റെ ധനം അവനെ ശാശ്വതനാക്കിയിരിക്കുകയാണെന്ന് അവൻ ധരിക്കുന്നു.***

***അങ്ങനെയല്ല, തീർച്ചയായും ആ തകർക്കുന്നശിക്ഷയിൽ അവൻ പിടിച്ചുതള്ളപ്പെടും (കല്ലാ ലയുൻ ബദന്ന ഫിൽ ഹുത്വമ)***

***ആ തകർപ്പൻ ശിക്ഷ എന്താ ണെന്ന് നിനക്കെന്തറിയാം.***

***അല്ലാഹുവിന്റെ, കത്തിജ്വലി പ്പിക്കപ്പെടുന്ന അഗ്നിയാണത് (നാറുല്ലാഹിൽ മൂക്കദ).***

***ഹൃദയത്തിന് മേൽ ആളിപ്പട രുന്ന അഗ്നി (അല്ലദീ തത്വല്ലിഹു അലൽ അഫ്ഇദ:).***

***നിശ്ചയമായും, അത് അടച്ചു മൂടപ്പെട്ടതായിരിക്കും (ഇന്നഹാ അലയ്ഹിം മുഅ്സദ:) നീണ്ട സ്തംഭങ്ങളിൽ (ഫീ അമദിൻ മുമദ്ദദ.) (104: 1-10)***

ഹൃദയങ്ങളിൽ ആളിപ്പടരുന്ന അഗ്നി എന്ന ഖുർആന്റെ പ്രയോഗം ന്യൂക്ലിയർ ബോംബിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട താണ്. ന്യൂക്ലിയർ ബോംബ് സ്ഫോടനം നടന്ന് ഉടനെ ചൂടു കൂടാതെ ധാരാളം ഗാമാ രശ്മികളും ന്യൂട്രോണുകളും ഉൽസർജിക്ക പ്പെടുന്നു. വമ്പിച്ച ഊർജ പ്രവാഹ ത്താൽ ആണവ മേഘങ്ങൾ ഒരു കൂണുപോലെ Nuclear Mash room മുകളിലോട്ട് കുതിച്ചുയരും. ഗാമാ രശ്മികൾ നാനാഭാഗ ത്തേക്കും ശബ്ദതരംഗങ്ങളേക്കാൾ വേഗത്തിൽ പ്രസരിക്കുന്നു. ഗാമാ കിരണങ്ങളുടെ അകമ്പടിയോടെ സൃഷ്ടിക്കപ്പെടുന്ന ആഘാത തരംഗങ്ങൾ (ഷോക്ക് വേവ്സ്) ഉണ്ടാവുന്നു. വല്ലാത്ത മുഴക്കത്തോ ടെ ഈ ആഘാത തരംഗങ്ങളേറ്റ് ഹൃദയ സ്തംഭനമുണ്ടായിട്ടായിരി ക്കും ആളുകൾ മരിക്കുക. ***അത് ഹൃദയങ്ങളിൽ മേൽ ആളിപ്പടരു ന്ന അഗ്നിയാണ്. (അല്ലദീ തത്വല്ലിഹു അലൽ അഫ്ഇദ:)*** എന്ന് ഖുർആൻ പറഞ്ഞതോർക്കു ക.

## ന്യൂക്ലിയർ വിന്റർ (ആണവ ശിശിരം)

ഒരു ലോകമഹായുദ്ധത്തി ലോ പ്രാദേശിക യുദ്ധത്തിലോ നിരവധി ന്യൂക്ലിയർ ബോംബുകൾ വർഷിച്ചാൽ എന്താണ് സംഭവിക്കു ക? അതുണ്ടാക്കുന്ന പാരിസ്ഥിതിക ദുരന്തങ്ങളെ പറ്റി ലോകപ്രശസ്ത നായ ശാസ്ത്രജ്ഞൻ കാൾസാഗ നടക്കം 5 പേരടങ്ങുന്ന ശാസ്ത്ര സംഘം 1983 ൽ പഠനം നടത്തുക യുണ്ടായി. ന്യൂക്ലിയർ സ്ഫോടന ത്തിൽ നിന്ന് പ്രവഹിക്കുന്ന വമ്പിച്ച വെളിച്ചം, താപം, സ്ഫോടനം, അണു പ്രസരണം പൊടിപടലങ്ങൾ എന്നിവ ചേർന്ന് സൃഷ്ടിക്കുന്ന ഒരു പാരിസ്ഥിതിക പ്രതിഭാസമാണ് ന്യൂക്ലിയർ വിന്റർ. സ്ഫോടനത്തിൽ നിന്ന് ഉദ്പാദിപ്പിക്കപ്പെടുന്ന നൈട്രജൻ ഓക്സൈഡുകൾ ഭൂമിയിൽ അൾട്രാ വയലറ്റ് റേഡിയേഷൻ തടയുന്ന ഓസോൺ പാളിയെ തകർക്കും. കാടുകൾ, മരങ്ങൾ, പ്ലാസ്റ്റിക്ക്, പെട്രോളിയം വസ്തുക്കൾ മുതലായ സകലതും കത്തി നശിച്ച് കാർബൺ പൊടികളായി മാറും. കൊടും താപത്താൽ ജലാശയങ്ങളിലെ ജലം നീരാവിയായി പോവും. റേഡി യേഷൻ ഏറ്റ ദശലക്ഷക്കണക്കിന് ടൺ പൊടി പടലങ്ങൾ ആകാശ ത്തേക്ക് പറന്നുയർന്ന് ദീർഘകാല ത്തേക്ക് ആണവ മേഘങ്ങൾ സൂര്യ പ്രകാശത്തെ തടയുകയും ആ പ്രദേശത്തെ താപനില 11 ഡിഗ്രി മുതൽ 20 ഡിഗ്രി സെന്റിഗ്രേഡ് വരെ താഴുകയും ചെയ്യുന്നു. ഈ പ്രതി ഭാസത്തെയാണ് ന്യൂക്ലിയർ വിന്റർ - ആണവ ശിശിരം എന്ന് പറയുന്നത്.

ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ സൂറ **'അദ്ദുഖാൻ'** എന്ന അദ്ധ്യായത്തിൽ പറയുന്നത് കാണുക. അദ്ദുഖാൻ എന്നാൽ ധൂമ പടലം എന്നാണ് അർഥം.

***'അതിനാൽ ആകാശം സ്പഷ്ടമായ ഒരു ധൂമത്തെ കൊണ്ടു വരുന്നൊരു നാളിനെ നോക്കിപ്പാർക്കുക. അത് ജനങ്ങൾ ക്ക് മീതെ ഒരു നിഴൽ വിരിക്കും. ഇത് വേദനാജനകമായ ഒരു യാതനയായിരിക്കും.' (44: 11-12)***

നമുക്കറിയാം 1962 റേച്ച്ൽ കഴ്സൺ എന്ന അമേരിക്കക്കാരി എഴുതിയ ***Silent Spring*** നിശ്ശബ്ദ വസന്തം എന്ന കൃതിയെപറ്റി. ഡി ഡി റ്റി എന്ന കീടനാശിനിയുടെ അമിതമായ ഉപയോഗം വരുത്തുന്ന പാരിസ്ഥിതിക നാശത്തെ സംബന്ധിച്ചായിരുന്നു ആ പുസ്ത കം. കീടനാശിനി തളിച്ച് താറുമാറാ ക്കിയ പ്രകൃതിയിലേക്ക് ഒരു വസന്തം കടന്നു വരികയാണ്. കിളികൾ ചിലക്കാത്ത ചെടികൾ പുഷ്പിക്കാത്ത ചീവിടുകൾ കരയാ ത്ത നിശ്ശബ്ദ വസന്തം!! ലോകത്ത് പാരിസ്ഥിതിക ബോധത്തിനും പാരിസ്ഥിതിക സംഘടനകൾക്കും തുടക്കം കുറിക്കുകയും ഐക്യ രാഷ്ട്ര സഭയിലും അമേരിക്കയിലും

മറ്റു നിരവധി രാജ്യങ്ങളിലും അനേകം നിയമ നിർമാണങ്ങൾ ഉണ്ടാക്കുകയും ചെയ്ത ചെറിയ ഒരു പുസ്തകമാണത്. ഇന്ന് നാം ചർച്ച ചെയ്യുന്ന **'ന്യൂക്ലിയർ വിന്റർ'** ഖുർആൻ വിശേഷിപ്പിച്ചത് പോലെ അതിനേക്കാൾ വേദനാജനകമായ യാതന തന്നെയാണ്.

### ആണവ വ്യാപനം

ജപ്പാനിൽ ആറ്റം ബോംബ് വർഷിക്കുമ്പോൾ അമേരിക്കയുടെ പക്കൽ മാത്രമാണ് ആറ്റം ബോംബ് ഉണ്ടായിരുന്നത്. ഇന്ന് 9 രാജ്യങ്ങളുടെ കൈയിൽ ന്യൂക്ലിയർ ബോംബുണ്ട്. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ചൈന എന്നീ രാജ്യങ്ങൾ 1968 ലെ അണ്വായുധ നിർവ്യാപന കരാറിൽ (Nuclear Non Proliferation Treaty) ഒപ്പു വെച്ചവരാണ്. മൊത്തം 191 രാജ്യങ്ങൾ ഒപ്പുവെച്ചു. പാകിസ്താൻ, ഇസ്റയേൽ, ഉത്തര കൊറിയ, ഇന്ത്യ എന്നീ നാലു രാജ്യങ്ങൾ NPT യിൽ ഒപ്പുവെക്കാത്ത ന്യൂക്ലിയർ രാജ്യങ്ങളാണ്.

അമേരിക്കയും റഷ്യയും കൂടി ന്യൂക്ലിയർ ആയുധങ്ങളും അത് വിക്ഷേപിക്കാനുള്ള മിസൈലുകളും പരസ്പരം കുറക്കാൻ 1972 ൽ ഒപ്പിട്ട കരാറാണ് **Strategic Arms Limitation Talks (SALT)**. അതിന്റെ ഭാഗമായി 2010 ൽ 22,600 ന്യൂക്ലിയർ ആയുധങ്ങൾ ഉള്ളതിൽ നിന്നും കഴിഞ്ഞ വർഷം അത് 15,000 ആയി ചുരുക്കിയിട്ടുണ്ട്. ഈ 9 രാജ്യങ്ങളിലും കൂടി 15,395 ഓളം ന്യൂക്ലിയർ ആയുധങ്ങളുണ്ട്. ഇത്രയും ആയുധങ്ങൾ കൊണ്ട് പ്രപഞ്ചത്തിലെ അറിയപ്പെടുന്ന ഒരേയൊരു ജൈവഗ്രഹമായ ഭൂമിയെ പല വട്ടം ചുട്ടുചാമ്പലാക്കാൻ പര്യാപ്തമാണ്.

ആഗോള സുരക്ഷയെ പറ്റി പഠനം നടത്തുന്ന Stockhome International Peace Research Institute എന്ന സ്ഥാപനം പറയുന്നത്, 2015 ൽ നിന്ന് ലോകത്തിന്റെ മൊത്തം സൈനിക ചിലവ് 1,686 ലക്ഷം കോടി ഡോളർ ആയി ഉയർന്നിട്ടുണ്ട്. 2010 ന് ശേഷം ആയുധ ചെലവിൽ കഴിഞ്ഞ വർഷമാണ് വർദ്ധനയുണ്ടാവുന്നത്. 4%. അമേരിക്കയുടെ മിലിട്ടറി ചെലവ് മാത്രം 2016 ൽ 611 ലക്ഷം കോടി ഡോളർ ആയി ഉയർന്നു. കഴിഞ്ഞ വർഷത്തെക്കാൾ 1.7 ശതമാനം വർദ്ധന.

### അന്ത്യദിന ഘടികാരം (Doomsday Clock)

മാനവരാശിയുടെ നിലനിൽപ്പ് അപകടപ്പെടുമാറ് ലോകം നേരിടുന്ന കടുത്ത ഭീഷണികളുടെ രൂക്ഷത ഭരണാധികാരികളെയും നേതാക്കന്മാരെയും പൊതുജനങ്ങളെയും ബോദ്ധ്യപ്പെടുത്താൻ 1947ൽ അമേരിക്കയിലെ ഷിക്കാഗോ സർവകലാശാല ഒരു ഘടികാരം നിർമിച്ചിട്ടുണ്ട്. അമേരിക്കയുടെ അണുബോംബ് നിർമിച്ച ശാസ്ത്ര സംഘത്തിന്റെ പ്രസിദ്ധീകരണമായ ***Bulletin of the Atomic Scientists***ന്റെ പ്രവർത്തക സമിതിയാണ് ലോകപ്രശസ്തമായ ആ ഘടികാരം നിർമിച്ചത്. Doomsday Clock (അന്ത്യദിന ഘടികാരം) എന്നാണ് അത് അറിയപ്പെടുന്നത്. നേരം അർധരാത്രി 12 മണിയോടടുക്കുമ്പോൾ മാനവരാശി ഒരു വൻ അപകടത്തിന്റെ മുർധന്യത്തിലാണ് എന്നാണ് പ്രതീകാത്മകമായി ആ ഘടികാരം അറിയിക്കുന്നത്. ലോക സംഭവങ്ങൾ വിലയിരുത്തി സൂചി പുനക്രമീകരണം നടത്തുന്നത് ലോക പ്രശസ്തരായ ഒരു സംഘം ശാസ്ത്രജ്ഞന്മാരുടെ ഒരു കമ്മിറ്റിയാണ്. മൊത്തം 17 തവണ ഇങ്ങനെ ലോക രാഷ്ട്രീയ സംഭവഗതിക്കനുസരിച്ച് സൂചി മാറ്റിയിട്ടുണ്ട്. 1949 ൽ റഷ്യ ആദ്യമായി അണുബോംബ് പരീക്ഷിച്ചപ്പോൾ പഴയ നിലയിൽ നിന്ന് മൂന്ന് മിനുട്ട് സൂചി മുന്നോട്ട് നീങ്ങി. 12 നോടുള്ള അകലം വെറും മൂന്നു മിനുട്ടായിരുന്നു. 1991 ൽ Strategic Arms Limitation Talks-ന്റെ ഭാഗമായി അമേരിക്കയും റഷ്യയും അണ്വായുധങ്ങൾ കുറക്കാമെന്ന് കരാറിൽ ഒപ്പുവെച്ചപ്പോൾ 12 മണിയുമായി 9 മിനുട്ടായിരുന്നു അകലം. 2002 ൽ അമേരിക്കയിൽ ട്വിൻടവർ ആക്രമിച്ചപ്പോൾ പൂർവസ്ഥിതിയിൽ നിന്ന് 2 മിനുട്ട് മുന്നോട്ടാക്കി 7 മിനുട്ടാക്കി അകലം കുറച്ചു. ഈ സൂചി നീക്കം നടത്തിയത് ലോക പ്രശസ്തനായ ശാസ്ത്രജ്ഞൻ സ്റ്റീഫ്ൻ ഹാക്കിൻസായിരുന്നു. അമേരിക്കൻ പ്രസിഡന്റ് ട്രംപ് സംഹാരാത്മകമായ ഭരണം ആരംഭിച്ചപ്പോൾ 2017 ൽ Doomsday Clock ന് 12ന് രണ്ടര മിനുട്ട് മാത്രമാണ് അകലം. *Bulletin of the Atomic Scientists* ന്റെ ജോൺ മക്ലീൻ എഴുതിയ ലേഖനത്തിൽ ഡോണാൾഡ് ട്രംപിന്റെയും വ്ളാദ്മീർ പുട്ടിന്റെയും ഈ കാലത്ത് ഭീതിജനകമാം വിധം ആണവ ഭീഷണി വർധിച്ചിരിക്കുന്നു എന്ന് പറയുന്നു. ആ കുറിപ്പിൽ വടക്കൻ കൊറിയയുടെ ആണവ പരീക്ഷണങ്ങളും ആണവ ശക്തികളായ പാകിസ്താൻ ഇന്ത്യാ സംഘർഷങ്ങളെ പറ്റിയും പരാമർശമുണ്ട്.

വിസ്മയകരമെന്ന് പറയട്ടെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ പരമോന്നത നേതാവ് ഖലീഫത്തുൽ മസീഹ്, ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) മൂന്നാം ലോക മഹായുദ്ധത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകിയതിന് ശേഷമാണ് മറ്റൊരു വഴിക്ക് ലോക രാഷ്ട്രീയ സ്ഥിതി പഠിച്ച് ശാസ്ത്രജ്ഞന്മാർ ക്ലോക്കിന്റെ ചരിത്രത്തിൽ 12 നോടടുത്ത് ഏറ്റവും അകലം കുറച്ച് സൂചന നൽകി സൂചി പുനക്രമീകരിക്കുന്നത്.

### പശ്ചിമേഷ്യ: ലോക സംഘർഷങ്ങളുടെ എപ്പിക് സെന്റർ

ലോക സംഘർഷങ്ങളുടെയും സമാധാന ഭംഗത്തിന്റേയും എപിക് സെന്റർ എപ്പോഴും പശ്ചിമേഷ്യയാണ്. നിങ്ങളോർക്കുന്നുണ്ടാകും 2 വർഷങ്ങൾക്ക് മുമ്പ് മെഡിറ്ററേനിയൻ കടൽ തീരത്ത്

മുഖം കുത്തി ചേതനയറ്റു കിടക്കുന്ന ഒരു പൈതലിന്റെ ചിത്രം. അയ്‌ലൻ കുർദി എന്ന ഒരു സിറിയൻ അഭയാർഥി കുരുന്നിന്റെ മയ്യത്തായിരുന്നു അത്. സിറിയയിലെ കൊലനിലങ്ങളിൽ ജീവൻ ആഹുതിചെയ്യപ്പെട്ട ലക്ഷക്കണക്കിന് ഹതഭാഗ്യരിൽ ഒരാളായിരുന്നു അയ്‌ലൻ കുർദി. സിറിയയിൽ നിന്ന് പ്രാണനും കൊണ്ട് ഉടുതുണിക്ക് മറുതുണിയില്ലാതെ ഓടി രക്ഷപ്പെടുന്ന നിസ്സഹായരും നിരാലംബരുമായ സിറിയൻ അഭയാർഥി കുടുംബത്തിലെ ഒരംഗം. സിറിയയിൽ നിന്ന് രക്ഷപ്പെട്ട് ഗ്രീസിനെ ലക്ഷ്യമാക്കിയായിരുന്നു അവരുടെ പലായനം. അതിനിടക്ക് മെഡിറ്ററേനിയൻ കടലിലൂടെയുള്ള യാത്രയിൽ 8 പേർക്ക് പകരം 16 പേർ കയറിയ ആ ബോട്ട് മറിഞ്ഞു. മരിച്ച അയ്‌ലന്റെ കൊച്ചു മയ്യത്ത് കടലോളങ്ങൾ ആലോലം ആട്ടിയിട്ട് തീരത്തണയിച്ച ദാരുണ ദൃശ്യമായിരുന്നു അന്ന് ലോകം കണ്ടത്.

2010 ന്റെ അവസാനത്തിൽ അറബ് വസന്തത്തിന്റെ നാളുകളിൽ സിറിയൻ പ്രസിഡന്റ് ബശാർ അൽ അസദിനെതിരായി ആരംഭിച്ച സിറിയൻ പ്രക്ഷോഭം ഇപ്പോൾ ഭയാനകമായ ഒരു ആഭ്യന്തര യുദ്ധവും ലോകസമാധാനത്തിന് വമ്പിച്ച ഭീഷണിയുമായി മാറിയിരിക്കുകയാണ്. സിറിയയും വിമത സായുധ ഗ്രൂപ്പുകളും തമ്മിലായിരുന്നു ആദ്യം യുദ്ധം. പിന്നീട് ഇറാഖിൽ നിന്ന് പൊട്ടി പുറപ്പെട്ട സുന്നീ സലഫി ഭീകര സംഘടനയായ ISIS യും അവരുടെ ഖലീഫയായി സ്വയം അവരോധിതനായ അബൂബക്കർ ബാഗ്ദാദി എന്ന സായുധ നേതാവിന്റെ നേതൃത്വത്തിൽ യുദ്ധം വഴി മാറി. ഇയാൾ ഇസ്രയേലിന്റെ ചാരസംസംഘടനയായ മൊസാദിന്റെ പരിശീലനം ലഭിച്ച ഏജന്റാണെന്നാണ് എണ്ണമറ്റ രഹസ്യ രേഖകൾ പുറത്ത് വിട്ട വിക്കി ലീക്സ് മേധാവി എഡ്വേർഡ് സ്നോഡൻ പറയുന്നത്. ഇപ്പോൾ സിറിയൻ ആഭ്യന്തര കലാപം ഒരു വൻ മനുഷ്യ മഹാ ദുരന്തമായി മാറിയിരിക്കയാണ്. അമേരിക്കയും യൂറോപ്യൻ യൂണിയനും ഇസ്രയേലും സഊദി അറേബ്യയുമാണ് സിറിയൻ വിമത സേനയുടെയും ഐ എസ് എസി ന്റെയും പിന്നിലെന്ന് വ്യക്തം.

3 ലക്ഷത്തിനും 5 ലക്ഷത്തിനും ഇടക്ക് സിറിയക്കാർ ഇതിനകം മരിച്ചു കഴിഞ്ഞിരിക്കുന്നു. 13.5 ദശലക്ഷം അതായത് ഒരു കോടി മുപ്പത്തഞ്ച് ലക്ഷം ആളുകൾ യുദ്ധ കെടുതി അനുഭവിക്കുന്നു. 60 ലക്ഷം സിറിയക്കാർ അഭ്യന്തരമായി സ്ഥലം മാറ്റപ്പെട്ടിരിക്കുന്നു. 48 ലക്ഷം സിറിയക്കാർ സിറിയക്ക് പുറത്ത് അഭയാർഥികളായി കഴിയുന്നു. 85% സിറിയൻ ജനതയും പട്ടിണിയിലാണ്. അവർക്ക് ഭക്ഷണം ലഭിക്കുന്നില്ലെങ്കിലും കൃത്യമായി ആയുധം ലഭിക്കുന്നു. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷമുണ്ടായ എറ്റവും വലിയ മനുഷ്യ മഹാ ദുരന്തമായാണ് യു എൻ ഇതിനെ വിശേഷിപ്പിച്ചിരിക്കുന്നത്. മഹത്തായ നാഗരിക സംസ്കൃതികൾ ലോകത്തിന് സമ്മാനിച്ച ഇറാഖും സിറിയയും ഇന്ന് വെറും കൽ കൂമ്പാരങ്ങളാണ്. കഥാ സാഹിത്യ കലയുടെയും സർഗ ഭാവനയുടെയും മാന്ത്രിക സ്പർശമുള്ള അറബിക്കഥകളുടെ രംഗഭൂമിയായ ബാഗ്ദാദ് ഇന്ന് ഒരു പ്രേതഭൂമിയാണ്.

അമേരിക്കയുടെയും റഷ്യയുടെയും ബല പരീക്ഷണ വേദിയാണ് സിറിയൻ ആഭ്യന്തര യുദ്ധം. 2011 ൽ ആരംഭിച്ച ആഭ്യന്തര യുദ്ധത്തിൽ ശിയാ വിശ്വാസിയായ സിറിയൻ പ്രസിഡന്റ് ബശാർ അൽ അസദിനെ റഷ്യ പൂർണമായും പിന്തുണക്കുമ്പോൾ ബശാരിനെതിരെ വിമത സേനയെ അമേരിക്കയും യൂറോപ്യൻ യൂണിയനും സഊദിയും പിന്തുണക്കുന്നു. ISIS തങ്ങളുടെ കിരാത കൃത്യങ്ങൾ തുടരെ തുടരെ നടത്തിക്കൊണ്ട് ഇസ്‌ലാം ഭീകര മതമാണെന്ന് തെളിയിച്ചു കൊണ്ടിരിക്കുന്നു. അവർക്ക് അത്യന്താധുനിക ആയുധങ്ങളുടെ സപ്ലൈ അമേരിക്കയും യൂറോപ്യൻ യൂണിയനും നിർത്തിവെച്ചാൽ മണിക്കൂറുകൾക്കകം യുദ്ധം അവസാനിക്കും. അമേരിക്കയും യൂറോപ്യൻ യൂണിയനും ഇതുവരെ അവർക്കെതിരെ യാതൊരു സൈനിക നടപടിയും എടുത്തിട്ടില്ല. ആയുധ വിതരണം നിർത്തുകയോ ചെയ്യുന്നില്ല. ഇന്ന് ന്യൂക്ലിയർ വൻ ശക്തികളായ റഷ്യയും അമേരിക്കയുമാണ് രണ്ടു ചേരികളായി അരങ്ങത്ത് വരാതെ സിറിയയിൽ യുദ്ധം നടത്തുന്നത്. ഈ യുദ്ധങ്ങളുടെയും മനുഷ്യക്കുരുതികളുടെയും ഏറ്റവും വലിയ ഗുണഭോക്താവ് ഇസ്റയേലുമാണ് എന്ന് നാം ഓർക്കണം. ഏണ്ണ സമ്പന്നമായ മദ്ധ്യ പൗരസ്ത്യദേശം അധീനമാക്കാനുള്ള ഈ യുദ്ധത്തിൽ വൻശക്തികൾ നേരിട്ട് ഇടപെട്ടാൽ അത് മൂന്നാം ലോക മഹായുദ്ധത്തിൽ കലാശിക്കാൻ ഇടയുണ്ടെന്ന് അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) മുന്നറിയിപ്പ് നൽകിയ കാര്യം ഞാൻ ഓർക്കുകയാണ്.

## പശ്ചിമേഷ്യൻ കുഴപ്പങ്ങൾ: മൂലകാരണം

## സാമ്രാജ്യത്വത്തിന്റെ ഗൂഢാലോചന

ലോകസമാധാനത്തിന് ഇന്നും ഏറ്റവും വലിയ ഭീഷണിയായി നിൽക്കുന്ന പശ്ചിമേഷ്യയുടെ ചരിത്രം അൽപ്പം ഇവിടെ വിവരിക്കേണ്ടതുണ്ട്. നീതിനിഷേധവും ചതിയും വഞ്ചനയുമാണ് ഭീകരവാദത്തിലേക്കും മഹായുദ്ധത്തിലേക്കും നയിക്കുന്ന കാരണങ്ങളിലൊന്ന് എന്ന് നാം മറക്കരുത്. ഒന്നാം ലോക മഹായുദ്ധത്തിൽ കേന്ദ്രീയ ശക്തികളായ ജർമൻ സഖ്യത്തിലായിരുന്നു മുസ്‌ലിം ലോകത്തിന്റെ ഖിലാഫത്തിന്റെ പ്രാതിനിധ്യം വഹിച്ച തുർക്കി. അറബ് ലോകം തുർക്കി ഖിലാഫത്തിനെതിരെ ബ്രിട്ടൻ-ഫ്രാൻസിന്റെ സഖ്യശക്തികൾക്കായിരുന്നു യുദ്ധത്തിലുടനീളം പിന്തുണ

നൽകിയത്. ജയിച്ചാൽ തുർക്കി ഖിലാഫത്തിന്റെ ഭരണ പ്രദേശങ്ങൾ തദ്ദേശീയരായ അറബികൾക്ക് നൽകുമെന്നായിരുന്നു വാഗ്ദാനം. മക്കയിലെ ശരീഫ് ഹുസൈനും മക്മേഹോൻ എന്ന ബ്രിട്ടീഷ് മിലിറ്ററി ഓഫീസറുമായുണ്ടാക്കിയ Hussain- McMahon Agrement പ്രകാരവും സൈനിക പരിശീലകനും ബ്രിട്ടീഷ് ഏജന്റുമായ ടി. എസ്സ് ലോറൻസ് അറബികൾക്ക് നൽകിയ ഉറപ്പ് പ്രകാരവും തുർക്കിയുടെ പ്രദേശങ്ങൾ അറബികൾക്ക് തന്നെ നൽകുമെന്നായിരുന്നു കരാർ വ്യവസ്ഥ. തങ്ങളുടെ സ്വന്തം ഖിലാഫത്തിനെതിരെ പോലും നിന്ന് അറബികൾ സഹായിച്ച സഖ്യ കക്ഷികൾ യുദ്ധം ജയിച്ചപ്പോൾ വാഗ്ദാനം പാലിച്ചില്ല. അറബികളെ അവർ വഞ്ചിക്കുകയായിരുന്നു. എന്ന് മാത്രമല്ല പരാജയപ്പെട്ട തുർക്കി ഖിലാഫത്തിന്റെ ഭരണ പ്രദേശങ്ങൾ ബ്രിട്ടനും ഫ്രാൻസും റഷ്യയും ചേർന്ന് സ്വയം പങ്കിട്ടെടുത്തു. ഫലസ്തീനികളെ പുറത്താക്കി ഇസ്റയേൽ രൂപീകരിക്കുകയും ചെയ്തു. സ്വഭാവികമായും അറബികൾക്ക് ലഭിക്കേണ്ട ആ പ്രദേശങ്ങൾ യുദ്ധശേഷം അവർക്ക് ലഭിച്ചില്ല. ഇതിന് കാരണം അറബികൾക്ക് നൽകിയ വാഗ്ദാനത്തിന് വിരുദ്ധമായി രഹസ്യമായി 1916 മെയ് 10 ന് സഖ്യകക്ഷികൾ ഒരു നിഗൂഢ കരാരിൽ ഒപ്പുവെച്ചിരുന്നു. ഇതിനെയാണ് സൈക്സ് പിക്കോട്ട് കരാർ (Sykes–Picot Agreement) എന്ന് വിളിക്കപ്പെടുന്നത്. ബ്രിട്ടീഷ് പ്രതിനിധിയായ Sir Mark Sykes ഉം ഫ്രഞ്ച് പ്രതിനിധി Georges Picot ഉം ചേർന്ന് രൂപം കൊടുത്ത കരാറായത് കൊണ്ടാണ് ഈ പേരുവന്നത്. സത്യത്തിൽ യുദ്ധം ജയിച്ച ശേഷം സഖ്യ കക്ഷികൾ അറബികളെ വഞ്ചിക്കുകയായിരുന്നു. 1916 ലെ സൈക്സ് പിക്കോട്ട് രഹസ്യകരാർ പ്രകാരം തുർക്കി ഖിലാഫത്തിന്റെ കീഴിലുണ്ടായിരുന്ന അറബ് പ്രദേശം യുദ്ധം ജയിച്ച ബ്രിട്ടനും ഫ്രാൻസും റഷ്യയും ചേർന്ന് അവരുടെ നിയന്ത്രണത്തിലാക്കി. അറബികൾ Sykes–Picot രഹസ്യക്കരാർ അറിഞ്ഞിരുന്നില്ല. ഈ രഹസ്യക്കരാർ പ്രകാരമാണ് 1917–ൽ ബ്രിട്ടീഷുകാർ അധീനപ്പെടുത്തിയ ഫലസ്തീനിൽ ഇസ്രയേൽ രൂപീകരിക്കുന്നതിന് മുന്നോടിയായി ബ്രിട്ടീഷുകാർ ബാൽഫർ പ്രഖ്യാപനം നടത്തിയത്. പിന്നീട് ആ ഭൂമി അവർക്ക് പതിച്ചു കൊടുത്തു. രഹസ്യ കരാർ പ്രകാരം അറേബ്യൻ ഉപദ്വീപ് ഒഴിച്ച് ബാക്കി അറബ് പ്രദേശങ്ങൾ ജോർദ്ദാൻ നദിക്കും മദ്ധ്യധരണ്യാഴിക്കും ഇടക്കുള്ള പ്രദേശങ്ങളും ദക്ഷിണ ഇറാഖും ബ്രിട്ടനും വടക്കൻ ഇറാഖ്, സിറിയ, ലബനാൻ എന്നിവ ഫ്രാൻസിനും ഇസ്താംബൂൾ നഗരവും ബോസ്ഫറസ് കടലിടുക്കും ആർമീനിയയും റഷ്യയും പങ്കിട്ടെടുക്കും പലസ്തീനിൽ ജൂതന്മാർക്ക് ഒരു രാജ്യം നൽകും എന്നായിരുന്നു കരാർ.

1916 ലെ സൈക്സ് പിക്കോട്ട് രഹസ്യകരാർ പിന്നീട് പുറത്തായതിന് പിന്നിൽ ഒരു ചരിത്രമുണ്ട്. ഒന്നാം ലോകമഹായുദ്ധകാലത്ത് സാർ ചക്രവർത്തിയാണ് റഷ്യൻ രാജഭരണത്തിന് വേണ്ടി കരാറിൽ ഒപ്പിട്ടത്. പിറ്റേത്തെ വർഷമാണ് റഷ്യയിൽ ബോൾഷെവിക്കുകൾ വിപ്ലവം നടത്തി സോവ്യറ്റ് റഷ്യ രൂപീകരിച്ചത്. കമ്മ്യൂണിസ്റ്റ് റഷ്യ കരാർ പ്രകാരം തങ്ങൾക്ക് ലഭിച്ച തുർക്കി ഭരണ പ്രദേശങ്ങളിൽ അവകാശ വാദമുന്നയിച്ചതിനെ ആംഗ്ലോ - ഫ്രാൻസ് സഖ്യം നിഷേധിച്ചു. അപ്പോഴാണ് റഷ്യൻ പ്രസിഡന്റായിരുന്ന ലെനിൻ അവരുടെ രഹസ്യ രേഖാ ശേഖരത്തിലുണ്ടായിരുന്ന സൈക്സ് പിക്കോട്ട് കരാർ 1917 നവംബർ 23 ന് പരസ്യപ്പെടുത്തിയത്. അതായത് ബാർഫർ പ്രഖ്യാപനം കഴിഞ്ഞ് കൃത്യം മൂന്ന് ആഴ്ചകൾക്ക് ശേഷം. പാവം അറബികളും ലോകവും അപ്പോഴാണ് ഒന്നാം ലോക മഹായുദ്ധം നയിച്ച ആംഗ്ലോ ഫ്രാൻസ് സഖ്യം തങ്ങൾക്ക് നൽകാമെന്ന് വാഗ്ദാനം ചെയ്ത സ്ഥലങ്ങൾ തരാതിരിക്കാനുള്ള ഗൂഢാലോചനയെ പറ്റിയും വഞ്ചനയെ പറ്റിയും അറിയുന്നത്. സൈക്സ് പിക്കോട്ട് കരാർ ഒപ്പുവെച്ച സാമ്രാജ്യത്വ ശക്തികളാണ് പശ്ചിമേഷ്യയിൽ അനീതിയുടെയും അശാന്തിയുടെയും അസുരവിത്ത് പാകിയത്. സ്വാഭാവികമായുണ്ടായിരുന്ന തുർക്കി ഭരണ പ്രദേശങ്ങളുടെ അതിർത്തികൾ അവരുടെ താൽപര്യങ്ങൾക്ക് വേണ്ടി മാറ്റിമറിച്ചതും ജനങ്ങൾക്ക് ഹിതകരമല്ലാത്ത ഭരണാധികാരികളെ വാഴിച്ചതും ജനങ്ങളെ വിഭജിച്ചതും പുതിയ രാജ്യങ്ങൾ സൃഷ്ടിച്ചതും ഇസ്രയേലിനെ അവിടെ കുടിയിരുത്തിയതും സാമ്രാജ്യത്വ ശക്തികളാണ്. ഒന്നാം ലോകമഹായുദ്ധത്തിൽ വിതച്ച ഈ കുഴപ്പത്തിന്റെ വിത്തിന്റെ വിളവെടുപ്പാണ് പശ്ചിമേഷ്യൻ അസ്വസ്ഥതകളായി നാം ഇന്ന് കാണുന്നത്. ഈ അസ്വസ്ഥതയുടെ അഗ്നി വിതച്ചവരെ തന്നെ കൊയ്തുകൊണ്ടേ അവസാനിക്കൂ.

## യൂറോപ്പും ഉയർന്നുവരുന്ന വലത്പക്ഷ തീവ്രവാദവും

പാർലമെന്ററി ഡമോക്രസി, സെക്കുലറിസം, ലിബറലിസം മുതലായ ആധുനിക രാഷ്ട്രീയ മൂല്യങ്ങൾ ലോകത്തിന് നൽകിയ യൂറോപ്പിലും അമേരിക്കയിലും ഇന്ന് മൂന്നാലോക മഹയുദ്ധത്തിലേക്ക് ചുവട് വെക്കുന്ന അസഹിഷ്ണുതയുടെ ഉഷ്ണകാലമാണ്. അമേരിക്കയിൽ ജോർജ് വാഷിംങ്ങ്ടണും തോമസ് ജെഫേഴ്സണും എബ്രഹാം ലിങ്കനും ഇരുന്ന കസേരയിൽ ഇന്ന് കയറിയിരിക്കുന്നത് ഡൊണാൾഡ് ട്രംപ് എന്ന വിടുവായനും അസഹിഷ്ണുവുമായ ഒരാളാണ്. പല യൂറോപ്യൻ രാജ്യങ്ങളിലും ഫാസിസ്റ്റ് രുചികൂട്ടുള്ള വലത് പക്ഷ പാർട്ടികളാണ് അധികാരത്തിൽ വരുന്നത്. ഒരു കാലത്ത് ഫാസിസത്തെ അകറ്റിയിരുന്ന യൂറോപ്പ് ഇന്ന് ഫാസിസത്തിന് സമാനമായ വാദങ്ങളുള്ള ന്യൂജനറേഷൻ പാർട്ടികളുടെ നാടാണ്.

കടുത്ത ദേശീയ വാദം, യുദ്ധോത്സുകത, യൂറോപ്യൻ യൂണിയനോടുള്ള (യൂറോപ്യൻ ഐക്യത്തോടുള്ള) വിരോധം, കുടിയേറ്റക്കാരോടുള്ള വിദ്വേഷം, സിറിയ, ഇറാഖ് അഭയാർഥികളോടും മുസ്‌ലിംകളോടുമുള്ള അസഹിഷ്ണുത, ഇസ്‌ലാം മതവിദ്വേഷം തുടങ്ങിയവയാണ് അവരുടെ അടയാളങ്ങൾ. ലോകത്തിലെ ജനാധിപത്യത്തിന്റെ ഇറ്റില്ലം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ബ്രിട്ടൻ, യൂറോപ്യൻ യൂണിയനിൽ നിന്ന് ബന്ധം വിച്ഛേദിച്ചതിന്റെ പിന്നിൽ പോലും ഈ വലത് പക്ഷ അടിയൊഴുക്കിന്റെ സ്വാധീനം കാണാം. ഹങ്കറി, ഓസ്ട്രിയ, സ്വിസ്റ്റർലന്റ്, പോളണ്ട്, ബെൽജിയം, ബൾഗേറിയ, നെതർലന്റ്സ്, ഗ്രീസ്, ഡന്മാർക്ക് മുതലായ രാജ്യങ്ങളിലെല്ലാം വലത്പക്ഷ തീവ്രവാദം ഉയർത്തുന്ന പാർട്ടികളുടെ ശക്തമായ സ്വാധീനം കാണാം. നെതർലന്റ്സിലെ പാർട്ടി ഓഫ് ഫ്രീഡത്തിന്റെ നേതാവ് ഗ്രീറ്റ് വൈൽഡേഴ്സ്, ഓസ്ട്രിയ ഫ്രീഡം പാർട്ടിയുടെ നേതാവ് നോർബർട്ട് ഹോഫർ, പോളണ്ടിലെ ലോ ആന്റ് ജസ്റ്റീസ് പാർട്ടിയുടെ നേതാവായ ലെച് അലക്സാണ്ടർ കാഷിൻസ്കി, ഫ്രാൻസിലെ നാഷണൽ ഫ്രണ്ടിന്റെ മറീൻ ലീ പെൻ മുതലായവർ വലത്പക്ഷ പാർട്ടികളുടെ തീ തുപ്പുന്ന നേതാക്കന്മാരാണ്.

വലത്പക്ഷ തീവ്രവാദത്തിലേക്ക് ചായുന്ന യൂറോപ്പിൽ ജനാധിപത്യത്തിന്റേയും നീതിയുടേയും പക്ഷം നിൽക്കുന്ന ബഹുമാന്യരായ നേതാക്കന്മാരും ഉണ്ട് എന്ന യാഥാർഥ്യം നാം നന്ദിപൂർവം സ്മരിക്കേണ്ടതുണ്ട്. കഴിഞ്ഞ മേയിൽ സ്വന്തം പാർട്ടിയുണ്ടാക്കി തെരഞ്ഞെടുപ്പിൽ ജയിച്ച് ഫ്രാൻസിൽ അധികാരത്തിൽ വന്ന യുവാവായ ഇമ്മാനുവൽ മക്രോൺ യൂറോപ്പിലെ ജനാധിപത്യത്തിന്റെയും ലിബറൽ വീക്ഷണത്തിന്റെയും മനുഷ്യത്വത്തിന്റെയും സുന്ദര മുഖമാണ്. കടുത്ത വലത് പക്ഷ തീവ്രവാദിയും വർഗീയ വാദിയുമായ മരീൻ ലീ പെന്നിനെ തോൽപ്പിച്ചാണ് മക്രോൺ അധികാരത്തിൽ വന്നത്. യൂറോപ്പിലെ മാലാഖ എന്ന് വിശേഷിപ്പിക്കാവുന്ന ജർമൻ ചാൻസലർ എയ്ഞ്ചലാ മർക്കൽ യൂറോപ്പിന്റെ ഏറ്റവും ബഹുമാന്യയായ നേതാവാണ്. സിറിയൻ അഭയാർഥികൾക്ക് വേണ്ടതെല്ലാം ഈ മഹതി വാഗ്ദാനം ചെയ്യുകയും അവർക്കായി ജർമനിയുടെ വാതിൽ തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. മറ്റൊരാൾ കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്യൂഡോ ആണ്. ചില മുസ്‌ലിം രാഷ്ട്രങ്ങളിലെ പൗരന്മാരെ പുറത്താക്കുമെന്ന് ട്രംപ് പറഞ്ഞപ്പോൾ മുസ്‌ലിംകൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചു കൊണ്ടാണ് ട്യൂഡോ മറുപടി നൽകിയത്. രണ്ടാംലോകമഹായുദ്ധത്തിന് മുമ്പുള്ളത് പോലെയുള്ള രാഷ്ട്രീയവും സാമ്പത്തികവുമായ പ്രതിസന്ധിയിലൂടെ ലോകം കടന്ന് പോകുകയാണ്. അമേരിക്കയും പുതിയ ന്യൂക്ലിയർ ശക്തിയായ വടക്കൻ കൊറിയയും തമ്മിൽ നടക്കുന്ന രൂക്ഷമായ വാക്ക്പോര് ഈ മേഖലയിലാകെ ആയുധമണിയിച്ചിരിക്കയാണ്. ഇത്വരെ ശാന്തമായിരുന്ന ഗൾഫ് മേഖലയും ചേരിതിരിവുകളും ഉപരോധവും കൊണ്ട് കലുഷിതമാണ്. രണ്ട് ന്യൂക്ലിയർ ശക്തികളായ ചൈനയും ഇന്ത്യയും തമ്മിലും പാകിസ്താനും ഇന്ത്യയും തമ്മിലും സംഘർഷങ്ങൾ നിലനിൽക്കുന്നു. ഒരു കാര്യം നാം പ്രത്യേകം ഓർക്കേണ്ടതുണ്ട് ന്യൂക്ലിയർ യുദ്ധം കാലത്തിനും ദേശത്തിനും അതീതമാണ്. ന്യൂക്ലിയർ സ്ഫോടനമുണ്ടായാൽ അതിന്റെ റേഡിയേഷൻ മേഘങ്ങൾ മുഖാന്തിരമോ ഒഴുകുന്ന ജലസ്രോതസ്സുകൾ വഴിയോ മറ്റുദേശങ്ങളിലേക്ക് വ്യാപിക്കുന്നു. ചെർണബേൽ ന്യൂക്ലിയർ റിയാക്ടർ പൊട്ടിത്തെറിച്ചപ്പോൾ അതിന്റെ അണു പ്രസരണം അയൽ രാജ്യമായ സ്വീഡനിലും സ്കാൻഡിനേവിയൻ രാജ്യങ്ങളിലും ഉണ്ടായത് ഓർക്കുമല്ലോ. അത്പോലെ ന്യൂക്ലിയർ യുദ്ധം അത് നടക്കുന്ന കാലത്ത് മാത്രമല്ല പതിറ്റാണ്ടുകളോളം അതിന്റെ വിപത്ത് അനുഭവിക്കേണ്ടി വരുന്നു. വരാനിരിക്കുന്ന തലമുറകളിലും റേഡിയേഷൻ മൂലമുള്ള ജനിതക വൈകല്യങ്ങൾക്ക് അത് കാരണമാകുന്നു.

## ഭൂമി പാഴ്നിലമാവാതിരിക്കട്ടെ

ഇനിയൊരുയുദ്ധം മനുഷ്യരാശിക്ക് താങ്ങാൻ സാദ്ധ്യമല്ല. നാളിതുവരെ മനുഷ്യനുണ്ടാക്കിയ നാഗരിക സംസ്കൃതികൾക്കൊപ്പം അതിനെ നശിപ്പിക്കാനുള്ള സംഹാരശക്തിയും അവൻ ആർജിച്ചിരിക്കുന്നു. ഭൂമിയിലെ വിഭവങ്ങളും നിർമിതികളുമെല്ലാം മനുഷ്യൻ നന്നായി പ്രവർത്തിക്കാനുള്ള പരീക്ഷണാലയമാണ്. കുറഞ്ഞ കാലം മാത്രം ഭൂമിയിൽ വസിക്കുന്ന മനുഷ്യൻ നില മറന്ന് പിടിച്ചടക്കാനും കയ്യടക്കാനും വേണ്ടി അനീതിയും അക്രമവും അധാർമികതയും പ്രവർത്തിച്ചാൽ അല്ലാഹു ഭൂമിയെ ഒരു പാഴ്നിലമാക്കിക്കളയും എന്ന് ഖുർആൻ നൽകിയ താക്കീത് ഉണർത്തിക്കൊണ്ട് ഈ പ്രഭാഷണം അവസാനിപ്പിക്കുന്നു. ഖുർആൻ പറയുന്നു:

***'മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു. അവർ മടങ്ങുന്നതിന് വേണ്ടി'(30:42) 'തീർച്ചയായും ഭൂതലത്തിലുള്ള എല്ലാ വസ്തുക്കളും നാം അതിന് ഒരു അലങ്കാരമാക്കി വച്ചിരിക്കുന്നു. ഏറ്റവും നന്നായി പ്രവർത്തിക്കുന്നവൻ ആരാണെന്ന് അവരെ പരീക്ഷിക്കുന്നതിന് വേണ്ടി. (ഒരുനാൾ) അതിന്മേലുള്ളതിനെ നാം തരിശുനിലമാക്കി മാറ്റുന്നതാണ്.'(18:8)***

ആണവ യുദ്ധത്തിന്റെ എല്ലാ വിപത്തുകളിൽ നിന്നും അല്ലാഹു നമ്മെ രക്ഷിക്കട്ടെ.

# നുബുവ്വത്ത്:

## എം. എം. അക്ബറിന്റെ ആരോപണങ്ങൾക്ക് മറുപടി

യാസർ അറഫാത്ത്. ആർ. എം

**ലോകത്തിൽ** ഏറ്റവും വേഗത്തിൽ വളരുന്ന മതമായി ഇസ്‌ലാമിനേയും ഏറ്റവും വേഗത്തിൽ വളരുന്ന ഇസ്‌ലാമിക വിഭാഗമായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനേയും ആധുനികതയുടെ വിജ്ഞാന ശേഖരമായ ഇന്റർനെറ്റ് സാക്ഷ്യപ്പെടുത്തുന്നതോടൊപ്പം, വിവര സാങ്കേതിക വിദ്യകളുടെ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് അഹ്മദിയ്യത്തിനെക്കുറിച്ച് പഠിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നവരുടെ എണ്ണം നാൾക്കുനാൾ വർധിച്ചു വരികയും ചെയ്യുന്നു. ലോകത്തിന്റെ പലഭാഗങ്ങളിലായി പഠനം, ജോലി എന്നിവയ്ക്ക് വേണ്ടി താമസിക്കുന്ന മലയാളികളും ആധുനിക മാധ്യമങ്ങൾ ഉപയോഗിച്ച് അഹ്മദിയ്യത്തിനെക്കുറിച്ചു പഠിക്കുകയും സത്യം തിരിച്ചറിഞ്ഞ് അഹ്മദിയ്യത്ത് സ്വീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. കഴിഞ്ഞ കുറച്ചു വർഷ ങ്ങളായി മുജാഹിദു പ്രസ്ഥാനത്തിൽ ഉണ്ടായിരിക്കുന്ന ശിഥിലീ കരണത്തിനും ആരോപണ പ്രത്യാ രോപണങ്ങൾക്കും ശേഷം ധാരാളം മുജാഹിദു സഹോദരങ്ങളും അഹ്മദിയ്യത്തിനെക്കുറിച്ചു പഠിക്കുകയും സത്യമെന്ന് ബോധ്യപ്പെട്ട് സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഈ അവസരത്തിൽ സ്വന്തം അണികളെ പിടിച്ചു നിർത്തുന്നതിനുവേണ്ടി മുജാഹിദുകൾ വ്യാപകമായി പ്രചരിപ്പിക്കുന്ന, പ്രഗല്ഭ മുജാഹിദു പണ്ഡിതനും നിച്ച് ഓഫ് ട്രൂത്ത് ഡയറക്ടറുമായ എം.എം. അക്ബറിന്റെ 25 മിനുട്ട് ദൈർഘ്യമുള്ള ഒരു വീഡിയോയിലെ ചോദ്യോത്തരത്തിലെ പരാമർശങ്ങളാണ് ഇവിടെ പഠനവിധേയമാക്കുന്നത്.

മൂവാറ്റുപുഴയിലെ ഒരു ഓഡിറ്റോറിയത്തിൽവെച്ച് നടത്തപ്പെട്ട പ്രോഗ്രാമാണ് രംഗം. അനഹ്മദീ സംഘടനകളുടെ ചോദ്യോത്തര പരിപാടികളിൽ, അഹ്മദീ പക്ഷത്തുനിന്ന് ചോദിക്കപ്പെടുന്ന വിഷയങ്ങൾക്ക് മറുവശം പറയാറുള്ള മുൻവിധിയോടുകൂടിയതും പ്രമാണ വിരുദ്ധവുമായ മറുപടികളിലെ അബദ്ധങ്ങൾ ചൂണ്ടിക്കാണിക്കാനോ വിശദീകരിക്കാനോ അവസരം നൽകപ്പെടാത്തതിനാൽ സാധാരണ അത്തരം പരിപാടികളിൽ അഹ്മദികൾ ചോദ്യങ്ങൾ ഉന്നയിക്കാറില്ല. ഇവിടെ റസൂൽ (സ)യെക്കുറിച്ച് എം.എം. അക്ബർ 'അന്ത്യപ്രവാചകൻ' എന്നു വിശേഷിപ്പിച്ചത്, വി. ഖുർആനിലെ ധാരാളം ആയത്തുകൾക്കും സ്വഹീഹായ ധാരാളം ഹദീസുകൾക്കും മുജാഹിദുകളുടെ ഔദ്യോഗിക തഫ്സീർ ആയ തഫ്സീർ അമാനിയിൽ നബിമാരെക്കുറിച്ചുള്ള കരാറിനെപ്പറ്റി പരാമർശിച്ചതിനും വിരുദ്ധമാണെന്ന് ശ്രോതാക്കൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കാൻ ഒരവസരം ലഭിക്കുമെന്നു കണ്ടതിനാലാണ് മുവാറ്റുപുഴക്കാരനായ ഹക്കീം നൂറുദ്ദീൻ എന്ന സഹോദരൻ ചോദ്യമുന്നയിച്ചത്.

സൂറത്തു അഹ്സാബിന്റെ 8-ാം ആയത്തിൽ മുഹമ്മദ് നബി (സ) അടക്കമുള്ള പ്രധാനപ്പെട്ട നബിമാരോട് ഒരു കരാർ വാങ്ങിയതായി പറയുന്നു, സൂറത്തു ആലു ഇംറാനിലെ 82-ാം ആയത്തിൽ, ഇനി വരുന്ന നബിമാരെ വിശ്വസിക്കുകയും സഹായിക്കുകയും ചെയ്യണമെന്ന കരാർ വാങ്ങിയതായും പറയുന്നു. അതിനാൽ റസൂൽ (സ) അന്ത്യപ്രവാചകനാണെന്നു പറയുന്നത്, ഈ ആയത്തുകളിലൂടെ വ്യക്തമാവുന്ന ആശയത്തിനു വിരുദ്ധമല്ലേ എന്നതായിരുന്നു ചോദ്യം. ചോദ്യത്തിന്റെ രണ്ടാം ഭാഗത്ത് സൂറത്തു അഅ്റാഫിലെ 36-ാം ആയത്ത് പ്രകാരം, റസൂൽമാർ നിയോഗിക്കപ്പെടുമ്പോൾ നിങ്ങൾ വിശ്വസിക്കേണ്ടതാണ് എന്ന അല്ലാഹുവിന്റെ നിർദേശം രിസാലത്ത് തുടർന്നുകൊണ്ടിരിക്കുന്നു എന്ന ആശയത്തെ ബലപ്പെടുത്തുന്നതല്ലേ എന്നും ചോദിക്കപ്പെടുകയുണ്ടായി.

ഹക്കീം നൂറുദ്ദീന്റെ ചോദ്യവും അക്ബറിന്റെ മറുപടി യും ശ്രദ്ധിച്ചു കേൾക്കുന്ന ഒരാൾക്ക്, മനസ്സിലാക്കാൻ കഴിയുന്ന കാര്യം, വ്യക്തമായ ചോദ്യത്തിലെ പ്രസക്ത ഭാഗത്തിന് അക്ബർ മറുപടി പറഞ്ഞിട്ടില്ല എന്നതാണ്. ചോദ്യത്തിലെ പ്രധാന ഭാഗമായ കരാറിന്റെ ആയത്തുകൾ എടുത്തു സംസാരിക്കാൻ പോലും അക്ബർ ഒരുങ്ങിയിട്ടില്ല. അതു പോലെ അന്ത്യ പ്രവാചക വാദത്തി ന് ചിലരൊക്കെ തെളിവായി നിരത്താറുള്ള **ഖാത്തമുന്നബിയ്യീൻ** എന്ന പദവും എടുത്ത് വിശദീകരിച്ചുകൊണ്ട് നുബുവ്വത്ത് അവസാനിച്ചു എന്നു സ്ഥാപിക്കാൻ അക്ബറിനായിട്ടില്ല. **ഖാത്തം** എന്ന പദം സമൂഹനാമത്തോട് ചേർന്ന് മഖാമെ മദ്ഹിൽ ഉപയോഗിച്ചാൽ ആ സമൂഹത്തിലെ **ശ്രേഷ്ഠൻ** എന്നാണ് അർഥമെന്ന അറബി ഭാഷാ പ്രയോഗത്തെ

എടുത്തു പറഞ്ഞു എന്നല്ലാതെ അതുതെറ്റാണെന്നു സമർഥിക്കാനും അക്ബർ ഒരുങ്ങിയിട്ടില്ല.

കരാറിന്റെ ആയത്തല്ലാതെ വെറെ പല ആയത്തുകൾ ഖുർആനിലുണ്ടെന്നും, അഹ്സാബ ല്ലാതെ വേറെ പല സൂറത്തുകൾ ഖുർആനിലുണ്ടെന്നും പ്രസ്താവിച്ച അക്ബർ, ഏതെങ്കിലും ഒരു സൂറത്തിലെ ഏതെങ്കിലും ആയത്ത് ഉദ്ധരിച്ചുകൊണ്ട് തന്റെ വാദം സമർഥിച്ചിരുന്നെങ്കിൽ സ്വന്തം അണികൾക്കെങ്കിലും ആശ്വാസ മായേനെ. വി. ഖുർആനിലെ 3 ആയത്തുകൾ എടുത്തുദ്ധരിച്ചു കൊണ്ട്, രിസാലത്തും നുബുവ്വ ത്തും തുടർന്നുകൊണ്ടിരിക്കുന്നു, ഇത് ഇനി ഒരു നബിയും വരില്ലെന്ന വിശ്വാസത്തിന് വിരുദ്ധമല്ലേ എന്ന ചോദ്യത്തിന് കൃത്യമായ മറുപടി പറയാതെ, മിർസാ സാഹിബിന്റെ യും അഹ്മദികളുടെയും മേൽ വ്യാജാരോപണങ്ങൾ ഉന്നയിച്ച് എല്ലാറ്റിനും മറുപടി പറഞ്ഞെന്ന പുകമറ സൃഷ്ടിക്കാൻ അക്ബർ ഒരുങ്ങിയതെന്തിന്? ഉത്തരം വ്യക്തം. റസൂൽ (സ) ക്ക് ശേഷം യാതൊരു തരത്തിലുമുള്ള നബിയും വരില്ലെന്ന വിശ്വാസത്തിന് ഖുർആനിലോ ഹദീസിലോ നൂറ്റാണ്ടുകളായി മുസ്ലിം ലോക ത്തിന്റെ വിശ്വാസങ്ങളിലോ യാതൊരു തെളിവും കണ്ടെത്താൻ കഴിയില്ലെന്നും ഈ ഉമ്മത്തിൽ റസൂൽ(സ)യുടെ ശരീഅത്തനു സരിച്ച് വിധികൽപിക്കാൻ വേണ്ടി വരാനിരിക്കുന്ന മസീഹ് നബിയായി രിക്കുമെന്നുമുള്ള മുസ്ലിം ഉമ്മ ത്തിന്റെ വിശ്വാസത്തെ നിഷേധി ക്കാൻ തങ്ങളുടെ പക്കൽ തെളിവി ല്ലെന്നും മറ്റാരേക്കാളും നന്നായി മുജാഹിദുകൾക്കുതന്നെ അറിയാം. ചോദ്യത്തിന് മറുപടി എന്ന നില യിൽ അക്ബർ അവതരിപ്പിച്ച ഓരോരോ ന്യായങ്ങൾ പരിശോധി ക്കാം.

നുബുവ്വത്ത് (പ്രവാചകത്വം) ഒരു നിഅ്മത്ത് (അനുഗ്രഹം) ആയിട്ടാണ് വി. ഖുർആൻ പരിചയ പ്പെടുത്തുന്നത്. അതുകൊണ്ടു തന്നെ റസൂൽ (സ)യുടെ വരവോടുകൂടി ഒരു അനുഗ്രഹം നിർത്തൽ ചെയ്യപ്പെട്ടു എന്ന് ഒരിക്കലും ഒരു വിശ്വാസിക്ക് പറയാൻ സാധ്യമല്ല. വിശുദ്ധഖുർ ആനിലെ ധാരാളം ആയത്തുകളി ലൂടെ നുബുവ്വത്തും രിസാലത്തും തുടർന്നുകൊണ്ടിരിക്കുന്നു എന്ന് അല്ലാഹു വ്യക്തമായി പ്രസ്താവി ക്കുന്നുണ്ട്. ഒരു നബി വരാനും നൂറു നബിമാർ വരാനും നുബുവ്വ ത്തിന്റെ വാതിൽ തുറന്നുകിടക്കണം. ആ വാതിൽ തുറന്നു കിടക്കുന്ന തായി ഖുർആൻ പ്രസ്താവി ക്കുന്നതിനാൽ അതിനെതിരായ വിശ്വാസം വഴികേടിന്റെ വാദമായി ത്തീരുന്നു. വി.ഖുർആനിൽ നിന്നും ഈ ആശയം മനസ്സിലാക്കിയ റസൂൽ (സ) തന്നെയാണ് ഈ ഉമ്മത്തിൽ വരാനുള്ള ദൂതനെക്കുറി ച്ച് മസീഹ് എന്നും മഹ്ദി എന്നു മുള്ള സ്ഥാനപേരുകളിലൂടെ തന്റെ സമുദായത്തെ ഉണർത്തിയത്. റസൂൽ (സ)യിൽ നിന്നും ഖുർആ നും സുന്നത്തും മനസ്സിലാക്കിയ സഹാബികൾ എല്ലാം തന്നെ ഈ ഉമ്മത്തിൽ വരാനിരിക്കുന്ന മസീഹി നെക്കുറിച്ച് വിശ്വാസം കൈക്കൊണ്ട വരാണ്. സഹാബത്തിനുശേഷം താബിഈങ്ങളും തബഉത്താബി ഈങ്ങളും അതുവഴി മുസ്ലിം ലോകം മുഴുവനും തന്നെ ഈ ഉമ്മത്തിൽ വരാനിരിക്കുന്ന മസീഹി നെക്കുറിച്ച് ദൃഢമായി വിശ്വസിച്ചത് അടിസ്ഥാന പ്രമാണങ്ങളുടെ വെളിച്ചത്തിൽ തന്നെയാണ്. ഇങ്ങനെ പതിമൂന്ന് നൂറ്റാണ്ടുകാല മായി അടിസ്ഥാന പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ മുസ്ലിം ഉമ്മ ത്തിന്റെ ഐകകണ്ഠ്യേനയുള്ള തീരുമാനം (ഇജ്മാഅ്) ഈ ഉമ്മത്തിൽ വരാനിരിക്കുന്ന മസീഹ് നബിയായിരിക്കും എന്നതാണ്. ഇതിനെതിരിൽ റസൂൽ (സ)ക്ക് ശേഷം ഒരു തരത്തിലുള്ള നബിയും വരാനില്ലെന്ന വിശ്വാസം ഖുർആൻ, സുന്നത്ത്, ഇജ്മാഅ് എന്നിവ കൊണ്ട് ഒരിക്കലും തെളിയിക്കാൻ സാധ്യമല്ല തന്നെ.

ഖുർആൻ ആയത്തുകളു ടെ അടിസ്ഥാനത്തിൽ നുബുവ്വത്ത് നിലനിൽക്കുന്നുവെന്ന് മിർസാ സാഹിബ് പോലും മനസ്സിലാക്കി യിട്ടില്ലെന്നും അതുകൊണ്ട് അദ്ദേ ഹം സ്വയം അന്ത്യപ്രവാചകൻ എന്നു വിശേഷിപ്പിച്ചുവെന്നും അക്ബർ പ്രസ്താവിക്കുന്നത് തികച്ചും വ്യാജവും തെറ്റിദ്ധരിപ്പിക്ക ലും മാത്രമാണ്. അല്ലാഹു കനിഞ്ഞ രുളിയിരിക്കുന്ന ആത്മീയാനുഗ്രഹ ങ്ങളെല്ലാം നിലനിൽക്കുന്നത് വന്ദ്യ പ്രവാചകർ (ഖാത്തമുന്നബിയ്യീൻ) (സ) യുടെ ഈ അനുഗൃഹീത സമുദായത്തിൽ മാത്രമാണെന്ന് ദൃഢമായി വിശ്വസിക്കുകയും അത് തെളിയിക്കുന്നത് തന്റെ ആഗമന ലക്ഷ്യങ്ങളിൽ ഒന്നാണെന്ന് പ്രസ്താവിക്കുകയും ചെയ്ത മഹാത്മാവാണ് ഹദ്റത്ത് അഹ്മദ് (അ). വി.ഖുർആൻ വചനങ്ങളുടെ യും അല്ലാഹുവിൽ നിന്നു ലഭ്യമായ വഹ്യിന്റെയും അടിസ്ഥാനത്തിലാ ണ് അദ്ദേഹം ഇത് പ്രസ്താവിച്ചത് എന്നിരിക്കെ, നുബുവ്വത്ത് തുടരു മെന്ന് മിർസാ സാഹിബ് പോലും മനസ്സിലാക്കിയിട്ടില്ലെന്ന അക്ബറി ന്റെ പ്രസ്താവന അക്ബർ (ഏറ്റവും വലിയ) ആയ ഒരു കളവ് മാത്രമാണ്. തനിയ്ക്ക് ശേഷം ആ ത്മീയാനുഗ്രഹങ്ങൾ ലഭ്യമല്ലാത്തവി ധം അന്ത്യപ്രവാചകനാണ് താനെന്ന് ഹദ്റത്ത് അഹ്മദ്(അ) എവിടെയും പ്രസ്താവിക്കുന്നില്ല. അക്ബറിനെ പഠിപ്പിച്ചുവെച്ചിരിക്കുന്ന തെറ്റിദ്ധാരണകൾ ഏറ്റുപാടുക മാത്രമാണ് അദ്ദേഹം സ്വയം ചെയ്തുകൊണ്ടിരിക്കുന്നത്. ആത്മീ യാനുഗ്രഹങ്ങളെപ്പറ്റി മനസിലാക്കി യിട്ടില്ലാത്ത ആളുകൾ റസൂൽ (സ)ക്ക് നൽകിയിരിക്കുന്ന വിശേഷ ണമായ **അന്ത്യപ്രവാചകൻ** എന്ന പദം സ്വയം എടുത്തണിഞ്ഞു കൊണ്ട് റസൂൽ (സ)ക്ക് തുല്യനായ വ്യക്തിയാണ് താനെന്ന് ഹദ്റത്ത് അഹ്മദ് (അ) സാഹിബ് വാദിച്ചു വെന്ന് സാധാരണക്കാരെ തെറ്റിദ്ധരി പ്പിക്കുക എന്ന ഹീനമായ ശ്രമം കൂടി മുജാഹിദുകളുടെ ഈ പ്രസ്താവനക്ക് പിന്നിലുണ്ട്.

(തുടരും)

ഭാഗം – 11

# ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ

ഇബ്നു വഫ കോഴിക്കോട്

### റസൂലും സംഘവും ബദറിലേക്ക്

ഇനി നമുക്ക് മദീനയിൽ എന്താണ് നടക്കുന്നത് എന്ന് നോക്കാം. ഈ കച്ചവടസംഘവുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങളറിയുവാനായി അല്ലാഹുവിന്റെ റസൂൽ രണ്ടുപേരെ മദീനക്ക് വെളിയിൽ അയച്ചു. അതോടൊപ്പം ഇതിനെ എങ്ങനെ നേരിടണമെന്ന് ഞങ്ങളുമായി അഭിപ്രായമാരാഞ്ഞുകൊണ്ടിരുന്നു. ഈ ചർച്ച നടക്കുന്നതിനിടയിൽ, സുസജ്ജരായ ഒരുവൻ സൈന്യം മദീനയെ ലക്ഷ്യമാക്കി മക്കയിൽ നിന്ന് പുറപ്പെട്ട വിവരം വളരെ രഹസ്യമായി അല്ലാഹുവിന്റെ റസൂലിന് ലഭിച്ചു. വളരെചുരുങ്ങിയ യുദ്ധക്കോപ്പു മാത്രം കൈമുതലായുള്ള നിസ്സഹായരും നിരാലംബരുമായ സാധാരണ മുസ്ലിമീങ്ങൾ വൻസൈന്യത്തെ കുറിച്ചറിഞ്ഞ് ഭയപ്പെട്ടു പോകരുത് എന്ന നിലക്കും യുദ്ധതന്ത്രമെന്ന നിലയിലും വളരെ അടുത്ത അനുചരന്മാരെ മാത്രം അറിയിച്ചുകൊണ്ട് ഈ വാർത്ത അല്ലാഹുവിന്റെ റസൂൽ രഹസ്യമാക്കി വെച്ചു. എന്നാൽ കച്ചവട സംഘത്തെ നേരിടുകയും അവരെ തടയുകയും ചെയ്യുന്നതിനുള്ള അല്ലാഹുവിന്റെ റസൂലിന്റെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് മുമ്പ് ഗസ്വയിലും സരിയയിലും പങ്കെടുക്കാത്ത സഹോദരങ്ങളും മുന്നോട്ടു വന്നു. നേരിടേണ്ടത് ഒരുകച്ചവടസംഘത്തെയാണല്ലോ, അതിന് ഇത്ര വലിയ സന്നാഹങ്ങളുടെ ആവശ്യമില്ലല്ലൊ എന്നനിലക്ക് ചിലർ മാറിനിന്നു. വിവരമറിയാൻ അയച്ച രണ്ട് പേർ തിരിച്ചു വന്നില്ലെങ്കിലും ഇനി കൂടുതൽ താമസിക്കുന്നത് ശരിയല്ല എന്ന നിലക്ക് ഹിജ്റത്തിന്റെ രണ്ടാം വർഷം റമളാൻ 12–ാം തീയതി (എഡി 623 മാർച്ച് 9ാം തീയതി) അല്ലാഹുവിന്റെ റസൂലിനോടൊപ്പം എല്ലാവരും പുറപ്പെട്ടു. ഇതിൽ മുസ്ലിമീങ്ങളിലെ എല്ലാ പ്രധാനികളും പങ്കെടുത്തിരുന്നു. വളരെ ചുരുക്കം ചിലർ, ഒഴിച്ച് കൂടാനാവാത്തചില നിർബന്ധിതാവസ്ഥ കാരണംപങ്കെടുത്തിരുന്നില്ല. അതിലൊരാൾ ഉസ്മാൻ ബിൻ അഫ്ഫാൻ ആയിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ റുഖിയ്യാ ബിൻത് റസൂൽ (റസൂലിന്റെ മകൾ) കഠിനമായ രോഗത്താൽ അവശയായിരുന്നു. അവരെ ശുശ്രൂഷിക്കാനായി അല്ലാഹുവിന്റെ റസൂലിന്റെ നിർദേശാനുസരണം മദീനയിൽ തന്നെ തങ്ങിയത് കാരണം അദ്ദേഹത്തിന് ഈ യത്നത്തിൽ പങ്കെടുക്കാൻ സാധിച്ചിരുന്നില്ല. മറ്റ് ചിലർ രോഗികളായിരുന്നതിനാലും ഇതിൽ പങ്കെടുത്തില്ല. അതുപോലെ വിവരങ്ങൾ ശേഖരിക്കാനായി പോയ രണ്ട് പ്രധാനികൾക്കും അവർ തിരിച്ചെത്താത്തത് കാരണം ഈ യുദ്ധത്തിൽ പങ്കെടുക്കാനായില്ല.

റസൂലുല്ലായും സംഘവും മദീനയിൽ നിന്ന് അൽപദൂരം പിന്നിട്ട ശേഷം സേനയുടെ സൂക്ഷ്മ പരിശോധനക്കായി അല്ലാഹുവിന്റെ റസൂലിന്റെ കൽപനപ്രകാരം സേന ഒരു സ്ഥലത്ത് അൽപനേരത്തേക്ക് നിന്നു. അല്ലാഹുവിന്റെ റസൂലിനോടൊപ്പം യാത്ര ചെയ്യുവാനുള്ള ആവേശത്തിലും ആഗ്രഹത്തിലും പുറപ്പെട്ട ചെറിയ കുട്ടികളെ പരിശോധനയിൽ കണ്ടെത്തി. അവരെ എല്ലാവരേയും തിരിച്ചയച്ചു. സഅദ് ബിൻ അബീ വക്കാസി ന്റെ അധികം പ്രായമാകാത്ത അനുജൻ ഉമൈറിനെ തിരിച്ചയച്ചപ്പോൾ അവൻ വല്ലാതെ കരഞ്ഞു. അവസാനം ഈ സംഘത്തോടൊപ്പം യുദ്ധത്തിനായി പോകാനുള്ള അവന്റെ അമിതാവേശവും ആഗ്രഹവും കണക്കിലെടുത്ത് അല്ലാഹുവിന്റെ റസൂൽ അവനേയും സംഘത്തിൽ ചേർത്തു. അവസാനം എണ്ണമെടുത്തപ്പോൾ ആകെ 313 പേരാണുള്ളത് എന്ന് മനസ്സിലായി. അതിൽ യുദ്ധ പരിചയവും തന്ത്രവും അറിയുന്നവർ വളരെ വിരളം. അറുപതോളം പേർ മുഹാജിരീങ്ങളും ബാക്കി അൻസാറുകളുമാണ്.സവാരി മൃഗങ്ങളായി ആകെ എഴുപത് ഒട്ടകങ്ങളും രണ്ട് കുതിരകളും മാത്രമാണുള്ളത്. അതുകാരണം ഞങ്ങളെല്ലാവരും മാറി മാറി ഊഴമനുസരിച്ചാണ് ഒട്ടകപ്പുറത്തും കുതിരപ്പുറത്തും സവാരി ചെയ്തിരുന്നത്. ഓരോ ഒട്ടകപ്പുറത്തും മൂന്നുപേർ. ബാക്കിയുള്ളവർ തങ്ങ ളുടെ ഊഴം വരെ നടക്കും. ഞങ്ങൾ നടന്നുകൊള്ളുമെന്നും അങ്ങ് ഒട്ടകപ്പുറത്ത് തന്നെ ഇരുന്നാലും എന്ന് ഞങ്ങളെല്ലാവരും അല്ലാഹുവിന്റെ റസൂലിനോട് അങ്ങേയറ്റം വിനയപുരസ്സരം അപേക്ഷിച്ചിട്ടും റസൂൽ സമ്മതിച്ചില്ല. നിങ്ങൾ അല്ലാഹുവിന്റെ തൃപ്തിയും അവനിൽ നിന്നുള്ള പ്രതിഫലവും കാംക്ഷിക്കുന്നത്

പോലെ ഞാനും അത് ആഗ്രഹിക്കുന്നവനാണെന്ന് പുഞ്ചിരിച്ചു കൊണ്ട് റസൂൽ അരുൾ ചെയ്തു. സവാരിമൃഗങ്ങളുടെ കാര്യം പറഞ്ഞതുപോലെ യുദ്ധകോപ്പുകളും നന്നേ കുറവായിരുന്നു. യുദ്ധത്തിനായുള്ള ലോഹ പോർചട്ട ഉള്ളത് വെറും ആറോ ഏഴോ പേർക്ക് മാത്രം. അതുപോലെ അമ്പും വില്ലും വാളും പരിചയും കുന്തവും എല്ലാം തുലോം കുറവായിരുന്നു.

### അവിശ്വാസിയുടെ സഹായവും റസൂലിന്റെ മറുപടിയും

പരിശോധനകൾക്കും നിർദേശങ്ങൾക്കും ശേഷം സൈന്യം വീണ്ടും മുന്നോട്ട് നീങ്ങി. ശത്രുക്കളുടെ കണ്ണിൽപ്പെടാതിരിക്കാനായി സൈന്യം വഴിമാറി മാറിയായിരുന്നു സഞ്ചരിച്ചിരുന്നത്. സാധാരണ എല്ലാവരും ഉപയോഗിക്കാറുള്ള വഴികൾ ഉപയോഗിച്ചതേ ഇല്ല. അൽപദൂരം പിന്നിട്ടപ്പോൾ അവിശ്വാസിയായ ഒരാൾ അല്ലാഹുവിന്റെ റസൂലിനെ സമീപിച്ചു കൊണ്ട് ഞാനും താങ്കളോടൊപ്പം ചേരാനും യുദ്ധത്തിൽ പങ്കെടുക്കാനും ആഗ്രഹിക്കുന്നതായി അറിയിച്ചു. ഞങ്ങൾ എല്ലാവരും അയാൾ പറഞ്ഞത് കേട്ടപ്പോൾ അതിയായി സന്തോഷിച്ചു. കാരണം അയാൾ ധീരതയിലും യുദ്ധതന്ത്രത്തിലും വളരെ പ്രശസ്തനായിരുന്നു. ശത്രുവിനെ നേരിടാനുള്ള ഒരു പ്രത്യേക പാടവം തന്നെ അയാൾക്കുണ്ട്. അത്തരത്തിലുള്ള ഒരാളുടെ സാന്നിദ്ധ്യം ഞങ്ങളുടെ സൈന്യത്തിന് കൂടുതൽ വീറും ശക്തിയും പകരുകയും ഞങ്ങളുടെ ധൈര്യം വർധിക്കുകയും ചെയ്യുമായിരുന്നു. പക്ഷേ അല്ലാഹുവിന്റെ റസൂൽ, ഞാനൊരു അവിശ്വാസിയുടെ സഹായം തേടാൻ ആഗ്രഹിക്കുന്നില്ല എന്നുംഅല്ലാഹു ഞങ്ങൾക്ക് മതിയായവനാണെന്നും പറഞ്ഞു കൊണ്ട് സഹായം നിരസിക്കുകയും ചെയ്തു. അൽപം കഴിഞ്ഞപ്പോൾ അയാൾ വീണ്ടും അല്ലാഹുവിന്റെ റസൂലിനെ സമീപിച്ചുകൊണ്ട് തന്റെ ആഗ്രഹം ആവർത്തിച്ചു. അല്ലാഹുവിന്റെ റസൂൽ ആദ്യ മറുപടി തന്നെ വീണ്ടും നൽകി. മൂന്നാമത്തെ പ്രാവശ്യവും അയാൾ മുസ്ലിമീങ്ങളുടെ ഭാഗത്ത് നിന്ന് കൊണ്ട് യുദ്ധംചെയ്യാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ഞാൻ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുന്നു എന്നും പറഞ്ഞപ്പോൾ അല്ലാഹുവിന്റെ റസൂൽ, എങ്കിൽ സന്തോഷപൂർവ്വം ഞങ്ങളോടൊപ്പം ചേർന്നോളൂ എന്ന് പറയുകയും ആ പുതിയ സഹോദരനെ ഞങ്ങളോടൊപ്പം ചേർക്കുകയും ചെയ്തു.

### ഖുറൈശികളുടെ വൻ സൈന്യം ഇതാ വരവായി

മുസ്ലിം സൈന്യം മുന്നോട്ട് സഞ്ചരിച്ച് കൊണ്ട് സഫ്റാ (Safrah) താഴ്‌വരയിലൂടെ ബദറിന് വളരെ അടുത്ത പ്രദേശമായ സാഫ്റാൻ (Za'afran) എത്തിയപ്പോൾ അല്ലാഹുവിന്റെ റസൂൽ രണ്ട് പേരെ ശത്രു സൈന്യത്തെക്കുറിച്ചറിയാൻ മുന്നോട്ടയച്ചു. അവർ ആ പ്രദേശത്ത് ചില ഭാഗങ്ങളിലൊക്കെ ചുറ്റിക്കറങ്ങി വളരെ പ്രധാനപ്പെട്ട ഒരു വാർത്തയുമായി തിരിച്ചെത്തി. അബൂസുഫിയാന്റെ നേതൃത്വത്തിലുള്ള കച്ചവടസംഘത്തിന്റെ സുരക്ഷിതത്വത്തിനെന്ന പേരിൽ സുശക്തമായ ഒരു വൻ സൈന്യം മക്കയിൽ നിന്ന് മദീനയുടെ ഭാഗത്തേക്ക് വന്നുകൊണ്ടിരിക്കുന്നതായ വാർത്ത അവർ അല്ലാഹുവിന്റെ റസൂലിനെ അറിയിച്ചു. ഈകാര്യം അല്ലാഹുവിന്റെ റസൂലിന് മദീനയിൽ വെച്ച് തന്നെ അറിയാമായിരുന്നുവല്ലോ. ഇത് ഇനി രഹസ്യമാക്കി വെക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു എന്ന നിലക്ക് അല്ലാഹുവിന്റെ റസൂൽ എല്ലാവരേയും ഒരുമിച്ചു കൂട്ടി കൊണ്ട് ഈ വാർത്ത അവരെ അറിയിക്കുകയും ഇത്തരുണത്തിൽ നാം എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത്, എന്ന് അഭിപ്രായമാരായുകയും ചെയ്തു. തങ്ങളുടെ വളരെ പരിമിതമായ ആയുധങ്ങളും സജ്ജീകരണങ്ങളും കാരണത്താൽ നമുക്ക് കച്ചവടസംഘത്തെ നേരിടാമെന്നും സൈന്യത്തോട് ഏറ്റുമുട്ടാനുള്ള ശക്തി നമുക്ക് ഇപ്പോഴില്ല എന്നും ചില സഹോദരന്മാർ അഭിപ്രായപ്പെട്ടത് അല്ലാഹുവിന്റെ റസൂലിന് തീരെ ഇഷ്ടപ്പെട്ടില്ല. കാരണം ആരോടാണ് ഏറ്റുമുട്ടേണ്ടി വരിക എന്ന് ഇപ്പോൾ അറിയില്ലല്ലോ.

### മദീനക്കാരുടെ പിന്തുണയും സമരാവേശവും

ആ അവസരത്തിൽ ഞങ്ങളിൽ മുഹാജിരീങ്ങളിൽപെട്ട പലരും തങ്ങളുടെ കൂറും സമരാവേശവും പ്രകടിപ്പിക്കുമാറ് ഘോരമായി പ്രസംഗിച്ചു. തങ്ങളുടെ അഭിപ്രായങ്ങൾ സമർപ്പിച്ച്കൊണ്ട് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു. അബൂബക്കറും ഉമർ ഖത്ത്വാബും തങ്ങളുടെ ജീവനും ധനവും അല്ലാഹുവിന്റെ മാർഗത്തിൽ സമർപ്പിച്ച് കൊണ്ട് സംസാരിക്കുകയുണ്ടായി. മിഖ്ദാദ് ബിൻ ഉമർ പറഞ്ഞു, യാ റസൂലുള്ളാഹ്, നീയും നിന്റെ റബ്ബും ചെന്ന് യുദ്ധം ചെയ്തോളൂ ഞങ്ങൾ ഇവിടെ തന്നെ ഇരുന്നോളാം എന്ന് മൂസാ നബിയുടെ അനുയായികൾ പറഞ്ഞതുപോലെ ഞങ്ങൾ ഒരിക്കലും അങ്ങയോട് പറയുകയില്ല. ഞങ്ങൾ അങ്ങയുടെമുന്നിലും പിന്നിലുംനിന്നുകൊണ്ട് ശത്രുക്കളെ നേരിടും. അങ്ങയുടെ ഇടത്തും വലത്തും നിന്നുകൊണ്ട് ജീവൻ നിലനിൽക്കുവോളം ഞങ്ങൾ അവരോട് പൊരുതും. ഞങ്ങളുടെ ശവശരീരങ്ങൾ ചവിട്ടിമെതിച്ച് കൊണ്ടല്ലാതെ ഒരു ശത്രുവിനും അങ്ങയുടെ അടുക്കൽ എത്തുവാൻ സാദ്ധ്യമല്ല. ഇത് കേട്ടപ്പോൾ അല്ലാഹുവിന്റെ റസൂലിന്റെ മുഖം സന്തോഷാധിക്യത്താൽ തിളങ്ങി. പക്ഷേ ഇത്രയൊക്കെ കൂറും പിന്തുണയുംവാഗ്ദാനം ചെയ്തിട്ടും അല്ലാഹുവിന്റെ റസൂൽ വീണ്ടും വീണ്ടും അഭിപ്രായമാരാഞ്ഞ് കൊണ്ടിരുന്നു.

ഔസ് ഗോത്രനേതാവായ

സഅദ് ബിൻ മുആദിന് കാര്യം മനസ്സിലായി. അദ്ദേഹം പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ, ഇത്രയൊക്കെ കൂറും പിന്തുണയും വാഗ്ദാനം ചെയ്യപ്പെട്ടിട്ടും അങ്ങ് വീണ്ടും വീണ്ടും അഭിപ്രായം ചോദിക്കുന്നതിൽ നിന്ന് മദീനക്കാരായ ഞങ്ങളുടെ അഭിപ്രായമാണ് ചോദിക്കുന്നത് എന്ന് മനസ്സിലായി. ബൈഅത്ത് അഖബാ സാനിയ (രണ്ടാം അഖബ ബൈഅത്ത്)യുടെ അവസരത്തിൽ, മദീനയിൽവെച്ച് ആക്രമിക്കപ്പെടുകയാണെങ്കിൽ അങ്ങയുടെ ഭാഗത്ത് ചേർന്ന് യുദ്ധംചെയ്യാമെന്നായിരുന്നു ഞങ്ങൾ അന്ന് സമ്മതിച്ചിരുന്നത്. എന്നാൽ നാമിപ്പോൾ മദീനക്ക് വെളിയിലാണുള്ളത്. അതുകൊണ്ട് ആ കരാറിലെ നിബന്ധനകൾ ബാധകമാവുകയില്ല എന്ന് അങ്ങ് കരുതുന്നുണ്ടാവാം. യാ റസൂലുല്ലാഹ്, ഇന്ന് ഞങ്ങൾ അങ്ങയെ അറിയുന്നത് പോലെ ആകരാറുണ്ടാക്കിയ കാലത്ത് ഞങ്ങൾ അങ്ങയെ അറിഞ്ഞിരുന്നില്ല. അങ്ങയെ സത്യമതത്തോടെ നിയോഗിച്ചയച്ച അല്ലാഹുവാണെസത്യം, അങ്ങയെ സത്യപ്രവാചകനായി സ്വീകരിച്ച് കൊണ്ട്ഞങ്ങൾ ഞങ്ങളുടെ ജീവൻ അങ്ങയുടെ കൈകളിൽ സമർപ്പിച്ചിട്ടാണുള്ളത്. ഇന്ന് അങ്ങ് ആ കാണുന്ന സമുദ്രത്തിൽ ചാടാൻ പറഞ്ഞാൽ ഒരാളു പോലും പിൻതിരിയാതെ എല്ലാവരും അപ്രകാരം ചെയ്യുന്നതാണ്. ആസന്നമായിരിക്കുന്ന ഈ യുദ്ധത്തിലും അങ്ങ് ഞങ്ങളെ ദൃഢചിത്തരും സ്ഥിരചിത്തരുമായി കാണും. യുദ്ധത്തിൽ ഞങ്ങളുടെ പ്രവൃത്തികൾ അങ്ങയുടെ കണ്ണുകൾക്ക് കുളിർമ പകരുന്നതായിരിക്കും ഇൻശാ അല്ലാഹ്. മദീനക്കാരുടെ ഭക്ത്യാവേശവും ത്യാഗസന്നദ്ധതയും കണ്ടപ്പോൾ അല്ലാഹുവിന്റെ റസൂൽ അതീവ സന്തുഷ്ടനായികൊണ്ട് പറഞ്ഞു, ''സീറൂ വബ്ശിറൂ ഫ ഇന്നല്ലാഹ ഖദ് വഅദനീ ഇഹ്ദത്തായിഫത്തൈനി വള്ളാഹി ലക അന്നീ അൻസുറു ഇലാ മസാരി അൽ ഖൌം.'' അങ്ങിനെ എങ്കിൽ അല്ലാഹുവിന്റെ നാമത്തിൽ കുതിക്കുവിൻ, മുന്നോട്ട്. ആഹ്ലാദഭരിതരായി കൊള്ളുവിൻ. കാരണം അവിശ്വാസികളുടെ രണ്ട് സംഘങ്ങളിൽ (കച്ചവടസംഘവും അവരെ സംരക്ഷിക്കാൻ എന്ന പേരിൽ വന്ന സൈന്യവും) ഏതെങ്കിലും ഒന്നിനുമേൽ വിജയം നൽകുമെന്ന് അല്ലാഹു എന്നോട് വാഗ്ദാനം ചെയ്തിരിക്കുന്നു. അല്ലാഹുവാണെസത്യം, ശത്രുപക്ഷത്തുള്ളവർ മരിച്ച് വീഴുന്ന സ്ഥലങ്ങൾ ഞാൻ കണ്ടുകൊണ്ടിരിക്കുകയാണ്. ഇത് കേട്ടപ്പോൾ ഞങ്ങളെല്ലാം വളരെ സന്തുഷ്ടരായെങ്കിലും, യാ റസൂലുള്ളാഹ്, അങ്ങേക്ക് നേരത്തെ ഈ വിവരം അറിയാമായിരുന്നുവെങ്കിൽ ഞങ്ങളെ അറിയിക്കാമായിരുന്നുവല്ലോ, എങ്കിൽ ഞങ്ങൾഒന്നുകൂടി മികച്ചതയ്യാറെടുപ്പോടെ വരുമായിരുന്നുവല്ലോ എന്ന് ഞങ്ങൾ എല്ലാവരും പറഞ്ഞു. പക്ഷേ അവസാന നിമിഷം വരെ അല്ലാഹുവിന്റെ റസൂലിന് ആരുമായിട്ടാണ് ഏറ്റുമുട്ടേണ്ടി വരിക എന്ന് അറിയില്ലായിരുന്നു. യഥാർഥത്തിൽ ആദ്യം അല്ലാഹുവിന്റെ റസൂലും സംഘവും ഏറ്റുമുട്ടാമെന്ന് കരുതിയിരുന്ന കച്ചവട സംഘം മുസ്ലിമീങ്ങളുടെ കണ്ണുവെട്ടിച്ച് ഒളിച്ചും പാത്തും മറ്റ് വഴികളിലൂടെ സുരക്ഷിതമായി മക്കയിലെത്തി. മുസ്ലിമീങ്ങൾ ഇപ്പോഴും അവരെ അന്വേഷിച്ച് നടക്കുകയാണ്. അവരുടെ സംരക്ഷണത്തിനായി വന്ന സൈന്യവും അതിന്റെ സേനാനായകരും അഹങ്കാരവും അഹംഭാവവും നിമിത്തം മുസ്ലിമീങ്ങളെ ഭീഷണിപ്പെടുത്തുവാനും ശക്തി പ്രകടിപ്പിച്ചുകൊണ്ട് ഞെട്ടിക്കാനും ബദർ വരെ വന്നിരിക്കുകയാണ്.

### മുസ്ലിമീങ്ങളും ഖുറൈശികളുടെ ആശങ്കയും

യഥാർഥത്തിൽ അവരുടെ ഉദ്ദേശ്യം യുദ്ധം തന്നെയാണ്. യുദ്ധത്തിലൂടെ മുസ്ലിമീങ്ങളെ എന്നെന്നേക്കുമായി ഇല്ലാതാക്കുക. അതിന് പ്രധാനമായും രണ്ട് കാരണങ്ങളാണ് ഞാൻ കാണുന്നത്. ഒന്ന് മുസ്ലിമീങ്ങൾക്ക് മദീന എന്ന ആശാ കേന്ദ്രം ലഭിച്ചു. രണ്ട് അവിടെ അഭയം തേടിയതിലൂടെ മുസ്ലിമീങ്ങൾക്കെതിരിൽ നടന്ന് കൊണ്ടിരുന്ന അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും അറുതിയായി. അതുകാരണം മുസ്ലിമീങ്ങൾ തങ്ങളുടെ മതപ്രചരണം കൂടുതൽ ആവേശത്തോടെ, സ്വാതന്ത്ര്യത്തോടെ ചെയ്യാനും അത് കൂടുതൽ ആളുകളെ ആകർഷിക്കാനും ഇടയായി. ഈ എല്ലാ വൃത്താന്തങ്ങളും ഖുറൈശികൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടായിരുന്നു. അങ്ങനെയെങ്കിൽ മുസ്ലിമീങ്ങൾ ആസന്നഭാവിയിൽ ഒരുവൻശക്തി ആയേക്കുമോ, നമ്മുടെ നിലനിൽപ്പ് ചോദ്യം ചെയ്യപ്പെടുമോ എന്ന ഭയം അവരുടെ ഉറക്കം കെടുത്താൻ തുടങ്ങി. ഇതിൽ നിന്ന് രക്ഷനേടണമെങ്കിൽ ഈ മുസ്ലിമീങ്ങളെ ഉന്മൂലനം ചെയ്തേ മതിയാകൂ എന്നവർ തീരുമാനിച്ചു.

### മക്കക്കാരുടെ നീഗ്രോ അടിമ പിടിയിൽ

അനുചരന്മാരുടെ എല്ലാ പിന്തുണയും ഉറപ്പാക്കിയ ശേഷം അല്ലാഹുവിന്റെ റസൂലും സംഘവും മുന്നോട്ട് നീങ്ങി, ബദർ താഴ്‌വര വരെ എത്തി, സൈന്യം അവിടെ നിന്നു. പിന്നീട് അബൂബക്കറിനേയും കൂട്ടി അല്ലാഹുവിന്റെ റസൂൽ കുറച്ച്ദൂരം മുന്നോട്ട് പോയി. അവിടെവെച്ച് വൃദ്ധനായ ഒരു ബദുവിൽ നിന്ന് ഖുറൈശികളുടെ ഒരുവലിയ സൈന്യം ബദറിന്റെ വളരെ അടുത്ത് വരെ എത്തിയിട്ടുണ്ടെന്ന് മനസ്സിലായപ്പോൾ, തിരിച്ച്വന്ന് ചുറ്റുപാടുകളെ കുറിച്ചുള്ള സ്ഥിതിഗതികളറിയാനും, ശത്രുക്കളുടെ എണ്ണം, അവരുടെ ആയുധങ്ങൾ, സജ്ജീകരണങ്ങൾ, ഒട്ടകങ്ങൾ,കുതിരകൾ, ഒളിത്താവളങ്ങൾ, അവരുടെ പരസ്പരമുള്ള ആശയവിനിമയ രീതി, സാധനസാമഗ്രികളുടെ വിതരണ സംവിധാനം, വെള്ളത്തിന്റെ ലഭ്യത എന്നീ രഹസ്യ വാർത്താ സംഭരണത്തിനായി അലീ ബിൻ

അബീ ത്വാലിബ്, സുബൈർ ബിൻ അവാം, സഅദ് ബിൻ വക്കാസ് എന്നീ മൂന്ന്പേരെ നിയോഗിച്ചയച്ചു. ഇത് അല്ലാഹു, തന്റെ റസൂലിന് നൽകിയ പ്രത്യേകമായ ഉൾകാഴ്ച യുടേയും അവലോകന ശക്തിയു ടേയും വൈദഗ്ധ്യമാണ് കാണിക്കു ന്നത്.

ഇവർ മൂന്നു പേരും ബദർ താഴ്വരയിൽ റോന്ത് ചുറ്റാൻ തുടങ്ങിയപ്പോൾ, പെട്ടെന്നാണ് മക്ക ക്കാരായ കുറച്ച്പേർ ഒരു ഉറവയിൽ നിന്നും വെള്ളം പിടിക്കുന്നതായി കണ്ടെത്തിയത്. ഇവർ മൂന്നുപേരും അവരുടെ മേൽ ചാടി വീണു. അവർ പേടിച്ച് ജീവനുംകൊണ്ട് ഓടി രക്ഷപ്പെട്ടെങ്കിലും ഒരുനീഗ്രോ അടിമയെ പിടികൂടാൻ സാധിച്ചു. അവനേയും കൊണ്ട് ഇവർ റസൂലുള്ളായുടെ അടുക്കൽ വന്നു. റസൂൽ ആ സമയം നമസ്കരി ക്കുകയായിരുന്നത് കൊണ്ട് ഇവർ മൂന്നുപേരും ചേർന്ന് അവനെ ചോദ്യം ചെയ്യാൻ തുടങ്ങി. എവിടെ അബൂസുഫിയാന്റെ കച്ചവട സംഘം? അവർ എവിടെയാണ് തങ്ങിയീട്ടുള്ളത്? സംഘത്തിൽ എത്ര പേരുണ്ട്? തുടങ്ങിയവ യായിരുന്നു ചോദ്യങ്ങൾ. നമ്മുടെ സഹോദരന്മാരുടെ മുഴുവൻ ചിന്തയും ശ്രദ്ധയും ആദ്യം മുതൽ കച്ചവട സംഘത്തെ നേരിടണം എന്നതിലായിരുന്നുവല്ലോ. സൈന്യ ത്തെ കുറിച്ചുള്ള വിവരം ഇപ്പോഴാ ണ് എല്ലാവരും അറിഞ്ഞത്. എന്നി ട്ടും അതവരുടെ മനസ്സിൽ വേണ്ടത്ര പ്രാധാന്യത്തോടെ കയറിയതുമില്ല. ഈ പിടിക്കപ്പെട്ട അടിമ ഖുറൈശി കളുടെ സൈന്യത്തോടൊപ്പം വന്ന വനാണ്. അവന് യഥാർഥത്തിൽ കച്ചവടസംഘത്തെ കുറിച്ച് ഒന്നും അറിയില്ല. അത്കൊണ്ട് കച്ചവട സംഘത്തെ കുറിച്ച് എനിക്കൊന്നും അറിയില്ല എന്നും എന്നാൽ അബുൽഹികമും (അബൂജഹൽ) നേതാക്കളും ബദർ താഴ്വരയുടെ മറ്റെഭാഗത്തുണ്ടെന്നും അവൻ ഉത്തരംപറഞ്ഞു. പക്ഷേ, ഇവൻ കച്ചവടസംഘത്തെ കുറിച്ചുള്ള വിവരം മന:പൂർവം മറച്ച്വെക്കുക യാണെന്ന് കരുതി ഇവർ അവനെ മർദിക്കാൻ തുടങ്ങി. അടി കൊള്ളു മ്പോൾ പേടിച്ച് ഞാൻപറയാം, ഞാൻപറയാം എന്നവൻ പറയും. അടി നിർത്തിയാൽ ആദ്യം പറഞ്ഞത് തന്നെ വീണ്ടും പറയും. അപ്പോൾ ഇവർ അവനെ വീണ്ടും മർദിക്കാൻ തുടങ്ങും .

നമസ്കാരത്തിലായിരുന്ന അല്ലാഹുവിന്റെ റസൂൽ ഇവരുടെ ചോദ്യം ചെയ്യലും അടിമയുടെ ഉത്തരവും കേട്ട് വേഗം തന്നെ നമസ്കാരം പൂർത്തിയാക്കി കൊണ്ട്, ഇവനെ മർദിക്കരുതെന്ന് ആദ്യം കൽപിച്ചു. എന്നിട്ട് അല്ലാഹുവിന്റെ റസൂൽ അവരോട് പറഞ്ഞു, ഇവൻ സത്യം പറയുമ്പോൾ നിങ്ങളവനെ മർദി ക്കും എന്നിട്ട് കളവ് പറയാൻ നിർബന്ധിക്കുകയും ചെയ്യും അല്ലേ? പിന്നീട് അല്ലാഹുവിന്റെ റസൂൽ വളരെ സൗമ്യമായി അവനോട് ചോദിച്ചു, സൈന്യം ഇപ്പോൾ എവിടെയാണ് തമ്പടിച്ചിരി ക്കുന്നത്?

അടിമ: ബദർ താഴ്വരയുടെ മറ്റേ ഭാഗത്ത് ഒരു വലിയ മണൽ കുന്നിന് പുറകിലാണുള്ളത്.

റസൂൽ: സൈന്യത്തിൽ എത്ര പേരുണ്ട്?

അടിമ: ധാരാളം പേരുണ്ട്. ശരിയായ എണ്ണം എനിക്കറിയില്ല.

റസൂൽ: ശരി, സൈന്യത്തിന്റെ ഭക്ഷണത്തിനായി ഒരു ദിവസം എത്ര ഒട്ടകങ്ങളെ അറുക്കാറുണ്ട്?

അടിമ: കുറഞ്ഞത് 10 ഒട്ടകങ്ങളെ അറുക്കാറുണ്ട്.

ഇത് കേട്ട അല്ലാഹുവിന്റെ റസൂൽ ഞങ്ങളുടെ ഭാഗത്ത് തിരിഞ്ഞ് കൊണ്ട്, ആയിരം പേരിൽ കുറയാത്ത ആളുകളുണ്ട് എന്നാണ് ഇതിൽനിന്ന് മനസ്സിലാകുന്നത് എന്ന്പറഞ്ഞു. ഇത്വളരെ കൃത്യ മായ അനുമാനമായിരുന്നു.

വീണ്ടും റസൂൽ അവനോട് ചോദിച്ചു, ഖുറൈശികളിലെ പ്രധാന നേതാക്കളിൽ ആരൊക്കെ സൈന്യത്തോടൊപ്പം വന്നിട്ടുണ്ട്?

അടിമ: എല്ലാ പ്രധാനപ്പെട്ട നേതാ ക്കളും വന്നിട്ടുണ്ട്. അബുൽ ഹികം (അബൂജഹൽ), വലീദ്ബ്നു ഉത്ബ ത്ത്, മുത്ഇമുബ്നു അദീയ്യ്, ശയ്ബത്തുബ്നു റബീഅ്, ഉത്ബ ത്തിബ്നു റബീഅ്, ഉമയ്യത്തുബ്നു ഖലഫ്, നള്റുബ് നുൽ ഹാരിസ് തുടങ്ങിയ എല്ലാവരുടേയും പേര് അവൻ പറഞ്ഞു.

ഇത് കേട്ടപ്പോൾ അല്ലാഹുവി ന്റെ റസൂൽ ഞങ്ങളുടെ ഭാഗത്ത് തിരിഞ്ഞ് കൊണ്ട് പറഞ്ഞു, "ഹാദാ മക്കത ഖദ്അൽഖൈത്ത ഇലൈ ക്കും അഫലാ സക ബിദീഹാ, നിങ്ങൾക്ക് ഇനി എന്ത് വേണം? നിങ്ങളുടെ വാളിനിരയാകുന്നതി നായി മക്ക ഇതാ തന്റെ കണ്ണും കരളും ഹൃദയവും നിങ്ങളുടെ മുന്നിൽ നിരത്തിയിരിക്കുകയാണ്." അല്ലാഹുവിന്റെ റസൂലിന്റെ വളരെ ബുദ്ധിപരമായ ഒരു പ്രസ്താവന യാണിത്. എണ്ണത്തിലും വണ്ണത്തി ലും ആയുധങ്ങളിലും സജ്ജീകര ണങ്ങളിലും സ്വന്തം സൈന്യവു മായി ഒരു സാമ്യതയുമില്ലാത്ത ഒരുവൻ സൈന്യത്തിന്റെ മുൻനിര നേതാക്കളുടെ പേര് കേട്ട് പാവപ്പെട്ട മുസ്ലിം സൈന്യത്തിലെ അണികൾ ഞെട്ടിത്തരിച്ച് പോകരുത്, പരിഭ്രമി ച്ചു പോകരുത് എന്ന നിലക്കാണ് അല്ലാഹുവിന്റെ റസൂൽ ഇത് പറഞ്ഞത്. ഈ നേതാക്കളെ നമ്മുടെ വാളിന് ഇരയാകാൻ അല്ലാഹു അയച്ചതാണ്, പേടിക്കാ നില്ല എന്നധ്വനിയാണ് ഈ വാക്കു കളിൽ ഉണ്ടായിരുന്നത്. ഖുറൈശി കൾ എല്ലാം തീരുമാനിച്ചുറച്ച് കൊണ്ട് ഒരു നിർണായക യുദ്ധത്തിനാണ് വന്നിരിക്കുന്നത്. ഈ യുദ്ധത്തിലൂടെ മുസ്ലിമീങ്ങൾ ഭൂമിയിൽ ഉണ്ടാകരുത്. അതാണ അവരുടെ ലക്ഷ്യം. അല്ലെങ്കിൽ ഇത്ര വലിയ സന്നാഹത്തോടെ മുഴുവൻ നേതാക്കളും ഈ യുദ്ധത്തിൽ പങ്കെടുക്കേണ്ടതില്ലല്ലോ.

## അതുല്യരായ വൻ സൈന്യവും പാവം മുസ്ലിം സേനയും

ഖുറൈശികളുടെ സൈന്യവു മായി മുസ്ലിം സൈന്യത്തിന് യാതൊരുവിധ സാമ്യതയും

തുല്യതയും ഇല്ല. മുസ്ലിംങ്ങൾ 313 പേർ. ഖുറൈശികൾ അതിന്റെ മൂന്നിരട്ടി, അതായത് ആയിരത്തിൽ പരം. ഞങ്ങളുടെ പക്കലുള്ള രണ്ട് കുതിരകൾക്ക് പകരം അവരുടെ പക്കൽ ഇരുന്നൂറ് കുതിരകളാണു ള്ളത്. എഴുപത് ഒട്ടകങ്ങളാണ് ആകെ ഞങ്ങളുടെ പക്കൽ ഉണ്ടായിരുന്നത്. അതിന്റെ പത്തി രട്ടി, അതായത് എഴുന്നൂറ് ഒട്ടക ങ്ങളാണ് അവരുടെ പക്കൽ ഉള്ളത്. ആയുധങ്ങളുടെ കാര്യവും അങ്ങ നെതന്നെ. നല്ല ഗുണനിലവാരവും മേന്മഏറിയതുമായ ആയുധങ്ങളു ടെ ഒരു വൻശേഖരം അവരുടെ പക്കലുണ്ട്. ഞങ്ങളുടെ പക്കലാണെ ങ്കിൽ, ഒന്നാമതായി ആവശ്യത്തിനു ള്ള ആയുധങ്ങളില്ല. ഉള്ളത് തന്നെ ഗുണനിലവാരം വളരെകുറഞ്ഞത്. ഭൗതീകകണ്ണുകൾ കൊണ്ട് നോക്കു കയാണെങ്കിൽ ഖുറൈശികളാൽ നശിപ്പിക്കപ്പെടാനായി ഒരുങ്ങിപ്പുറ പ്പെട്ടവരാണ് ഞങ്ങൾ. പക്ഷേ പിന്നീടെന്തുണ്ടായി. ഞാൻ പറയാം നിങ്ങൾ കേൾക്കണം.

ബദർ താഴ്വര എത്തിയ ശേഷം മുസ്ലിം സൈന്യത്തെ അല്ലാഹുവിന്റെ റസൂൽ കുറെ സംഘങ്ങളും ഗണങ്ങളുമാക്കി തിരിച്ചു. മുഹാജിരീങ്ങളുടേയും അൻസാറുകളുടേയും പ്രത്യേകം പ്രത്യേകം സംഘങ്ങൾ. എല്ലാ സംഘങ്ങൾക്കും പ്രത്യേകം പ്രത്യേ കം സേനാനായകന്മാർ. വാളും പരിചയുമായി ഏത് ഗ്രൂപ്പാണ് മദ്ധ്യഭാഗത്ത് കൂടി മുന്നേറേണ്ടത്, അവരുടെ ഇരുവശവും ഏത് ഗ്രൂപ്പാണ് നിലയുറപ്പിക്കേണ്ടത്, അമ്പും വില്ലും പ്രയോഗിക്കുന്നവർ എവിടെ നിലയുറപ്പിക്കണം, പിന്ന ണിപ്പട എങ്ങനെ മുന്നേറണം തുടങ്ങി വളരെ പരിചയസമ്പന്ന നായ ഒരു സേനാ തലവനെ പോലെ അല്ലാഹുവിന്റെ റസൂൽ എല്ലാ ഒരുക്കങ്ങളും ചെയ്തു. ഞങ്ങളെ എല്ലാം പറഞ്ഞ് പഠിപ്പിച്ചു. അതു പോലെ ശത്രുക്കളുടെ പെട്ടെന്നുള്ള ആക്രമണം തടയാനും, അത്യാവ ശ്യം നേരിടുകയാണെങ്കിൽ മാത്രം ഉപയോഗിക്കാനുമായി ഒരു കരു തൽ സേനയേയും നിശ്ചയിച്ചു.

മുസ്ലിം സൈന്യം ആദ്യം സ്വന്തം താവളത്തിനായി കണ്ടെ ത്തിയ സ്ഥലം അത്ര നല്ലതായിരു ന്നില്ല. പിന്നീട് ഹുബാബ് ബിൻ മുൻസറിന്റെ അഭിപ്രായം സ്വീകരി ച്ചുകൊണ്ട് അല്ലാഹുവിന്റെ റസൂൽ ഖുറൈശി സേന തമ്പടിച്ചിരിക്കുന്ന മണൽ കുന്നിന് വളരെ സമീപ സ്ഥമായി അൽപം ഉയർന്ന ഒരു സ്ഥലം കയ്യടക്കി. അതോടെ വെള്ള ത്തിന്റെ ഉറവകൾ എല്ലാം തന്നെ മുസ്ലിമീങ്ങളുടെ അധീനത്തിലായി. പക്ഷേ ആ സ്ഥലം ഒരുമണൽ പ്രദേശമായിരുന്നു. സൈനീക നീക്കങ്ങൾക്ക് ആ സ്ഥലം ഒട്ടും സഹായകരമായിരുന്നില്ല. ഈ താവളത്തിന് അൽപം അകലെ ഔസ് ഗോത്രനേതാവായ സഅദ് ബിൻ മുആദും മറ്റ് ചില സഹോദ രന്മാരും ചേർന്ന് അല്ലാഹുവിന്റെ റസൂലിനായി ഒരു താൽക്കാലിക കുടിൽ കെട്ടിയുണ്ടാക്കി. അല്ലാഹു വിന്റെ റസൂലും അബൂബക്കറും അന്ന് രാത്രി ആ കുടിലിൽ കഴിച്ച് കൂട്ടി. കുറച്ചു പേർ അല്ലാഹുവിന്റെ റസൂലിന് കാവൽ നിന്നു. എല്ലാ വരും മാറിമാറി കുറച്ച് ഉറങ്ങി യെങ്കിലും അല്ലാഹുവിന്റെ റസൂൽ രാത്രി മുഴുവനും നമസ്ക്കാര ത്തിലും ദുആയിലും കഴിച്ച് കൂട്ടി. അന്ന് രാത്രി ശക്തമായ മഴ പെയ്തു. അതുകാരണം മണൽ പ്രദേശമായിരുന്ന ഞങ്ങളുടെ ഭാഗം നന്നായി ഉറക്കുകയും ഞങ്ങളുടെ ആശങ്ക നീങ്ങുകയും ചെയ്തു. അതോടൊപ്പം ശത്രുക്കൾ അധീന പ്പെടുത്തിയിരുന്ന ഉറച്ച സ്ഥലം ചളികെട്ടി വഴുവഴുപ്പുള്ളതായി മാറുകയും ചെയ്തു.

### സുവാദ് എന്ന യഥാർഥ പ്രേമി

പിറ്റേ ദിവസം റമളാൻ 17-ാം തീയതി (എ.ഡി 623 മാർച്ച് 14) വെള്ളിയാഴ്ചയായിരുന്നു. രാവിലെ എഴുന്നേറ്റ് എല്ലാവരും ഫജർ നമസ്കാരം നിർവഹിച്ചു. ശേഷം റസൂൽ, അല്ലാഹുവിന്റെ മാർഗ ത്തിൽ ജിഹാദ് ചെയ്യുന്നതിനെ കുറിച്ച് ഒരുചെറുപ്രസംഗം നടത്തി. അൽപം വെളിച്ചം വന്നപ്പോൾ അല്ലാഹുവിന്റെ റസൂൽ എല്ലാവരോ ടും യുദ്ധമുന്നണിയിലേക്ക് പോകു വാനായി ഒരുങ്ങിക്കൊണ്ട് വരി കളിൽ അണിനിരക്കാൻ പറഞ്ഞു. ഒരു അമ്പ് ഉപയോഗിച്ച് ആംഗ്യം കാണിച്ച് കൊണ്ട് എല്ലാവരോടും നേരെ നിൽക്കാൻ ആവശ്യപ്പെടുക യായിരുന്നു. വരിയിൽ നിന്ന് അൽപം മുന്നോട്ട് നിൽക്കുകയായി രുന്ന ഞങ്ങളിൽപ്പെട്ട സുവാദിന് വരിയിൽ നിൽക്കാൻ അല്ലാഹു വിന്റെ റസൂൽ, നിർദേശം കൊടുക്കു മ്പോൾ അബദ്ധത്തിൽ അമ്പിന്റെ മരപ്പിടിയുടെ ചെറിയൊരു ഭാഗം സുവാദിന്റെ നെഞ്ചിൽ തട്ടി. അയാൾ ഉടനെ തന്നെ റസൂലിനോട് പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ, അങ്ങയെ അല്ലാഹു നീതിയും ധർമ്മവും നൽകികൊണ്ട് അത് നടപ്പാക്കാനാണ് നിയോഗിച്ചിരിക്കു ന്നത്. അങ്ങ് അമ്പ് കൊണ്ട് അന്യായമായി എന്നെ തല്ലിയിരി ക്കുകയാണ്. നെഞ്ചിലാണു അടി കൊണ്ടത്. എനിക്ക് പകരം വീട്ടണം. സുവാദിന്റെ വാക്കുകൾ കേട്ട ഞങ്ങൾ അത്ഭുതപരതന്ത്രരായി. അല്ലാഹുവിന്റെ റസൂലിന്റെ സംരക്ഷണത്തിനായി ജീവൻ ത്യജിക്കാൻ തയ്യാറായി നിൽക്കുന്ന വരിൽപ്പെട്ട ഒരാളാണ് ഇങ്ങിനെ പറയുന്നത്. ഞങ്ങൾക്ക് വിശ്വസി ക്കാനാകുന്നില്ല. സുവാദിനെ പിന്തിരിപ്പിക്കാൻ കുറെ ശ്രമങ്ങൾ നടന്നു. റസൂലിന് പകരമായി സുവാദിന്റെ ഏത് ശിക്ഷയും ഏറ്റെടുക്കാൻ ഞങ്ങളെല്ലാവരും തയ്യാറായി. അതിന് സുവാദ് സമ്മതിക്കുന്നില്ല. അല്ലാഹുവിന്റെ റസൂൽ വളരെ സൗമ്യനായിക്കൊ ണ്ട്, സുവാദിന് എന്നോട് പകരം ചോദിക്കുവാനുള്ള അവകാശമു ണ്ടെന്ന് പറയുകയും അടിക്കാൻ കൽപിക്കുകയും ചെയ്തു. സുവാദ് പറഞ്ഞു, ''അങ്ങ് എന്നെ അടിച്ച പ്പോൾ എന്റെ ശരീരത്തിൽ ഉടുപ്പി ല്ലായിരുന്നു.'' ഞങ്ങളെല്ലാവരും ഒരക്ഷരം മിണ്ടാനാകാതെ ശ്വാസം പിടിച്ചിരിക്കുകയാണ്. റസൂൽ ഉടൻതന്നെ തന്റെ ഉടുപ്പ് മാറ്റി ക്കൊണ്ട് പറഞ്ഞു,''സുവാദ് ഇതാ

അടിച്ചോളൂ." സുവാദ് അങ്ങേയറ്റത്തെ സ്നേഹവായ്പ്പോടെ ആദരവോടെ അല്ലാഹുവിന്റെ റസൂലിനെ കെട്ടിപ്പിടിച്ച് തന്റെ ശരീരം റസൂലിന്റെ ശരീരവുമായി തട്ടിക്കുവാനും ഉരസുവാനും തുരുതുരാ ചുംബിക്കുവാനും തുടങ്ങി. ഇത് കണ്ട ഞങ്ങൾ അസൂയയോടെ നോക്കി നിന്നുപോയി. അല്ലാഹുവിന്റെ റസൂൽ ചോദിച്ചു, ''സുവാദ്, ഇതെന്താണ് നീ കാണിക്കുന്നത്?" സുവാദ് അങ്ങേയറ്റം വികാരഭരിതനായി ഇടറിയ ശബ്ദത്തോടെ പറഞ്ഞു,"അല്ലാഹുവിന്റെ റസൂലേ, നേരെ മുന്നിൽ ശത്രുക്കളാണുള്ളത്. ഒന്നിനും മടിക്കാത്ത ബദ്ധശത്രുക്കൾ. അവരുമായുള്ള ഈ യുദ്ധത്തിൽ ഞാൻ ഇവിടെനിന്ന് ജീവനോടെ തിരിച്ച് പോകുമോ, രക്തസാക്ഷിയായി ഇവിടെ ഈ മരുഭൂമിയിൽ മരിച്ച് വീഴുമോ എന്നെനിക്കറിയില്ല. എനിക്ക് ഇനി അങ്ങയുടെ ഈ സുന്ദര വദനം കാണുവാനും ഈ പൂമേനി സ്പർശിക്കാനും ചുംബിക്കുവാനുമുള്ള മഹാഭാഗ്യം ലഭിക്കുമോ എന്നും എനിക്കറിയില്ല. അത് അല്ലാഹുവിന് മാത്രമേ അറിയാവൂ. ഇനി അതിനുള്ള അവസരം ലഭിച്ചില്ലെങ്കിലോ എന്ന് കരുതിയാണ് ഞാൻ ഇങ്ങനെ ചെയ്തത്. അങ്ങ് എന്നോട് പൊറുക്കണം." ആ രംഗം കണ്ട ഞങ്ങളെല്ലാവരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി. സുവാദിനെ തെറ്റിദ്ധരിച്ചതിൽ ഞങ്ങൾക്കെല്ലാവർക്കും അങ്ങേയറ്റം ദു:ഖവും ലജ്ജയും തോന്നി, കൂടെ അസൂയയും.

## ശത്രുക്കളോട് പോലും അനുകമ്പ

ഞങ്ങളുടെ ഭാഗത്ത് നിന്നാൽ തന്നെ ശത്രുസൈന്യത്തെ ദൂരെ നിന്ന് കാണാം. പെട്ടെന്നാണ് അവരുടെ ഇടയിൽ ഒരു ഇളക്കമുണ്ടായത്. അവർ ഞങ്ങളുടെ ഭാഗത്തേക്ക് മുന്നേറുന്നതായി തോന്നി. അപ്പോൾ അല്ലാഹുവിന്റെ റസൂൽ ഇങ്ങനെ ദുആ ചെയ്യാൻ തുടങ്ങി. അല്ലാഹുവേ, അഹങ്കാരികളും ധിക്കാരികളുമായ ഇവർ നിന്റെദീനിനെ ഇല്ലാതാക്കാനാണ് വരുന്നത്. നീചെയ്ത വാഗ്ദാനമനുസരിച്ച് ഞങ്ങളെ സഹായിക്കേണമേ. ആ സമയം ഖുറൈശികളായ കുറച്ച്പേർ വെള്ളമെടുക്കുവാനായി ഞങ്ങൾ അധീനപ്പെടുത്തിയിരുന്ന ഉറവക്കരികിൽ വന്നു. ഞങ്ങളിൽ ചിലർ വെള്ളമെടുക്കാൻ സമ്മതിക്കാതെ അവരെ വിരട്ടാനായി ഓടി. എന്നാൽ റഹ്മത്തുൽ ലിൽ ആലമീനായ, കാരുണ്യ സാഗരമായ അല്ലാഹുവിന്റെ റസൂൽ പറഞ്ഞു, അരുത്, അവരെ തടയരുത്, അവർ വെള്ളമെടുത്ത് പൊയ്ക്കൊള്ളട്ടെ. ഞങ്ങളെ ഈഭൂമുഖത്ത് നിന്ന് തുടച്ചു നീക്കുവാനായി വന്നിരിക്കുന്ന ശത്രുക്കളോട് പോലും അല്ലാഹുവിന്റെ റസൂലിന്റെ നന്മയും കനിവും നിറഞ്ഞ പ്രതികരണമിതായിരുന്നു. അവർ വെള്ളമെടുത്ത് കൊണ്ട് തങ്ങളുടെ സംഘത്തിലേക്ക് തിരിച്ചു പോയി. (തുടരും)

## കടപ്പാട് & അവലംബം


1. സീറത്ത് ഖാത്തമുന്നബിയ്യീൻ By ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ)
2. സീറത്ത് സഹാബാ റസൂലുല്ലാഹ് (സ.അ) By മൗലവി മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്വ
3. ഹദ്റത്ത് ബിലാൽ (റ) By ഹസ്സൻ മുഹമ്മദ് ഖാൻ സാഹിബ്. റബ്വ.
4. ഹദ്റത്ത് ബിലാൽ (റ) By ഫരീദ് അഹ്മദ് നവീദ് സാഹിബ് റബ്വ.
5. താരീഖുൽ അമ്പിയാ, വ സഹാബ വൽ ഔലിയാ By അഹ്മദ് ഫൈസി സാഹിബ്.
6. സബറോ ഇസ്തിഖാമത്ത് കെ ശഹ്സാദെ By മൗലവി അബ്ദുസ്സമീഅ് ഖാൻ സാഹിബ് റബ്വ.
7. ദീപാച തഫ്സീറുൽ ഖുർആൻ By ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനീ (റ)
8. ഹദ്റത്ത് അസ്മ ബിൻത് അബീബക്കർ By താഹിറാ രിയാസ് സാഹിബ, കറാച്ചി
9. മസാമീൻ ഹദ്റത്ത് ഡോക്റ്റർ മീർ മുഹമ്മദ് ഇസ്മയീൽ സാഹിബ് (റ) വാല്യം 5
10. സീറത്ത് റസൂൽ ഹിജ്റത്ത് സെ വിസാൽ തക് By അമതുൽ ബാരി നാസ്സിർ സാഹിബ, കറാച്ചി
11. ഹമാരാ ആക്കാ By ശേഖ് മുഹമ്മദ് ഇസ്മായീൽ സാഹിബ് പാനിപതി.
12. മീഡിയ ലൈബ്രറി ... അൽ ഇസ്ലാം ഡോട് ഓർഗ്
13. അൽ ഫസൽ ഉറുദു ദിന പത്രങ്ങൾ റബ്വ


---

**പേജ് 15 ൽ നിന്ന് തുടർച്ച**

ക്ക് സത്യം ചെയ്യാൻ സാധിക്കുമോ? അൽപ്പസ്വൽപ്പം പരീക്ഷണം നേരിടേണ്ടി വന്നാൽ തന്നെ പരിഭ്രാന്തിയുണ്ടാകുന്നു. അവസാനം അല്ലാഹുവിനെക്കുറിച്ചു തന്നെ പരാതിപ്പെടാൻ തുടങ്ങുന്നു. അത്തരക്കാർ അല്ലാഹുവിന്റെ പക്കൽ ഒരിക്കലും മുസൽമാൻ എന്ന് പറയപ്പെടാവുന്നതല്ല. നിങ്ങളുടെ മാതൃക ഹദ്റത്ത് റസൂൽ തിരുമേനി (സ) യുടെ സഹാബാക്കളുടേത് പോലെ യായിരിക്കണം. നിങ്ങളുടെ പ്രവർത്തികളിലും കർമങ്ങളിലും ആത്മാർഥതയുണ്ടായിരിക്കണം. പ്രകടനാത്മകതയും കൃത്രിമത്വവും ഉണ്ടാകാൻ പാടുള്ളതല്ല. ആരെങ്കിലും തങ്കത്തിന് പകരം പിത്തളയുമെടുത്ത് അങ്ങാടിയിൽ പോകുകയാണെങ്കിൽ ഉടനെ അവൻ പിടിക്കപ്പെടുന്നു. അവസാനം താൻ ചെയ്ത വഞ്ചനകൾക്ക് ജയിലിൽ കിടക്കേണ്ടിവരുന്നു. അതേ പ്രകാരം ദൈവസന്നിധിയിൽ വഞ്ചന നടപ്പില്ല. മനുഷ്യനെ വഞ്ചിക്കാൻ സാധിക്കും. അല്ലാഹുവിനെ വഞ്ചിക്കാൻ സാധിക്കില്ല. അല്ലാഹു തന്റേതും താൻ അല്ലാഹുവിന്റേതും ആയി തീരാൻ ആഗ്രഹിക്കുന്ന ആൾ ദൈവത്തിന്റെ വഴിയിൽ ഒന്നുമില്ലാത്തവനായി തീരേണ്ടതാണ്. നിങ്ങൾ വ്യാപാരം ചെയ്യുന്നതിന്റേയോ കൃഷിചെയ്യുന്നതിന്റേയോ ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിന്റേയോ ജീവസന്ധാരണത്തിനുള്ള മാർഗങ്ങളേയോ ഞാൻ വിരോധിക്കുന്നു എന്ന് നിങ്ങൾ കരുതരുത്. എന്റെ ഉദ്ദേശ്യം അതല്ല. ***(മൽഫൂസാത്ത്.വാ,9, പേജ് 101-120)***

കുറിപ്പുകൾ

# സ്വകാര്യത മൗലികാവകാശം

**മുസാഫിർ**

സ്വകാര്യത ഇന്ത്യൻ പൗരന്റെ മൗലികാവകാശമാണെന്ന സുപ്രീം കോടതിയുടെ 9 അംഗ ഭരണഘടനാബഞ്ചിന്റെ വിധി, ഇന്ത്യയുടെ ജുഡീഷ്യൽ ചരിത്രത്തിൽ നിർണായകമായ ഒന്നാണ്. സ്വകാര്യത ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണെന്നും ഇത്തരം അവകാശങ്ങൾ ഭൂരിപക്ഷത്തിന്റെ തീരുമാനം കൊണ്ട് തിരുത്താൻ സാധ്യമല്ലെന്നും കോടതി നിരീക്ഷിക്കുന്നു. ഈ നിരീക്ഷണം വിധിയെ കൂടുതൽ ഗൗരവതരമാക്കുന്നു. ഭരണകൂടവുമായി ബന്ധപ്പെട്ട വ്യക്തിയുടെ ജീവിതത്തിന്റെ സമസ്ത മേഖലയിലും ഗുണപരമായ പ്രതിചലനങ്ങൾ സൃഷ്ടിക്കാനുതകുന്ന മഹത്തായ ഒരു വിധിയായി ഇത് കണക്കാക്കപ്പെടുന്നു. പൗരനും അധികാരമൂർത്തമായ സ്റ്റേറ്റും തമ്മിലുണ്ടാകുന്ന സംഘർഷത്തിൽ വ്യക്തിയെ ശക്തിപ്പെടുത്തുന്നതും അതേസമയം സന്തുലനാത്മകവുമാണ് ഈ വിധി. ജനാധിപത്യത്തിന്റെ വിജയം നിലകൊള്ളുന്നത് വ്യക്തികളുടെ പരിപൂർണ വികസനത്തിലും വളർച്ചയിലും വ്യക്തിയുടെ കഴിവിന്റെ പ്രകാശനത്തിലുമാണ്. നമ്മുടെ ഭരണഘടന തന്നെ വ്യക്തിയെ അടിസ്ഥാനമാക്കിയുള്ളതാണെന്ന ഉദാര വീക്ഷണവും ഈ സുപ്രീം കോടതി വിധിയിലൂടെ പ്രകടമാവുന്നു. വ്യക്തിയുടെ ആവിഷ്ക്കാര സ്വാതന്ത്ര്യം, ലൈംഗിക സ്വാതന്ത്ര്യം, ഭക്ഷണ സ്വാതന്ത്ര്യം, വ്യക്തിനിയമം സംരക്ഷിക്കാനുള്ള സ്വാതന്ത്ര്യം, ഫോൺ ചോർത്തലിനെതിരെയുള്ള സുരക്ഷ , ഗർഭഛിദ്രം, ദയാ വധം മുതൽ ആധാർ കാർഡ് വരെയുള്ള നാനാവിധത്തിലുള്ള വിഷയങ്ങൾ ഈ വിധിയുടെ പരിധിയിൽ വരുന്നു.

സ്വകാര്യത മൗലികാവകാശമായി വരുമ്പോൾ അത് ആത്യന്തികമായി പരിധിയില്ലാത്തതോ നിയന്ത്രിക്കാൻ പാടില്ലാത്തതോ അല്ല എന്ന് അർഥമില്ല. ഉദാഹരണത്തിന് നഗ്നത, രതിവൈകൃതം, ആത്മഹത്യ, ദയാവധം, അകാരണമായ ഗർഭഛിദ്രം എന്നിവയെ സംബന്ധിച്ചുള്ള പരിധിവിട്ട സ്വകാര്യ ഇഷ്ടങ്ങൾ അവകാശങ്ങളായി കരുതാനാവില്ല. അതെല്ലാം ഉചിതജ്ഞതയോടെയുള്ള നിയന്ത്രണം അർഹിക്കുന്നത് തന്നെയാണ്. പക്ഷേ അത്തരം നിയന്ത്രിക്കപ്പെടേണ്ട കാര്യങ്ങൾ എണ്ണത്തിൽ വളരെ കുറവും പ്രാന്തീയവുമാണ്. അത്തരം നിയന്ത്രണങ്ങളുടെ സാധ്യതകളെ പൊതുവത്ക്കരിച്ച് അതിന്റെ മറവിൽ സ്വകാര്യതയെ പൂർണമായും സ്റ്റേറ്റിന്റെ നിയന്ത്രണത്തിന് വിധേയമാക്കണം എന്ന് വാദിക്കുന്നവരുണ്ട്. അത് എതിർക്കപ്പെടേണ്ടതാണ്. സ്വകാര്യത ഏത് വിധേനയും പരിരക്ഷിക്കുക എന്നതായിരിക്കണം സ്റ്റേറ്റിന്റെ ചുമതല. സദാചാരത്തേയും ആരോഗ്യത്തേ യും ബാധിക്കുന്ന ഒറ്റപ്പെട്ട കാര്യങ്ങൾ സുചിന്ത്യമായ നിയമങ്ങൾ നിർമിച്ച് നിയന്ത്രിക്കുകയാണ് വേണ്ടത്. ഒറ്റപ്പെട്ട സംഗതികളെ പൊതുവത്ക്കരിച്ച് വ്യക്തിയുടെ സ്വകാര്യതയെ നിയന്ത്രിക്കാനും അതിലേക്ക് കടന്നുകയറാനും ഭരണകൂടത്തിനാകില്ല.

പൗരനെതിരെ അധികാരസാന്ദ്രമായ സ്റ്റേറ്റിനെ ശക്തിപ്പെടുത്തുക എന്നത് ജനാധിപത്യ വിരുദ്ധവും ഫാസിസ്റ്റ് പ്രവണതയുള്ളതുമായ ഒരു സമീപനമാണ്. സ്റ്റേറ്റിനെ ശക്തിപ്പെടുത്തുക എന്നത് മത രാഷ്ട്ര മൗലിക വാദികൾക്കും മതതീവ്രവാദികൾക്കും ഇഷ്ടപ്പെട്ട ഒരു വിഷയമാണ്. പഴയ കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ വ്യക്തി സ്വാതന്ത്ര്യത്തിന്റെയും വ്യക്തിയുടെ സ്വകാര്യതയുടെയും അഗ്നികുണ്ഡമായിരുന്നു. സ്റ്റേറ്റിന്റെ സമഗ്രാധിപത്യത്തിന് കീഴിൽ വ്യക്തി നിസ്സാരനും നിസ്സഹായനുമായിരുന്നു. ഇസ്‌ലാമിക മതാധിപത്യ രാഷ്ട്രങ്ങളിലും സ്ഥിതി ഇതു തന്നെയാണ്. എല്ലാ മതനിയമങ്ങളും വ്യക്തികൾ സ്വയേച്ഛയോടെ പാലിക്കേണ്ടതാണ്. സ്റ്റേറ്റ് മതത്തിന്റെ കൂടെനിന്ന് അത് അടിച്ചേൽപ്പിക്കാൻ ശ്രമിക്കരുത്. 'ലാഇക്റാഹ ഫിദ്ദീൻ' മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല എന്ന വളരെ വ്യാപകമായ അർഥധ്വനികളുള്ള ഈ ഖുർആനിക സുവർണ സൂക്തം അധികാരബലം ഉപയോഗിച്ച് വ്യക്തിയെ അധീനരാക്കിവെക്കുന്നതിനെ തടയുന്നു.

സ്വകാര്യത മൗലികാവകാശമല്ല എന്നും സാധാരണ നിയമം മുഖേന നിലവിൽ വന്ന അവകാശമാണെന്നുമായിരുന്നു കേന്ദ്ര സർക്കാരിന്റെ വാദം. സുപ്രീം കോടതിവിധി വന്നതോടെ സ്വകാര്യതയെ സംബന്ധിച്ച അവ്യക്തതകളെല്ലാം ഏറെക്കുറെ നീങ്ങുമെന്ന് പ്രതീക്ഷിക്കാം. അധികാരമൂർത്തമായ സ്റ്റേറ്റുമായി താരതമ്യം ചെയ്യുമ്പോൾ വ്യക്തിയെയും അവന്റെ സ്വാതന്ത്ര്യത്തേയും അന്തസ്സിനേയും ഔന്നത്യത്തേയുമാണ് സുപ്രീം കോടതി ഉയർത്തിപ്പിടിച്ചത്. സ്വകാര്യത ദൈവലബ്ധവും ജന്മാവകാശം പോലെ അവനിൽ അന്തർഹിതവുമാണ്.

ഭരണഘടന അത് കണ്ടുപിടിച്ച് വെളിപ്പെടുത്തി എന്നേയുള്ളൂ. അതുകൊണ്ട് സ്വകാര്യത ഭരണഘടനയുടെ പരിരക്ഷ അർഹിക്കുന്നതാണ് എന്നാണ് വിധിയുടെ അന്തസത്ത. വ്യക്തിയുടെ സ്വകാര്യത മൗലികാവകാശമായതിനാൽ അതിനെ നിയന്ത്രിക്കുന്ന എന്തെങ്കിലും നിയമം സ്റ്റേറ്റ് നിർമിക്കുന്നുവെങ്കിൽ അത് നിയമനിർമാണ സഭകളിലൂടെ ജനപ്രതിനിധികളുടെ സൂക്ഷ്മമായ ചർച്ചയിലൂടെ ആവിഷ്ക്കരിക്കേണ്ടതാണ്. മൗലികാവകാശമായതിനാൽ അതിൽ അപാകങ്ങളുണ്ടെങ്കിൽ കോടതികളിൽ ചോദ്യം ചെയ്യാവുന്നതുമാണ്.

ആധുനിക ഡിജിറ്റൽ യുഗത്തിൽ വ്യക്തിയുടെ അനേകം വിവരങ്ങൾ അടങ്ങിയ ഡാറ്റാ ശേഖരം സ്റ്റേറ്റിനും മറ്റുള്ളവർക്കും പ്രാപ്യവും ലഭ്യവുമാണ്. ഈ അവസ്ഥ വ്യക്തിയുടെ സ്വകാര്യതക്ക് ഭീഷണിയും അവനെ അരക്ഷിതനും ആശങ്കാകുലനുമാക്കുന്നു. ആധാർ കാർഡ് സ്കീമിന്റെ ഭാഗമായി ശേഖരിക്കപ്പെടുന്ന ബയോമെട്രിക് അടക്കമുള്ള വിവരങ്ങൾ സ്വകാര്യതയിലേക്കുള്ള കടന്നു കയറ്റമാണ് എന്ന പരാതിയാണ് ഈ വിധിക്ക് കാരണമായ കേസിന്റെ തുടക്കം. സ്വകാര്യത മൗലികാവകാശമാണ് എന്ന വിധി പുറപ്പെടുവിച്ച സുപ്രീം കോടതി, ഇനി ആധാറിന്റെ സാധുത ഭരണഘടനയുടെ അടിസ്ഥാനത്തിൽ പരിശോധനക്ക് വിധേയമാക്കും. സർക്കാറിന്റെ പല ക്ഷേമ പദ്ധതികൾക്കായി ആധാർ നിർബന്ധമാക്കുന്നത് പുനപരിശോധനക്ക് വിധേയമാക്കേണ്ടി വരും. അത് പോലെ ഡി എൻ എ പരിശോധനക്കും നിയന്ത്രണം വരും. കുറ്റവാളികൾ നിർവഹിക്കുന്ന ആവർത്തിച്ചുള്ള കുറ്റങ്ങൾ കണ്ടുപിടിക്കുന്നതിനായി രാജ്യത്തെ ക്രിമിനലുകളുടെ ഡി എൻ എ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്ന ഒരു ഡി എൻ എ ഡാറ്റാ ബാങ്ക് സ്ഥാപിക്കാനുള്ള പണിപുരയിലായിരുന്നു കേന്ദ്ര ഗവൺമെന്റ്. അതിനായി ഒരു ഡി എൻ എ പ്രൊഫൈലിംങ്ങ് ബില്ലിന് രൂപം കൊടുത്തുകൊണ്ടിരിക്കുകയായിരുന്നു. ഈ ബില്ല് വ്യക്തിയുടെ സ്വകാര്യതയെ ഭഞ്ജിക്കുന്ന ഭരണഘടനാ വിഷയമാകുന്നതിനാൽ ഡി എൻ എ പ്രൊഫൈലിംങ്ങ് ബില്ലിന്റെ ഗതിയും കണ്ടറിയണം.

ഇതിന് മുമ്പ് രണ്ട് തവണ സ്വകാര്യത മൗലികാവകാശമല്ല എന്ന വിധി സുപ്രീം കോടതിയിൽ നിന്ന് ഉണ്ടായിട്ടുണ്ട്. ആ വിധിയെ റദ്ദ് ചെയ്യുന്നതാണ് ഇപ്പോഴത്തെ സുപ്രീം കോടതി വിധി. നിയമത്തിൽ അഗാധപാണ്ഡിത്യവും നീതിയെ സംബന്ധിച്ച് സൂക്ഷ്മമായ അവബോധവുമുള്ള ഭരണ ഘടനാ ബഞ്ചാണ് സ്വകാര്യത മൗലികാവകാശമാണെന്ന ഇപ്പോഴത്തെ വിധി പുറപ്പെടുവിച്ചിരിക്കുന്നത്. അധികാരത്തിന്റെ തണലിലിരുന്ന് ഒരു വ്യക്തിയെ അയാളറിയാതെ സദാ പിന്തുടരുന്നതും ജാഗ്രതയോടെ നിരീക്ഷിക്കുകയും ചെയ്യാൻ (സർവിയലൻസ്) പാടുള്ളതല്ല. മറ്റുള്ളവർക്ക് ദ്രോഹകരമല്ലാത്ത ഒരാളുടെ സ്വകാര്യതകളിലേക്ക് സ്റ്റെയിറ്റോ മറ്റു സ്ഥാപനങ്ങളോ അപര വ്യക്തികളോ ചുഴിഞ്ഞ് നോക്കുകയും ഒളിഞ്ഞു നോക്കുകയും തുറിച്ചു നോക്കുന്നതും രഹസ്യങ്ങൾ അറിയാൻ ശ്രമിക്കുകയും ചെയ്യുന്നത് ഇനി മുതൽ ഭരണഘടനാ പരമായി ക്രിമിനൽ കുറ്റം കൂടിയാണ്. ഇസ്‌ലാം വ്യക്തിയുടെ അന്തസ്സും അഭിമാനത്തിനും വളരയേറെ വിലകൽപ്പിക്കുന്ന മതമാണ്. സമുന്നതമായ ഇന്ത്യൻ ഭരണഘടനയുടെയും സാർവ ദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിലേയും സ്വകാര്യത സംബന്ധിച്ച അന്തസത്ത ഏറെക്കുറെ ഉൾക്കൊള്ളുന്ന മതമാണ് ഇസ്‌ലാം.

പരമകാരുണികനായ അല്ലാഹുവിന്റെ ഒരു ഗുണനാമം മറച്ചു വെക്കുന്നവൻ (സത്താർ) എന്നാണ്. അല്ലാഹുവിന്റെ ഇത്തരം ഗുണങ്ങൾ മനുഷ്യന്റെ പരിധിയിൽ നിന്ന് കൊണ്ട് സ്വായത്തമാക്കുകയാണ് മനുഷ്യന്റെ ജീവിതോദ്ദേശ്യം. മറച്ചുവെക്കപ്പെട്ട വ്യക്തിയുടെ കുറവുകളും കുറ്റങ്ങളും ചുഴിഞ്ഞു നോക്കുന്നതും അതിന് ശ്രമിക്കുന്നതും അയാൾക്കെതിരെ ചാരപ്രവർത്തനം നടത്തി അയാളുടെ രഹസ്യങ്ങൾ പരസ്യമാക്കുന്നതും അങ്ങേയറ്റം ജുഗുപ്സാവഹമായകാര്യവും പാപകൃത്യവുമായാണ് ഇസ്‌ലാം കാണുന്നത്. സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സാധാരണ നിലയിൽ അതിന് അധികാരമില്ല. വിശുദ്ധ ഖുർആൻ ഇത് സംബന്ധിച്ച് നൽകുന്ന ഉപദേശം ശ്രദ്ധേയമാണ് ***'വലാ തജസ്സസൂ' നിങ്ങൾ അന്യനെ ഒളിഞ്ഞുനോക്കരുത്. (ചാരവൃത്തി അരുത്) (49:13)*** അന്യരുടെ രഹസ്യങ്ങൾ അറിയാനുള്ള പ്രവണതയെ അത്രമാത്രം നികൃഷ്ടമായ ഒരു കാര്യമായാണ് ഇസ്‌ലാം കാണുന്നത്. റസൂൽ തിരുമേനി(സ)യുടെ ഒരു വചനം നോക്കൂ. ***'വിശ്വാസികളേ അനുവാദം ചോദിക്കാതെയും അകത്തുള്ളവരെ അഭിവാദ്യം ചെയ്യാതെയും നിങ്ങളുടെതല്ലാത്ത വീടുകളിൽ നിങ്ങൾ പ്രവേശിക്കരുത്. അതാണ് നിങ്ങൾക്ക് ഗുണകരമായത്. നിങ്ങൾ എപ്പോഴും ഓർമിക്കാൻ വേണ്ടിയാണ് ഈ ഉപദേശം.' (24:28) മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം: ഹുസൈൻ ബിൻ സുറബിലിൽ നിന്ന് നിവേദനം. ഒരാൾ റസൂൽ തിരുമേനി(സ)യെ കാണാൻ വന്നു. വീട്ടിൽ കയറുന്നതിന് മുമ്പായി അനുവാദത്തിനായി വാതിലിന്റെ മുന്നിൽ തന്നെ അയാൾ നിന്നു. റസൂൽ തിരുമേനി (സ) അയാളോട് പറഞ്ഞു: 'വശത്തോട്ട് മാറി നിൽക്കുക, അങ്ങനെ പറഞ്ഞതിന്റെ ഉദ്ദേശ്യം വീട്ടിനകത്തേക്കുള്ള നോട്ടം ഒഴിവാക്കാനായിരുന്നു.' (അബൂദാവൂദ്) 'ഒരാൾ ഒരു വീട്ടിൽ ആളുണ്ടായിക്കെ എത്തിനോക്കുകയാണെങ്കിൽ അയാളുടെ കണ്ണിന് കുത്താവുന്നതാണ്.' (മുസ്‌ലിം) 'ഒരാൾ അയാളുടെ അനുവാദമില്ലാതെ തുറിച്ചു നോക്കുകയാണെങ്കിൽ***

*അയാളെ കല്ലെടുത്തെറിയുകയോ കണ്ണിന് അടിക്കുകയോചെയ്യാം.' (മുസ്‌ലിം)*

മനുഷ്യ സൃഷ്ടിയായി ജനിച്ചു വീഴുന്ന ഓരോ മനുഷ്യനും വർഗ വർണ ഗോത്ര ഭാഷാ മത വ്യത്യാസമില്ലാതെ അന്തസ്സാർന്നവനും ബഹുമാനിതനുമാണെന്നത് റസൂൽ തിരുമേനി(സ) യുടെ പാഠമാണ്. തന്റെ ജീവിത ദൗത്യം പൂർത്തിയാക്കിയതിന്റെ പരിസമാപ്തി കുറിച്ചുകൊണ്ട് നടത്തിയ വിടവാങ്ങൽ പ്രസംഗത്തിൽ വ്യക്തിയുടെ അന്തസ്സും സ്വകാര്യതയും അലംഘനീയമാണെന്ന സന്ദേശമാണ് അവിടുന്ന് നൽകിയത്. റസൂൽ തിരുമേനി(സ) പറഞ്ഞു: ***'ജനങ്ങളെ, ഞാൻ പറയുന്നത് ശ്രദ്ധിച്ചു കേൾക്കുക! എന്തെന്നാൽ ഇതിന് ശേഷം ഈ സ്ഥലത്ത് നിങ്ങളെ വീണ്ടും കണ്ടുമുട്ടുവാനുള്ള സന്ദർഭം കിട്ടുമോ എന്ന് എനിക്കറിയില്ല. ഇന്നത്തെ ദിവസം ഏതാണെന്ന് നിങ്ങൾക്കറിയുമോ? ഇന്ന് യൗമുന്നഹ്ർ -ഖുർബാനി അർപ്പിക്കുന്ന പുണ്യമാസമാണ്. ഈ സ്ഥലം ഏതാണെന്ന് നിങ്ങൾക്കറിയുമോ? ഇത് പുണ്യ നഗരമാണ്. ആകയാൽ ഈ പുണ്യ ദിവസം പോലെ ഈ പുണ്യനഗരം പോലെ നിങ്ങളുടെ ജീവനും സ്വത്തും നിങ്ങളുടെ മാനവും നിങ്ങളുടെ ഇടയിൽ അലംഘനീയമായ പരിശുദ്ധ വസ്തുക്കളാണെന്ന് ഞാൻ നിങ്ങളെ ഉപദേശിക്കുന്നു...... ജനങ്ങളെ, നിങ്ങളുടെ ദൈവം ഏകനാകുന്നു. നിങ്ങളുടെ ആദി പിതാവും ഒരാളാണ്. നിങ്ങളെല്ലാം ആദമിന്റെ മക്കളാണ്. ആദമാകട്ടെ മണ്ണിൽ നിന്ന് സൃഷ്ടിക്കപ്പെട്ടവനും. ദൈവത്തിങ്കൽ ഉത്തമൻ നിങ്ങളിൽ ഏറ്റവും ഭയഭക്തിയുള്ളവനാണ്. ഒരു അറബിക്ക് അനറബിയേക്കാൾ ശ്രേഷ്ഠതയില്ല. അതുപോലെ അറബിയല്ലാത്തയാൾക്ക് അറബിയേക്കാളും ശ്രേഷ്ഠതയില്ല. ദൈവ ഭക്തിയാണ് ഉയർച്ചയുടെ മാനദണ്ഡം. (ഹജ്ജത്തുൽ വിദാഅ്)***

**പേജ് 20 ൽ നിന്ന് തുടർച്ച**

നീട്ടിയിരിക്കുന്നതു കാണുമ്പോൾ ആശ്ചര്യം തോന്നുന്നു. ഇത് അശ്രദ്ധയുടെയും അലസതയുടെയും സമയമല്ല എന്നാണ് എനിക്ക് അത്തരം ആളുകളോട് പറയാനുള്ളത്. വിശ്രമം കൊള്ളേണ്ട നേരവുമല്ല. മറിച്ച്, പ്രവർത്തിക്കേണ്ട സമയമാണിത്. ഈ പ്രവൃത്തി ചെയ്യുമെന്ന് നിങ്ങൾ പലവട്ടം വാഗ്ദാനം ചെയ്തിട്ടുള്ളതുമാണ്. ആ വാഗ്ദാനം നിറവേറ്റുന്നതിലേക്കാണ് ഞാൻ നിങ്ങളുടെ ശ്രദ്ധ തിരിക്കുന്നത്. ആയതിനാൽ അശ്രദ്ധയും അലസതയുമുള്ളവർ അതുപേക്ഷിക്കട്ടെ. വിജയം നിങ്ങളുടെ വാതിൽക്കൽ വന്നു നില്ക്കുകയാണ്. ആ വിജയം ഒന്നുകിൽ നബി(സ) തിരുമേനിയുടെ കാലത്തുണ്ടായതോ അല്ലെങ്കിൽ ഇനിയുണ്ടാകാൻ പോകുന്നതോ ആയിരിക്കും. നബി(സ) തിരുമേനിയോട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ,ഞങ്ങളാണോ ശ്രേഷ്ഠർ അതോ മസീഹിന്റെ അനുയായികളോ?'' തിരുമേനി പറഞ്ഞു: "എനിക്കറിയില്ല." സഹാബാക്കൾക്ക് ലഭിച്ച അനുഗ്രഹങ്ങളെക്കുറിച്ച് പറയേണ്ട ആവശ്യമില്ലല്ലോ. ഓരോ മുസ്‌ലിമിനും അതിനെപ്പറ്റി നന്നായി അറിയാം. അവർക്ക് ലഭിച്ച അതേ അനുഗ്രങ്ങൾ നിങ്ങൾക്കും ലഭിക്കാം. കാരുണ്യത്തിന്റെ കവാടങ്ങൾ നിങ്ങൾക്കായി തുറക്കപ്പെട്ടിരിക്കുന്നു. അനുഗ്രഹത്തിന്റെ നീരുറവ ഒഴുകുകയാണ്. എന്നാൽ, ദൈവകാരുണ്യത്തിന്റെ മഴത്തുള്ളികൾ വർഷിക്കുന്നിടത്ത് തന്നെയാണ് തീയും വർഷിക്കപ്പെടുന്നത്. ഏതിന്റെ കീഴിലാണോ അവനവനെ കൊണ്ടു വരുന്നത് അതായിരിക്കും വർഷിക്കുക. നമ്മുടെ ജമാഅത്തിലെ ആളുകൾ അഗ്നിയെ വിട്ട് നീരുറവയിലേക്ക് വന്ന് തങ്ങളെ അതിനു കീഴിൽ കൊണ്ടു വരേണ്ടതാണ്. മറ്റുള്ളവരുടെ ഹൃദയങ്ങളെ ജയിച്ചടക്കാൻ സ്വയം ഉള്ളിലൊരു പരിവർത്തനം ഉണ്ടാക്കുക. വളരെ പ്രയാസകരമായ ജോലിയാണിത്.

തന്റെയുള്ളിൽ പ്രത്യേക മാറ്റം ഉണ്ടാക്കിയെടുക്കുന്നതു വരെ അതു സംഭവിക്കുക സാധ്യമല്ല.

## ലാഹോറിലെ ജമാഅത്തിനോട്

ലാഹോറിലെ ജമാഅത്ത് പ്രത്യേകിച്ചും ഇക്കാര്യത്തിലേക്ക് ശ്രദ്ധ തിരിക്കേണ്ടതാണ്. കാരണം, ഖാദിയാന് ശേഷം ജമാഅത്തിന് ഒരു കേന്ദ്രം സാധ്യമെങ്കിൽ അത് ലാഹോർ തന്നെയാണ്. നാനാ ഭാഗത്തു നിന്നും ജനങ്ങൾ വന്നു താമസിക്കുന്നത് അവിടെയാണ്. അതുകൊണ്ട് ഖാദിയാനു ശേഷം ഈ പ്രദേശത്തിനു മാത്രമേ പ്രബോധനകാര്യങ്ങളിൽ സഹായിയായി വർത്തിക്കാൻ കഴിയൂ. കാരണം, എല്ലാ ഭാഗത്തു നിന്നും ജനങ്ങളിവിടെ ഒരുമിച്ചു ചേർന്ന് പിന്നീട് ഇവിടെ നിന്നാണ് ലോകം മുഴുവനും വ്യാപിക്കുന്നത്. അതുകൊണ്ട് തന്നെ ഇവിടത്തെ ജമാഅത്തിന്റെ ഉത്തരവാദിത്വവും വളരെയധികം വർധിക്കുന്നുണ്ട്. പക്ഷേ, അലംഭാവം കാണിക്കുന്നതിലും അവർ മുന്നിട്ടു നില്ക്കുന്നതായിട്ടാണ് ഞാൻ കാണുന്നത്. ഇതിനു കാരണം അവരിൽ ആത്മാർഥതയില്ലാത്തു കൊണ്ടല്ല. ഒരു വലിയ അളവോളം അവർ ആത്മാർഥരാണ്. പക്ഷേ, മൊത്തമായ നിലയിൽ യോജിച്ചു കൊണ്ട് അവർ പ്രവർത്തിക്കുന്നില്ല. ഓരോത്തരും വേറെ വേറെ പ്രവൃത്തികളാണ് ചെയ്യുന്നത്. അതുകൊണ്ട് ഞാൻ ഉപദേശിക്കുകയാണ്, ഏറ്റവും ആദ്യം സ്വന്തം ഹൃദയത്തെയും കർമത്തെയും ശുദ്ധീകരിക്കുക. ശേഷം നിങ്ങളുടെ ഉത്തരവാദിത്വങ്ങളിലേക്ക് നോക്കുക. നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ പൂർണമായി നിർവഹിക്കാൻ കഴിഞ്ഞാൽ അനുഗ്രഹങ്ങൾ കരസ്ഥമാക്കാനുള്ള കവാടങ്ങൾ നിങ്ങൾക്കു വേണ്ടി തുറക്കപ്പെട്ടിരിക്കുന്നുവെന്ന് തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക. ഇസ്‌ലാമിനും അഹ്മദിയ്യത്തിനും വേണ്ടി ഒരുപാട് പ്രവർത്തിക്കാനുള്ള സൗഭാഗ്യം അല്ലാഹു നിങ്ങൾക്കെല്ലാം നല്കുമാറാകട്ടെ.

Published on 7.09. 2017
Pages 44
Vol: 89 Issue. 9
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment
The Sathyadoothan Monthly




mta INTERNATIONAL

Muslim Television Ahmadiyya International



mta INTERNATIONAL
www.mta.tv

YouTube | mta INTERNATIONAL
www.youtube.com/mtaonline1

www.alislam.org

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി
കൂടുതൽ അറിയാൻ ബന്ധപ്പെടുക

1800 425 2020 Toll Free (9 am to 9 pm)